കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാവേലിക്കര മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /എ.എൽ.പി/ജി.എ8/134/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മാവേലിക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസ് മുഖേന)
ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയം ഭരണ വകുപ്പ് , ആലപ്പുഴ ജില്ല)
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ /എ.എൽ.പി/ജി.എ8/134/2025 തീയ്യതി: 27/03/2025

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ് ആർ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	23-01-2025	05-02-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-01-2025	05-02-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.വി ശ്രീകുമാർ	ചെയർമാൻ	01-04-2023	31-03-2024
ശ്രീമതി.മേഘ മേരി കോശി	സെക്രട്ടറി	01-04-2023	03-10-2023
ശ്രീമതി.മേഘ മേരി കോശി	സെക്രട്ടറി	18-12-2023	31-03-2024

ഒ.സിന്ധു	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-10-2023	17-12-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മനോജ്.ആർ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ.പ്രിയ ശിവറാം	സീനിയർ വെറ്ററിനറി സർജൻ	01-04-2023	12-02-2024
അമ്പിളി തങ്കപ്പൻ	സീനിയർ വെറ്ററിനറി സർജൻ	12-02-2024	31-03-2024
ഷൈന സദാശിവൻ	ഐ സി ഡി എസ്സ് സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ.ജിതേഷ്	മെഡിക്കൽ ഓഫിസർ(അലോപ്പതി)	01-04-2023	31-03-2024
ഡോ.ബിന്ദു.വി	മെഡിക്കൽ ഓഫിസർ(ആയുർവേദം)	01-04-2023	31-03-2024
ശ്രീമതി. ചിത്ര.ജെ	വ്യവസായ വികസന ഓഫിസർ	01-04-2023	31-03-2024
ശ്രീമതി.മേഴ്സി കെ.വൈ	ഹെൽത്ത് ഓഫിസർ	01-04-2023	31-05-2023
ശ്രീ.അനിൽകുമാർ.എസ്	ഹെൽത്ത് ഓഫിസർ	01-06-2023	12-07-2023
ശ്രീമതി.ലത.സി	ഹെൽത്ത് ഓഫിസർ	13-07-2023	31-03-2024
ശ്രീ.സുരേഷ്.എസ്	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	01-07-2023
ശ്രീ.ബിനോയ്.ആർ	ഹെൽത്ത് സൂപ്പർവൈസർ	01-07-2023	31-03-2024
ഒ.സിന്ധു	മുനിസിപ്പൽ എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ.സിൽവദാസൻ വൈ.	പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ	01-04-2023	04-07-2023
ഡോ.ജി.മുകുന്ദൻ നായർ	പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ	04-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	കെ-സ്മാർട്ട് ആപ്ളിക്കേഷൻ -പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും	1-1 A
3	വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-1
4	ഡിപ്രീസിയേഷൻ കണക്കാക്കിയില്ല - ആസ്തിമൂല്യം അയഥാർത്ഥമായി ഉയർന്നു	1-1-2
5	മൻക്കൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല	1-1-3
6	ടെലികമ്മ്യൂണിക്കേഷൻ പോൾ റെന്റ് ഇൻകം & എക്സ്പന്റീച്ചർ പത്രികയിൽ ഉൾപ്പെടുത്തിയില്ല	1-1-4
7	പ്രിയർ പീരീഡ് ഇൻകം - തുകയുടെ കൃത്യത പരിശോധിക്കാനാകുന്നില്ല	1-1-5
8	അദർ റിസീവബിൾസ് - ആസ്തിയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല	1-1-6
9	സാമൂഹ്യ സുരക്ഷാ പെൻഷൻ ചെലവുകൾ വാർഷിക കണക്കിൽ പൂർണ്ണമായി ഉൾപ്പെടുത്തിയില്ല	1-1-7
10	നികുതി നികുതിയിതര വരവുകളുടെ മുതൽ-പിരിവ്- ബാക്കിയിൽ പൊരുത്തക്കേട്	1-1-8
11	അദർ പേയബിൾസ് - ബാദ്ധ്യതയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല	1-1-9
12	പത്രികകളിലെ അപൂർണ്ണത	1-1-10
13	സി.എഫ്.സി ഗ്രാന്റ് - എ.സി.ആർ, വാർഷികകണക്ക് പൊരുത്തപ്പെടുന്നില്ല	1-1-11
14	ആസ്തി രജിസ്റ്റർ കാലികമല്ല	1-1-12
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
17	ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)	1-4
18	പദ്ധതി അവലോകനം	1-5
19	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
20	ക്ഷേമ പദ്ധതികൾ	1-7
21	ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യപത്രം	1-8
22	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
23	ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുക തനതുഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല	1-10
24	ആംബുലൻസ് വാടക-രസീതുകൾ ഹാജരാക്കിയില്ല-1,09,590/-രൂപ നഷ്ടം	1-11
25	വിനോദനികുതി ഈടാക്കിയതിൽ കുറവ് - 56,938 രൂപ നഷ്ടം	1-12
26	വസ്തുനികുതി വിവരശേഖരണം പൂർത്തിയായില്ല	1-13
27	ടർഫിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല	1-14
28	ടെലികമ്മ്യൂണിക്കേഷൻ പോൾ റെന്റ് ലഭ്യമായില്ല	1-15
29	ഒക്കുപ്പൻസി അനുവദിച്ച കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല - അനധികൃത നിർമ്മാണം കണ്ടെത്തുന്നതിലും അപാകം	1-16
30	ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ്-9,95,387/- രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല	1-17
31	ഇ- ടെണ്ടർ ഫീസ് തനതു ഫണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യപ്പെടുന്നില്ല	1-18
32	കെട്ടിടനികുതി പരിഷ്കരിച്ച നിരക്കിൽ പുനർനിർണ്ണയിച്ചില്ല	1-19
33	വാടക കുടിശ്ശിക	1-20
34	ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-21
35	തൊഴിൽ നികുതി ഈടാക്കൽ പൂർണ്ണമല്ല	1-22
36	വാർഷിക കണക്കുകൾ യഥാകാലം ഓഡിറ്റിന് ലഭ്യമാക്കിയില്ല	1- 23
37	പദ്ധതി ചെലവ് ശ്രദ്ധേം -അടങ്കലിന്റെ 62.68 ശതമാനവും ചെലവഴിക്കപ്പെട്ടില്ല	1- 24
38	ലൈബ്രറി സെസ്സ് അക്കൗണ്ടിൽ നിന്നും 6,00,000/- രൂപ വകമാറ്റി ചെലവഴിച്ചു	1-25
39	അഗതിരഹിത കേരളം പദ്ധതി - മുൻവർഷങ്ങളിൽ അനുവദിച്ച തുക നിലവിലും ചെലവഴിച്ചിട്ടില്ല	1-26
40	നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ മെഡിസെപ്പ് വിഹിതവും നഗരസഭയ്ക്ക് കുടിശ്ശിക	1-27
41	ആധുനിക അറവുശാല നിർമ്മാണം-അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചില്ല-നഗരസഭയ്ക്ക് നിലവിൽ 97,64,790/- രൂപയുടെ ബാധ്യത	1-28

42	പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക അനുവദിച്ചു	1-29
43	പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -കോഴ്സ് പൂർത്തിയാക്കിയതിന് ശേഷം ആനുകൂല്യം അനുവദിച്ചു	1-30
44	ലൈബ്രറി സെസ്സ് -നഗരസഭയുടെ ബാധ്യത 55,52,833/- രൂപ	1-31
45	ജീവനക്കാരുടെ അരിയർ ഡി.എ., റിട്ടയേർഡ് ജീവനക്കാരുടെ ഡി.ആർ - കുടിശ്ശിക-നഗരസഭയ്ക്ക് വൻബാധ്യത	1-32
46	പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ ബാധ്യത സംബന്ധിച്ച് നഗരസഭയിൽ വിവരങ്ങൾ ലഭ്യമല്ല	1-33
47	മുൻകൂർ രജിസ്റ്റർ കൃത്യമല്ല - മുൻകൂറുകൾ യഥാകാലം ക്രമീകരിക്കപ്പെടുന്നില്ല	1-34
48	ബയോബിൻ വിതരണം - പദ്ധതി നിർവ്വഹണത്തിന് ആധികാരികമായ രേഖകൾ ഹാജരാക്കിയില്ല	1-35
49	പെൻഷൻ കോൺട്രിബ്യൂഷൻ- ഒടുക്ക് വരുത്തിയില്ല	1-36
50	വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കിയില്ല	1-37
51	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു	1-38
52	മൂലധന നിക്ഷേപം വരുമാനദായകമാകുന്നില്ല	1-39
53	തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല	1-40
54	വൈദ്യുതി ചാർജ്ജ്, ഇന്ധനം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല	1-41
55	ഓഡിറ്റ് റിക്കവറിതുകകൾ ഒടുക്ക് വരുത്തുന്നില്ല	1-42
56	ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ -പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയില്ല	1-43
57	നഗരസഭയിലെ വാഹനപരിപാലനം	1-44
58	പഠന മുറി - മുൻകൂർ പണം നൽകി രണ്ട് വർഷമായിട്ടും നിർമ്മാണം പൂർത്തിയായില്ല	1-45
59	മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിശോധന- തുക വക മാറ്റി ചെലവഴിച്ചതും മറ്റ് അപാകതകളും	1-46
60	'പ്രധാൻമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ് ' ഭവനനിർമ്മാണ പദ്ധതി - അവലോകനം	1-47
61	വയോമിത്രം പദ്ധതി-ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല	1-48
62	IDSMT പദ്ധതി- പലിശ ഉൾപ്പടെ ഒരു കോടിയിലധികം രൂപ നഗരസഭയ്ക്ക് തിരിച്ചടക്കാൻ ബാക്കി	1-49
63	കൊട്ടത്തോട് പരിപാലനത്തിനായി ഒരേ സമയം രണ്ട് അക്കൗണ്ടുകൾ	1-50
64	ജീവനക്കാരുടെ ശമ്പളത്തിൽ കറവ് ചെയ്യുന്ന തുകകൾ യഥാസമയം ഒടുക്ക് വരുത്തുന്നില്ല	1-51
65	ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ നിർമ്മാണ യൂണിറ്റ് സ്തംഭനാവസ്ഥയിൽ	1-52
66	ഹരിത കർമ്മസേനയുടെ പ്രവർത്തനം- അവലോകനം	1-53
	ഭാഗം **2**	
1	വിനോദനികുതി ഈടാക്കിയതിൽ കുറവ് -56,938/- രൂപ നഷ്ടം	2-1
2	ആംബുലൻസ് വാടക-രസീതുകൾ ഹാജരാക്കിയില്ല-1,09,590/-രൂപ നഷ്ടം	2-2
3	ടെലികമ്മ്യൂണിക്കേഷൻ പോൾ റെന്റ് ലഭ്യമായില്ല	2-3
4	ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുക തനതുഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല	2-4
	ഭാഗം **3**	
1	പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അധികം തുക അനുവദിച്ചു	3-1
	ഭാഗം **4**	
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ /വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) മാവേലിക്കര നഗരസഭയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.08.2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 16.08.2024 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാവേലിക്കര നഗരസഭയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1 A കെ-സ്മാർട്ട് ആപ്ലിക്കേഷൻ -പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും

സംസ്ഥാനത്തെ നഗരപാലിക സ്ഥാപനങ്ങൾക്കായി (ഇൻഫർമേഷൻ കേരള മിഷൻ)ഐ.കെ.എം. തയ്യാറാക്കിയിട്ടുള്ള കെ-സ്മാർട്ട് (Kerala Solutions For Managing Administrative Reformation And Transformation)ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റർ ലോഗിൻ മുഖേന നടത്തിയിട്ടുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതളും ന്യൂനതകളും ചുവടെ ചേർക്കുന്നു.

*കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടം എന്നിവയിൽ നിർവ്വചിച്ചിട്ടുള്ള വിവിധ ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

*കെ-സ്മാർട്ടിൽ നിന്നും 01.01.2024 മുതൽ 31.03.2024 വരെയുള്ള ഡാറ്റാ സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളും/ട്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 01.01.2024 മുതൽ 31.03.2024 വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ്-ചെലവുകളും 2023-24 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

*2023-24 വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവ് എന്നത് സാംഖ്യ പ്രകാരം 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവ്/ചെലവിന്റെയും കെ-സ്മാർട്ട് പ്രകാരം 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവ്/ചെലവിന്റെയും ആകെ തുകയാകേണ്ടതാണ്. എന്നാൽ പല ഇനങ്ങളിലും 01.04.2023 മുതൽ 31.12.2023 വരെ സാംഖ്യപ്രകാരമുള്ള വരവിന്റെയും 01.01.2024 മുതൽ 31.03.2024 വരെയുള്ള കെ-സ്മാർട്ട് പ്രകാരമുള്ള വരവിന്റെയും ആകെ തുകയല്ല വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2024-ലെ വരവ് തുക എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 01.01.2024 മുതൽ 31.03.2024 വരെ ചില ഇനങ്ങളിലുള്ള ചെലവുകൾ കെ-സ്മാർട്ടിലോ സാംഖ്യ ലഡ്ജറിലോ ഉൾപ്പെട്ടിട്ടില്ല.

*കെ-സ്മാർട്ടിലെ ഇടപാടുകൾ സാംഖ്യയിലേക്ക് പോർട്ട് ചെയ്ത ശേഷം 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ, Past Data Entry എന്നിവ സാംഖ്യയിൽ വരുത്തിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

*സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൌണ്ടും കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൌണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തുനികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന ഇ-പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, ഇ-പോസ് മെഷീനുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക്ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് ഇവ പൊരുത്തപ്പെടുന്നില്ല.

*കെ-സ്മാർട്ട് നിലവിൽ വന്നശേഷം വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്ക് തുകകൾ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നതിനായി മുൻമാസങ്ങളിലെ/വർഷങ്ങളിലെ റിക്കൺസിലിയേഷനുകളിൽ ഉൾപ്പെട്ട തുകകൾ പരിശോധന കൂടാതെ സാംഖ്യയിൽ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ നൽകി ക്രമീകരിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

*ഒരു നികുതിദായകൻ ഒരു ഡിമാന്റ് തുകയുടെ ഒരു ഭാഗം ചെക്ക് മുഖേനയും ശേഷിക്കുന്നത് ക്യാഷ് മുഖേനയും ഒടുക്ക് വരുത്തുന്ന സന്ദർഭത്തിൽ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ആകെ വരവ് തുക ചെക്കും ക്യാഷും കൂടി ചേർന്ന തുകയാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചെക്ക് പ്രകാരമുള്ള തുക മാത്രമാണ് വരവായി രേഖപ്പെടുത്തുന്നത്.

*ഒരു നികുതിദായകൻ ഒന്നിലേറെ ചെക്കുകൾ ഉപയോഗിച്ച് ഒരു ഡിമാന്റ് ഒടുക്കി രസീത് കൈപ്പറ്റുന്ന സംഗതിയിൽ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ സമർപ്പിക്കപ്പെട്ട ചെക്കുകളുടെ ആകെ തുക ഓരോ ചെക്കിന് നേരെയും രേഖപ്പെടുത്തുന്നു. ആയതിനാൽ ചെക്ക് റിസീവ്ഡ് രജിസ്റ്റർ, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

*ഓരോ ശീർഷകങ്ങൾക്കുമെതിരെയുള്ള ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചെടുക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള "സുഗമ" പോർട്ടലിൽ വകുപ്പിന് ലോഗിൻ അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ വരവ് വന്നിട്ടുള്ള തുകയുടെ ആധികാരികത

ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-1-1 വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭയുടെ 31.3.24 ലെ പൊതുടാപ്പ് വെള്ളക്കരം കുടിശ്ശിക 5.67 കോടി രൂപയാണ്. എന്നാൽ ഈ ബാദ്ധ്യത വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റിൽ) ഉൾപ്പെടുത്തിയിട്ടില്ല. അപാകത്തിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/23-24; 25.01.2025) 2024-25 വാർഷിക കണക്കിൽ അപാകം പരിഹരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്. വെള്ളക്കരം കുടിശ്ശിക ഉൾപ്പെടുത്താത്തതിനാൽ 31.3.24 ലെ ബാലൻസ് ഷീറ്റിലെ ബാദ്ധ്യത നഗരസഭയുടെ യഥാർത്ഥ ബാദ്ധ്യതയെ പ്രതിനിധാനം ചെയ്യുന്നില്ല.

1-1-2 ഡിപ്രീസിയേഷൻ കണക്കാക്കിയില്ല - ആസ്തിമൂല്യം അയഥാർത്ഥമായി ഉയർന്നു

31.3.2024 ലെ ബാലൻസ് ഷീറ്റിൽ പ്ലാന്റ് & മെഷിനറി, വാഹനം എന്നിവയുടെ ഡിപ്രീസിയേഷൻ 31.3.2023 ലെ തുകതന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷത്തിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഇവയുടെ ആകെ ഡിപ്രീസിയേഷൻ യഥാക്രമം ആകെ ആസ്തിമൂല്യത്തിന്റെ 58.46, 27.41 ശതമാനം മാത്രമാണ്. എന്നിട്ടും തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഇതുമൂലം ആകെ ആസ്തിമൂല്യം അയഥാർത്ഥമായി കൂടിയിരിക്കാനിടയാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/23-24; 23.1.25) അപാകം 2024-25 ലെ വാർഷിക കണക്കിൽ പരിഹരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

1-1-3 മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല

മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. ആകയാൽ ഈ ഇനത്തിലെ ആസ്തിയുടെയും (ബി.18 ഷെഡ്യൂൾ), ബാദ്ധ്യതയുടെയും (B7 ഷെഡ്യൂൾ) കൃത്യത പരിശോധിക്കാനാകുന്നില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻകൂറുകൾ യഥാകാലം ക്രമീകരിക്കപ്പെടുന്നതായും കാണുന്നില്ല.

1-1-4 ടെലികമ്മ്യൂണിക്കേഷൻ പോൾ റെന്റ് ഇൻകം & എക്സ്പന്റീച്ചർ പത്രികയിൽ ഉൾപ്പെടുത്തിയില്ല

845 ടെലികമ്മ്യൂണിക്കേഷൻ പോളുകൾക്ക് 2022-23 വർഷത്തിൽ 3,35,381/- രൂപയും 2023-24 വർഷത്തിൽ 3,52,150/- രൂപയും വാടക കണക്കാക്കി ഇതിന്റെ 18% ചരക്ക് സേവന നികുതിയായ 12,756/- രൂപ ഉൾപ്പെടെ ആകെ 8,11,287/-രൂപ അടയ്ക്കുവാനും വാടക സംബന്ധിച്ച കരാർ ഹാജരാക്കുവാനും നിർദ്ദേശിച്ച് 07.11.2023 ന് ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന് സെക്രട്ടറി കത്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക പ്രയർ പീരിയഡ് ഇൻകം ആയി ഇൻകം& എക്സ്പന്റീച്ചർ പത്രികയിൽ (ഐ.18, ഐ.3 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടില്ല. ഇത് ആകെ ആദായം കുറഞ്ഞിരിക്കുന്നതിനു കാരണമാകുന്നു. ഈ തുക തൻവർഷം വസൂലാക്കപ്പെട്ടിട്ടില്ല. ഡിമാന്റ് ഉൾപ്പെടുത്താത്തതിനാൽ 31.3.2024 ലെ ബാലൻസ് ഷീറ്റിലെ റിസീവബിൾസിലും ഇത് പ്രതിഫലിക്കുന്നില്ല.

1-1-5 പ്രിയർ പീരീഡ് ഇൻകം - തുകയുടെ കൃത്യത പരിശോധിക്കാനാകുന്നില്ല

ഇൻകം & എക്സ്പന്റീച്ചർ പത്രികയിൽ (ഷെഡ്യൂൾ ഐ.18) പ്രിയർ പീരീഡ് ഇൻകമായി (അദർ ഇൻകം) 1.099 കോടി രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. തുകയുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ രേഖകൾ/ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.

1-1-6 അദർ റിസീവബിൾസ് - ആസ്തിയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല

31.3.24 ലെ ബാലൻസ് ഷീറ്റ് (B-15 ഷെഡ്യൂൾ) പ്രകാരം അദർ റിസീവബിൾസ് (അരിയർ) ആയി 7.369 കോടി രൂപ ചേർത്തിട്ടുണ്ട്. ഇത് പെൻഷൻ ഫണ്ട് ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കാൻ അവശേഷിക്കുന്ന തുകയാണെന്നാണ് നഗരസഭ വ്യക്തമാക്കുന്നത്. എന്നാൽ കൃത്യമായ രജിസ്റ്റർ/ രേഖകളുടെ അഭാവത്തിൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.

1-1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ ചെലവുകൾ വാർഷിക കണക്കിൽ പൂർണ്ണമായി ഉൾപ്പെടുത്തിയില്ല

വിധവ പെൻഷൻ ഒഴികെയുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകളുടേയും പദ്ധതികളുടേയും (കൈമാറിക്കിട്ടിയത്) വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇൻകം & എക്സ്പന്റീച്ചർ പത്രികയിൽ ഇതിന്റെ വരവ് ചെലവുകൾ ഉൾപ്പെടുത്തേണ്ടതാണ് (യഥാക്രമം ഷെഡ്യൂൾ ഐ 6, ഐ 14). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/23-24; 25.1.25)അപാകം 2024-25 വാർഷിക ധനകാര്യ പത്രികയിൽ പരിഹരിക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. സാമൂഹ്യസുരക്ഷാ പെൻഷനുകളുടേയും പദ്ധതികളുടേയും

വരവ് ചെലവ് ഉൾപ്പെടാത്തതിനാൽ പ്രസ്തുത ഇൻകം&എക്സ്പന്റീച്ചർ പത്രിക സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവുകളെ പ്രതിനിധാനം ചെയ്യുന്നില്ല.

1-1-8 നികുതി നികുതിയിതര വരവുകളുടെ മുതൽ-പിരിവ്- ബാക്കിയിൽ പൊരുത്തക്കേട്

നഗരസഭയിലെ വിവിധ നികുതി , നികുതിയിതര വരവുകളുടെ മുതൽ-പിരിവ്- ബാക്കി (DCB) പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ (ഷെഡ്യൂൾ ബി 15) വസ്തുനികുതി കുടിശ്ശിക, കുടിശ്ശിക പിരിവ് മുതലായവ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റിലെ റിസീവബിൾസിൽ ചേർത്തിരിക്കുന്ന വാടക കുടിശ്ശിക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 അദർ പേയബിൾസ് - ബാദ്ധ്യതയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല

31.3.24 ലെ ബാലൻസ് ഷീറ്റിൽ അദർ പേയബിൾ എന്ന ശീർഷകത്തിൽ (ഷെഡ്യൂൾ ബി.9) 2.293 കോടി രൂപ ബാദ്ധ്യത നിൽക്കുന്നു. എന്നാൽ ഇത് ഏതിനത്തിലെ ബാദ്ധ്യതയാണെന്ന് വ്യക്തമാക്കാനാവശ്യമായ രജിസ്റ്റർ/ രേഖകൾ ലഭ്യമല്ല. ആകയാൽ ഈ ബാദ്ധ്യതയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല. 2020-21 ൽ പ്രൊവിഡന്റ് ഫണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടിയിരുന്ന ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക 18.44 ലക്ഷം രൂപ ഇതുവരെ ക്രഡിറ്റ് ചെയ്തിട്ടില്ല. 2022-23 ൽ 12.19 ലക്ഷം ഈ ഇനത്തിലെ ബാദ്ധ്യതയായി അദർ പേയബിൾസ് എന്ന ശീർഷകത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ ബാക്കി 6.23 ലക്ഷം രൂപ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പിക്കാനാകുന്നില്ല.

1-1-10 പത്രികകളിലെ അപൂർണ്ണത

വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-11 സി.എഫ്.സി ഗ്രാന്റ് - എ.സി.ആർ, വാർഷികകണക്ക് പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവുകൾ, നീക്കിയിരുപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. സി.എഫ്.സി ഗ്രാന്റ് ബേസിക്, ടൈഡ് എന്നിവയുടെ വാർഷിക കണക്കിലെ ഗ്രാന്റ് & കോൺടിബ്യൂഷൻ നീക്കിയിരുപ്പ് (ഷെഡ്യൂൾ ബി.4), പ്രസ്തുത ഗ്രാന്റിന്റെ ബാങ്ക് നീക്കിയിരുപ്പ് (ഷെഡ്യൂൾ ബി.17), പലിശ വരവ് എന്നിവയുമായും പൊരുത്തപ്പെടുന്നില്ല. ഇത് ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം. 31/23-24, 30.1.25) അപാകം പരിഹരിക്കപ്പെട്ടില്ല. 2024-25 വർഷത്തെ വാർഷിക കണക്കിൽ അപാകം പരിഹരിച്ച് കൃത്യമായ കണക്ക് ഉൾപ്പെടുത്തുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്. ഗ്രാന്റുകളുടെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-12 ആസ്തി രജിസ്റ്റർ കാലികമല്ല

നഗരസഭയിലെ മുഴുവൻ സ്ഥാവര ആസ്തികളുടേയും കൃത്യമായ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇതുമൂലം 31.3.24 ലെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന സ്ഥാവര ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പിക്കാനാകുന്നില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ പരിഷ്കരിച്ച ബജറ്റ് 09.02.2024 ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	30,15,25,536/-	26,40,24,057/-
വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)	16,46,23,718/-	14,59,11,810/-

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	6,45,78,936.94
വരവ്	15,68,10,370

ആകെ	22,13,89,306.94
ചെലവ്	14,38,26,480
നീക്കിയിരിപ്പ്	7,75,62,826.94

1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)

ഫണ്ടിനം	മുന്നിരുപ്പ്	അലോട്ട്മെന്റ് വരവ്	ആകെ	സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ആകെ ചെലവ്	ലാപ്സായ തുക/ബാങ്ക്
വികസന ഫണ്ട്-പൊതുവിഭാഗം	0	1,94,80,230	1,94,80,230	1,46,68,200	48,12,030
വികസന ഫണ്ട്-എസ്.സി.പി	0	1,49,04,000	1,49,04,000	71,24,355	77,79,645
സംരക്ഷണ ഗ്രാന്റ്-റോഡ്	0	79,56,000	79,56,000	12,55,701	67,00,299
സംരക്ഷണ ഗ്രാന്റ്-നോൺ റോഡ്	0	34,97,400	34,97,400	34,97,400	0
സി.എഫ്.സി-ടൈഡ്	96,80,821	1,12,85,392	2,09,66,213	1,25,07,792	84,58,421
സി.എഫ്.സി-അൺ ടൈഡ്	24,59,657	75,25,437 + 326945(പലിശ)	1,03,12,039	27,35,402	75,76,637

സി.എഫ്.സി ഗ്രാന്റിന്റെ എ.സി.ആർ പ്രകാരമുള്ള വരവ് ചെലവുകൾ, നീക്കിയിരുപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ ഗ്രാന്റ് & കോൺട്രിബ്യൂഷൻ നീക്കിയിരുപ്പ് (ഷെഡ്യൂൾ ബി.4), പ്രസ്തുത ഗ്രാന്റിന്റെ ബാങ്ക് നീക്കിയിരുപ്പ്, പലിശ വരവ് എന്നിവയുമായും പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട് (ജനറൽ) വിഹിതത്തിൽ നിന്ന് 18,93,067/-രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഈ തുകകൾ ഉൾപ്പെടെയുള്ള പദ്ധതി രേഖയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ഈ തുക പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

ക്രമ നമ്പർ	ഇനം	തുക	ഫണ്ടിനം
1	പി.എം.എ.വൈ വായ്പ തിരിച്ചടവ്	6,66,667	വികസന ഫണ്ട് (പൊതുവിഭാഗം)
2	അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക	12,26,400	വികസന ഫണ്ട് (പൊതുവിഭാഗം)
	ആകെ	18,93,067	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്- ശതമാനം
195	12,07,93,679	73	4508681	5	117	37%

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	4769	27,25,131	27,29,900	27,25,000	4900

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	24,240	16
കർഷകതൊഴിലാളി പെൻഷൻ	2,43,800	154
വിധവാ പെൻഷൻ	9,61,500	686
വാർദ്ധക്യകാല പെൻഷൻ	31,41,200	2213
വികലാംഗ പെൻഷൻ	3,31,800	217
അവിവാഹിത പെൻഷൻ	66,800	43
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	0	0

1-8 ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യപത്രം

മാവേലിക്കര നഗരസഭയുടെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2025-ൽ 03.00 പി.എം.ന് സ്ഥാപന തലവനായ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 70,413/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലവിൽ കാര്യക്ഷമമല്ല. പല മേഖലകളിലും ഇത് പ്രകടമാണ്. ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. ആസ്തി രജിസ്റ്ററിൽ ഭൂമി ഉൾപ്പെടെയുള്ള പല ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

2) കൗൺസിൽ മീറ്റിംഗുകളുടെ മിനിട്സ് സകർമ്മ സോഫ്റ്റ്വെയർ മുഖാന്തിരമായിരിക്കണമെന്ന സർക്കാർ നിർദ്ദേശം നഗരസഭയിൽ പൂർണ്ണമായും പാലിക്കുന്നില്ല. ഡിസംബർ 2023 മുതലുള്ള കൗൺസിൽ വിശദാംശങ്ങൾ സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സുകൾ നിലവിലും സകർമ മുഖേന ആക്കിയിട്ടില്ല.

3) ഓഫീസ് ഓർഡർ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകുന്നുണ്ടെങ്കിലും അത് ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത്തരത്തിൽ സൂക്ഷിക്കുന്ന രേഖകൾ കാലക്രമേണ നഷ്ടപ്പെടാനുള്ള സാധ്യത കൂടുതലാണ്. ധനകാര്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സുകളും ഇപ്രകാരം ഫയലായാണ് സൂക്ഷിക്കുന്നത്.

4) പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ

അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

5) നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

6) സുപ്രധാന രേഖകളായ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ മുതലായവ നഗരസഭയിൽ ശരിയായ രീതിയിൽ എഴുതി പരിപാലിക്കുന്നില്ല. ഫെസ്റ്റിവൽ അഡ്വാൻസ് അടക്കമുള്ളവ യഥാകാലം തിരിച്ച് പിടിക്കുന്നില്ല. മൻക്കുറുകൾ യഥാകാലം ക്രമീകരിക്കപ്പെടുകയോ ഡിപ്പോസിറ്റുവർക്കുകളിൽ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. കൂടാതെ തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

7)കടമുറികളുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും, വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. വാടക പിരിവ് നടത്തുന്നതിന് ബൈലൊ നിലവിലില്ല.

8)അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച UA രജിസ്റ്റർ സർക്കാർ നിഷ്കർഷിച്ച മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുകയോ, 2018-ലെ കേരള മുനിസിപ്പാലിറ്റി (അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

9)നഗരസഭാ വാഹനങ്ങളുടെ പരിപാലനത്തിൽ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

10)കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

11)സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷം മുതൽ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നഗരസഭയിൽ ലഭിച്ചെങ്കിലും ഇതേ വരെയും കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

12)ഇൻകംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

13) പൊതു മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് വെയ്ക്കുന്നുണ്ടെങ്കിലും എഗ്രിമെന്റ് രജിസ്റ്ററിൽ എസ്റ്റിമേറ്റ് എമൗണ്ട്, ഡേറ്റ് ഓഫ് കംപ്ലീഷൻ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

14)നഗരസഭയുടെ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.സെക്രട്ടറി നിർവഹണം നടത്തിയ ഫയലുകളിൽ മിക്കതും 2021-22, 2022-23, 2023-24 വർഷങ്ങളിലേതെന്ന വിധത്തിൽ വേർതിരിച്ച് സൂക്ഷിക്കുന്നില്ല. നോട്ട് ഫയലുകളുമായി ക്രമപ്പെടുത്തിയല്ല കറന്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും മേൽ പറഞ്ഞ പല അപാകതകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും നഗരസഭ കൈക്കൊണ്ടിട്ടില്ല. അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പിഴവുകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-10 ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുക തനതുഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല

മുനിസിപ്പാലിറ്റിയുടെ വരവ് പരിശോധിച്ചതിൽ ഡേബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയിൽ ലൈബ്രറി സെസ് ഒഴികെയുള്ള തുക IDBI A/c No-1432104000061056/INR Own Fund അക്കൌണ്ടിലേക്കും, ലൈബ്രറി സെസ് ഇനത്തിലെ തുക, IDBI A/c No-1432104000076030/INR(ലൈബ്രറി സെസ് അക്കൌണ്ട്)ലേക്കുമാണ് ഒടുക്ക് വരുത്തുന്നത്. എന്നാൽ 13.6.2023 ,14.6.2023, 15.6.2023 എന്നീ തീയതികളിലെ കളക്ഷൻ തുകയിൽ ലൈബ്രറി സെസ് ഒഴികെയുള്ള തുക മേൽ സൂചിപ്പിച്ചിട്ടുള്ള തനതുഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റായിട്ടില്ല.

ക്രമ	തീയതി	ഡേ	ബുക്ക് ലൈബ്രറി	തനതുഫണ്ട് അക്കൌണ്ടിലേക്ക്

നം.		പ്രകാരമുള്ള ആകെ തുക	സെസ് തുക	ഒടുക്കേണ്ട തുക
1	13.6.2023	1,27,727	5,114	1,22,613
2	14.6.2023	95,635	3,165	92,470
3	15.6.2023	49,919	1,911	48,008
ആകെ				2,63,091

ഈ തുക മറ്റേതെങ്കിലും അക്കൌണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (52/04.02.2025) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. തുക ഒടുക്കു വരുത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 2,63,091/-രൂപ ടി കാലയളവിലെ അക്കൗണ്ടന്റിന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

1-11 ആംബുലൻസ് വാടക-രസീതുകൾ ഹാജരാക്കിയില്ല-1,09,590/-രൂപ നഷ്ടം

മാവേലിക്കര നഗരസഭയിലെ KL-04-AT 4259 നം ആംബുലൻസിന്റെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ആംബുലൻസിന്റെ ഉദ്ഘാടനം 23.05.23 ൽ കഴിഞ്ഞതാണെങ്കിലും ഹാജരാക്കിയ ലോഗ് ബുക്ക് 20.10.23 മുതലുള്ള യാത്രകളുടേത് മാത്രമാണ്. ലോഗ്ബുക്ക് പ്രകാരം 20.10.23 ലെ പുറപ്പെട്ട ദൂരം എന്നത് 2327 ആണ്. ഇതിന് മുൻപ് ഓടിയ 2326 കി.മീ സംബന്ധിച്ചുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആംബുലൻസിന്റെ വരവുമായി ബന്ധപ്പെട്ട രസീതുകൾ 06.1.24 (രസീത് നം5, ബുക്ക് നം 2) മുതൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിയ്ക്കുന്നത്. ഇതിന് മുൻപുള്ള രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാഹനം ഉദ്ഘാടനം നടത്തിയ 23.05.23 മുതൽ 05.01.24 വരെയുള്ള രസീത്ബുക്കുകളും, ലോഗ്ബുക്കും ലഭ്യമല്ലെങ്കിലും ഹാജരാക്കിയ ലോഗ്ബുക്കിന് മുൻപ് 2326 കി.മീറ്ററും ലോഗ്ബുക്ക് എൻട്രി തുടങ്ങിയ 20.10.23 ലെ തുടക്ക കി.മീ ആയ 2327 മുതൽ 05.01.24 ലെ അവസാന കി.മീ ആയ 7307 വരെ 4980 കി.മീറ്ററും വാഹനം ഓടിയിട്ടുണ്ട്. നഗരസഭ അംഗീകരിച്ച ബൈലോ പ്രകാരം 40 കി.മീ വരെ 600 രൂപയാണ് മിനിമം ചാർജ്ജ് ഇപ്രകാരം കണക്കാക്കിയാൽ, കി.മീറ്ററിന് 15 രൂപ വെച്ച് ഈടാക്കേണ്ടതാണ് മിനിമം തുക ഈടാക്കിയാൽ പോലും 2326 കി.മീറ്ററിന് 34,890 രൂപയും 4980 കി.മീറ്ററിന് 74700 ഉം ഉൾപ്പടെ ആകെ 1,09,590/- ഈടാക്കേണ്ടതാണ്. 23.05.23 മുതൽ 05.01.24 വരെയുള്ള ആംബുലൻസ് വാടക നഗരസഭയിൽ അടച്ചിട്ടുണ്ടോയെന്നുള്ളത് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/29.01.25 ന് മറുപടി ലഭ്യമാക്കിയില്ല രസീതു ബുക്കുകളും, ലോഗ്ബുക്കുകളും പണം ഒടുക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കാത്തസാഹചര്യത്തിൽ ആംബുലൻസ് വാടകയുടെ മിനിമം ചാർജ്ജായി കണക്കാക്കിയ 1,09,590/- രൂപ വരവ് നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.


2) ആംബുലൻസിന്റെ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) വരവു രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്ററും, തുക മുനിസിപ്പാലിറ്റിയിലടച്ച രസീതുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രസീതുകളും കളക്ഷൻ രജിസ്റ്ററും ഹാജരാക്കാത്തതിനാൽ ഇതിന്റെ ആധികാരികത പരിശോധിച്ചുറപ്പിയ്ക്കാൻ സാധിച്ചിട്ടില്ല. 23.05.23 മുതൽ 30.03.24 വരെയുള്ള വരവു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/29.01.25 ന് മറുപടി ലഭ്യമാക്കിയില്ല. ആംബുലൻസിന്റെ വരവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുകയും സെക്രട്ടറി അടക്കമുള്ള അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആയതിൽ കൃത്യമായി മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാണ്.

1-12 വിനോദനികുതി ഈടാക്കിയതിൽ കുറവ് - 56,938 രൂപ നഷ്ടം

കേരള ഫിനാൻസ് ആക്ട് 2019 പ്രകാരം തീയേറ്റർ ഉടമകൾ ജി.എസ്.റ്റി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16.11.2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്. സ.ഉ(കൈ)112/2019/ത.സ്വ.ഭ.വ./ 31-08-2019 പ്രകാരം നൂറ് രൂപയിൽ കുറവ് അടിസ്ഥാന വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 പ്രകാരം വിനോദ നികുതി പിരിച്ചെടുക്കേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിക്ഷിപ്തമാണ്. മാവേലിക്കര നഗരസഭയിൽ പ്രവർത്തിച്ചു വരുന്ന സാന്ത്ര എന്ന തീയേറ്ററിന്റെ DCR പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ കൊടുക്കുന്നു.

സാന്ത്ര തീയറ്ററിൽ നിന്നും വിതരണം ചെയ്യുന്ന പ്ലാറ്റിനം ടിക്കറ്റിന്റെ നിരക്ക് 130 രൂപയാണ്. (ടിക്കറ്റ് നം 1401, തീയതി ലഭ്യമല്ല) ഇതിന്റെ ടിക്കറ്റിന്റെ നിരക്ക് വിഭജനം താഴെപ്പറയുന്ന രീതിയിലാണ്.



നെറ്റ് -100.16

വിനോദനികുതി-5

സെസ്സ് -3

ടി.എം.സി -2

ജി.എസ്.ടി18% -19.84

ആകെ -130

എന്നാൽ 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ഇതനുസരിച്ച് 100.16 ന്റെ 8.5% എന്നത് 8.50 രൂപ ആണ് ഇതിന് പകരം 5 രൂപയാണ് വിനോദനികുതിയായി ഈടാക്കിയിരിയ്ക്കുന്നത്. ഒരു ടിക്കറ്റിൻ മേൽ 3.50 രൂപയുടെ നഷ്ടമാണ് നഗരസഭയ്ക്കുണ്ടായിരിയ്ക്കുന്നത്. 2023-24 സാമ്പത്തിക വർഷം മാർച്ച് 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ ഡി.സി.ആറാണ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതെങ്കിലും ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ ഡി.സി.ആർ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ, തീയേറ്റർ ഉടമ നഗരസഭയിൽ വിനോദനികുതി ഒടുക്കിയിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം 8.5 ശതമാനം വിനോദ നികുതി ഒടുക്കണമെന്നിരിക്കെ 8.5 ശതമാനത്തിലും കുറഞ്ഞ തുകയാണ് ഒടുക്കിയത്. തീയേറ്റർ ഉടമയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം 56,938/- രൂപ കൂടി നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ.

ആരംഭ തീയതി	അവസാന തീയതി	വിറ്റ ടിക്കറ്റ് നം		130 രൂപ നിരക്കിൽ വിറ്റ ടിക്കറ്റുകളുടെ എണ്ണം	8.5% നിരക്കിൽ ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി	ടിക്കറ്റ് പ്രകാരം 5 രൂപ നിരക്കിൽ ഈടാക്കിയിരിയ്ക്കുന്ന വിനോദ നികുതി	വ്യത്യാസം
		തുടക്കം നം	ഒടുക്കം നം				
02.04.23	13.05.23	8931	9999	1069	9086.5	5345	3741.5
13.05.23	30.09.23	0001	9910	9910	84235	49550	34685
01.10.23	01.10.23	9911	9999	89	756.5	445	311.5
01.10.23	29.02.24	0001	5200	5200	44200	26000	18200
							56938

ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. എന്നാൽ തീയേറ്ററുകളിൽ നിന്നും DCR ഹാജരാക്കുന്നുണ്ടെങ്കിലും GST സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല ജി.എസ്.ടി സ്റ്റേറ്റ്മെന്റും,കളക്ഷൻ രജിസ്റ്ററും,രസീതുകളും പരിശോധനയ്ക്ക് ലഭ്യമാക്കാനും മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/30.01.25 ന് മറുപടി ലഭ്യമാക്കിയില്ല. വിനോദനികുതിയിൽ കുറവ് വന്ന 56,938/-രൂപ മേൽ തീയേറ്റർ ഉടമയിൽ നിന്നും ഈടാക്കാനാകാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-13 വസ്തുനികുതി വിവരശേഖരണം പൂർത്തിയായില്ല

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം മുനിസിപ്പാലിറ്റികളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾക്കും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഒരു കെട്ടിട നമ്പരിന് പരമാവധി 30/-രൂപ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ പരിശോധനകൾ 30.06.2023 നുമുൻപ് പൂർത്തീകരിക്കേണ്ടതാണെന്നും പറയുന്നു. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനോടൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. 28 വാർഡുകളിലേക്കുമായി 9 ഉദ്യോഗാർത്ഥികളെയാണ് നിയമിച്ചിട്ടുള്ളത്. 27.10.2023 ൽ അന്തിമ വിജ്ഞാപനത്തിലൂടെ വസ്തുനികുതി പരിഷ്കരിച്ച് പ്രാബല്യത്തിലായെങ്കിലും നാളിതുവരെയായിട്ടും ഫീൽഡ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിന് (26/30.01.2025)രണ്ട് വാർഡുകളിലെ വിവരശേഖരണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായതായും നിലവിൽ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. ഫീൽഡ് പരിശോധന പൂർത്തിയാക്കി സോഫ്റ്റ്വെയർ അപ്ഡേഷൻ വരുന്നമുറയ്ക്ക് കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ പ്രകാരം നികുതി നിർണ്ണയിക്കാതിരുന്നാൽ നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ യഥാർത്ഥത്തിൽ ലഭ്യമാകേണ്ട വരുമാനം നഷ്ടപ്പെടുത്തുന്നതിനിടയാക്കും.

1-14 ടർഫിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (അച്ചടി)26/2023/എൽ.എസ്.ജി.ഡി, തീയതി 05.04.2023 പ്രകാരം മുനിസിപ്പാലിറ്റി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് 27.10.2023-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം സ്പോർട്സ് ടർഫുകൾക്ക് 45/m^2 നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിക്ക് സമീപം സ്ഥിതിചെയ്യുന്നതും മുനിസിപ്പാലിറ്റി പരിധിയിൽ ഉൾപ്പെടുന്നതുമായ പ്ലേ സോൺ ടർഫിന് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ കെട്ടിടനമ്പർ /വിലാസം എന്നിവ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ഇവയുടെ വിസ്തൃതി, അനുബന്ധ കെട്ടിടങ്ങളുടെ തറവിസ്തൃതി, ഉടമയുടെ പേര്,വഴി സൌകര്യം, മേഖല, ഏർപ്പെടുത്തിയിരിക്കുന്ന സൌകര്യങ്ങൾ എന്നിവ LID&EW വിഭാഗം മുഖാന്തിരം അന്വേഷണം നടത്തി നല്കുവാനും അവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (21/28.01.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 ടെലികമ്മ്യൂണിക്കേഷൻ പോൾ റെന്റ് ലഭ്യമായില്ല

കേരള സർക്കാരിന്റെ 23.01.2020 ലെ ജി.ഒ. (ആർ.ടി.) 89/2020/pwd നമ്പർ ഉത്തരവു പ്രകാരം TSP/ *ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോളുകൾക്ക് പോൾ ഒന്നിന് വാർഷിക വാടക 360/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്. ഈ വാർഷിക വാടകക്ക് വർഷം തോറും 5% നിരക്കിൽ വാടക വർദ്ധനവും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ പരിധിയിലെ നഗരസഭയുടെ അധീനതയിലുള്ള റോഡുകളിൽ GI പോളുകൾ സ്ഥാപിച്ച് OFC വലിക്കുന്നതിനായി റിലയൻസ് ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡിന്റെ അപേക്ഷകൾ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 845 പോളുകൾക്ക് മരാമത്ത് വിഭാഗം മുനിസിപ്പൽ എൻജിനീയർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തിൽ 335381/- രൂപയും 2023-24 വർഷത്തെ വാടകയായി 352150/- രൂപയും കണക്കാക്കി ഇതിന്റെ 18% GST 123756/- രൂപ ഉൾപ്പെടെ ആകെ 811287/-രൂപ അടയ്ക്കുവാനും വാടക സംബന്ധിച്ച കരാർ ഹാജരാക്കുവാനും 07.11.2023 ന് ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന് മുനിസിപ്പൽ എഞ്ചിനീയർ കത്ത് നല്കിയിട്ടുണ്ട്. വാടക ഇനത്തിൽ ഈ തുക ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (40/01.02.2025) നല്കിയതിന് മറുപടി ലഭ്യമായില്ല എന്നുമാത്രമല്ല ഇത് വാർഷികകണക്കിൽ ഡിമാന്റ് ചെയ്തിട്ടുമില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-16 ഒക്കുപ്പൻസി അനുവദിച്ച കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല - അനധികൃത നിർമ്മാണം കണ്ടെത്തുന്നതിലും അപാകം

മാവേലിക്കര നഗരസഭ വാർഡ് 25 ൽ മാവേലിക്കര വില്ലേജ് സർവ്വേ നം. 69/7 ൽ 10.87 ആർ ഭൂമിയിൽ ശ്രീ.വിജയൻ പിള്ള, പുഷ്പ ഭവനം നിർമ്മിച്ച 138.44 ച.മി. തറവിസ്തീർണ്ണമുള്ള ഗോഡൌണിന് 17.4.23 ൽ നിർമ്മാണ പെർമിറ്റ് അനുവദിക്കുകയും നിർമ്മാണം പൂർത്തിയാക്കി 02.06.2023 ൽ ഇ1396/2023 നമ്പരായി

ഒക്കുപ്പൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട് . ഈകെട്ടിടത്തിന്റെ ഒറ്റത്തവണ കെട്ടിട നികുതി റവന്യൂ വകുപ്പിൽ ഒടുക്കി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകാവുന്നതാണെന്ന് 1.7.23 ൽ റവന്യൂ ഇൻസ്പക്ടർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സെക്രട്ടറി/ സൂപ്രണ്ട് കണ്ടതായി രേഖപ്പെടുത്തലില്ല. പ്രസ്തുത രേഖപ്പെടുത്തൽ കഴിഞ്ഞ് 18 മാസങ്ങൾക്ക് ശേഷവും കെട്ടിട നമ്പർ നൽകുകയോ വസ്തുനികുതി ഈടാക്കുകയോ അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിവരം വില്ലേജ് ഓഫീസർ/ തഹസീൽദാരെ അറിയിച്ച് കെട്ടിടനികുതി സർക്കാരിന് ലഭിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടില്ല.

ച.മീ.ന് 74 രൂപയാണ് നഗരസഭ അംഗീകരിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക്. 138.44 ച.മി വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കാതിരുന്നത് വഴി 2023-24 ൽ അടിസ്ഥാന വസ്തുനികുതിയിനത്തിൽ (ഇളവുകളോ വഴി സൌകര്യം മൂലമുള്ള വർദ്ധനവോ പരിഗണിക്കാതെ) 10,245 രൂപയുടെ നഷ്ടം നഗരസഭ ഫണ്ടിനുണ്ടായി. ഈ തുക കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കാൻ കഴിയാത്ത പക്ഷം ഫയൽ സെക്രട്ടറിക്ക് സമർപ്പിച്ച് യുക്തതീരുമാനം എടുത്ത് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ റവന്യൂ ഇൻസ്പെക്ടറിൽ നിന്ന് സെക്രട്ടറി ഈടാക്കേണ്ടതാണ്.

നഗരസഭ മരാമത്ത് വിഭാഗം ഓവർസിയറിന്റെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ ഉയരം സംബന്ധിച്ച കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ച്കൊണ്ട് 134.6 ച.മി. വിസ്തീർണ്ണത്തിൽ അധിക നിലയും (ഒന്നാം നില) നിർമ്മിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. ഇപ്രകാരം ഒന്നാം നില നിർമ്മിച്ചത് വഴി തറനിലയുടെ ഉയരം 2.55 മീറ്ററായി കുറഞ്ഞു. ഇത് എയർ കണ്ടീഷൻ ചെയ്യപ്പെട്ട കെട്ടിടമല്ല. ഉയരം 2019 ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന കുറഞ്ഞ ഉയരമായ മൂന്ന് മീറ്ററിലും കുറവാകയാലും (ചട്ടം33) ആകെ തറനില വിസ്തൃതിയുടെ മൂന്നിലൊന്നിൽ അധികമാകയാൽ മെസാനിൻ ഫ്ലോർ എന്ന ഗണത്തിൽ വരാത്തതിനാലും (ചട്ടം 32) ഈ നില തന്നെ അനധികൃത നിർമ്മാണമായി മാറപ്പെട്ടു. കൂടാതെ ഇതേ കൈവശ വസ്തുവിൽ തന്നെയുള്ള വാസഗൃഹത്തിനും പ്രസ്തുത ഗോഡൌൺ കെട്ടിടത്തിനും ഇടയിലായി 60.84 ച.മി. ഭാഗം പെർമിറ്റില്ലാതെ ഇരുമ്പ് തൂണുകളും ജി.ഐ.ഷീറ്റുകളും കൊണ്ട് മേൽക്കൂര നിർമ്മിച്ച് ഗോഡൌൺ ആയിത്തന്നെ ഉപയോഗിച്ച് വരുന്നു. പ്രസ്തുത അനധികൃത നിർമ്മാണങ്ങൾ കൂടി കണക്കാക്കുമ്പോൾ ആകെ 333.88 ച.മി. (138.44 +134.60+60.84) അനധികൃത നിർമ്മാണം നിലനിൽക്കുന്നതായി കാണുന്നു. ഇതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 242 പ്രകാരം അനധികൃത നിർമ്മാണത്തിന് ബാധകമായ മൂന്നിരട്ടി വസ്തുനികുതി ഈടാക്കപ്പെടേണ്ടതാണ്. അതായത് അടിസ്ഥാന വസ്തുനികുതിയായി തന്നെ 74,121 രൂപ (333.88.x74x3) ഈടാക്കപ്പെടേണ്ടതുണ്ട്.

പ്രസ്തുത അപാകങ്ങളുടെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/23-24, 5.01.25) മറുപടി ലഭ്യമായില്ല. കെട്ടിടം പരിശോധിച്ച് അനധികൃത നിർമ്മാണമെന്ന നിലയിൽ യു/എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടം റഗുലറൈസ് ചെയ്യുന്നത് വരെ അഥവ പൊളിച്ച് നീക്കുന്നത് വരെ നികുതി ഈടാക്കേണ്ടതാണ്. ഒക്കുപ്പൻസി വിവരം അടിയന്തിരമായി മാവേലിക്കര തഹസീൽദാരെ അറിയിച്ച് ഒറ്റത്തവണ വസ്തുനികുതി ഈടാക്കാനാവശ്യമായ സാഹചര്യം ഉണ്ടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സെക്രട്ടറി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-17 ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ്-9,95,387/- രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഫയൽ നം. ഇ1/8567/2022

ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് നഗരസഭയുടെ വിവിധ വാർഡുകളിൽ 369 മീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിൾ, ജി.ഐ.പോൾസ് എന്നിവ സ്ഥാപിക്കുന്നതിന് റിസ്റ്റോറേഷൻ ചാർജ്ജ് താഴെപ്പറയും പ്രകാരം 9,95,387/- രൂപ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	റോഡിന്റെ തരം	ഡിമാന്റ് ചെയ്ത റെസ്റ്റോറേഷൻ ചാർജ്ജ്
1	ബേം കോൺക്രീറ്റിംഗ്-200 മീറ്റർ	200x.60x.60x1.50 =108@392/m^2 =42439.68 രൂപ
2	ടാർ റോഡ് കട്ടിംഗ് =111 മീറ്റർ	=111x1x1x1.50 =166.5x@3880.91

		=646171.515 രൂപ
3	കോൺക്രീറ്റ് റോഡ് കട്ടിംഗ്-48മീറ്റർ	48x.60x.60x1.50 =25.92m^2@5567.73/m^2 =144315.56 രൂപ
4	ഇന്റർ ലോക്കിംഗ്-10മീറ്റർ	10x.60x.60x1.50 =5.40m^2@4499.28 =24296 രൂപ
5	റഗുലറൈസേഷൻ ഫീസ്-72 പോളുകൾ	72x.60x.60x1.50 =77.760m^2@392.96/m^2 =30557x3 =91671
	സെക്യൂരിറ്റി ഡെപ്പോസിറ്റ്-	13284
	ആന്വൽ റെന്റ് (ജനുവരി,ഫെബ്രുവരി,മാർച്ച്	33210 രൂപ
	ആകെ	995387.76 രൂപ

നഗരസഭാ സെക്രട്ടറി ഇ1-8567/22 തീയതി 05.01.2024 പ്രകാരം തുക ഡിമാന്റ് ചെയ്ത് ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന് കത്ത് നൽകുകയും വാടക സംബന്ധിച്ച എഗ്രിമെന്റ് ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലിൽ പോളുകളുടെ വാടക സംബന്ധിച്ച എഗ്രിമെന്റോ തുക നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങളോ, റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകിയതായോ കാണുന്നില്ല. തുക ഒടുക്കിയതിന്റെ വിവരങ്ങൾ, എഗ്രിമെന്റ് എന്നിവ അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.47 തീയതി 04.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

(B) റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ കുറവ്

ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന് മേൽപ്പറഞ്ഞ പ്രകാരം നഗരസഭ അനുമതി നൽകിയിട്ടുണ്ടെങ്കിൽ നഗരസഭയ്ക്ക് റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. CEPWD/2675/2021-C4(W) തീയതി 10-02-23 നമ്പർ സർക്കുലർ പ്രകാരം റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് എടുക്കേണ്ട വീതി ടെഞ്ചിന്റെ വീതിയുടെ 1.5 മടങ്ങാണ്. ഇതനുസരിച്ച് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ കുറവ് വന്ന തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	റോഡിന്റെ തരം	ഡിമാന്റ് ചെയ്ത റെസ്റ്റോറേഷൻ ചാർജ്ജ്	ഈടാക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ചാർജ്ജ്	റെസ്റ്റോറേഷൻ ചാർജ്ജിലെ വ്യത്യാസം
1	ബേം കോൺക്രീറ്റിംഗ്-200 മീറ്റർ	200x.60x.60x1.50 =108@392.96/m2 =42439.68രൂപ	200x0.90 =180m2@392.96/m^2 =70732.80രൂപ	28293.12
2	ടാർ റോഡ് കട്ടിംഗ് =111 മീറ്റർ	=111x1x1x1.50 =166.5x@3880.91 =646171.515രൂപ	=111x1,5 =166.5x@3880.91 =646171.515രൂപ	-
3	.കോൺക്രീറ്റ് റോഡ് കട്ടിംഗ്-48മീറ്റർ	48x.60x.60x1.50 =25.92m^2@5567.73/m^2 =144315.56രൂപ	48x.90 =43.2m^2@5567.73/m^2 =240526രൂപ	96210.44
4	ഇന്റർ ലോക്കിംഗ്-10മീറ്റർ	10x.60x.60x1.50 =5.40m^2@4499.28 =24296രൂപ	10x0.90 =9m^2@4499.28 =40494രൂപ	16198

5	റഗുലറൈസേഷൻ ഫീസ്-72 പോളുകൾ	72x.60x.60x1.50 =77.760m^2@392.96/m2 =30557x3 =91671	72x.90 =64.8m^2@392.96/m^2 =25464x3 =76392	(-)15279
	സെക്യൂരിറ്റി ഡെപ്പോസിറ്റ്-	13284	13284	-
	ആന്വൽ റെന്റ് (ജനുവരി,ഫെബ്രുവരി,മാർച്ച്	33210രൂപ	33210രൂപ	-
	ആകെ	995387.755രൂപ	1120810.315	125422.56

എക്സിറ്റ് മീറ്റിംഗിൽ തുക അടച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും മേൽ വിഷയം സംബന്ധിച്ച വിവരങ്ങളൊന്നും ഹാജരാക്കിയില്ല.അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, തുക അടച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18 ഇ- ടെണ്ടർ ഫീസ് തനതു ഫണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യപ്പെടുന്നില്ല

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, മാവേലിക്കര ഠൗൺ ശാഖയുടെ 67274077836 -ാം നം.അക്കൗണ്ടിലാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ- ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനും നീക്കിയിരുപ്പ് തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.47 തീയതി 04.02.2025) പ്രസ്തുത അക്കൗണ്ടിലെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷത്തെ ടെണ്ടർ ഫീസ് ഇനത്തിൽ 1,11,114 രൂപ ഇ-ടെണ്ടർ അക്കൗണ്ടിൽ നിന്നും നഗരസഭയുടെ തനതുഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. ടെണ്ടർ ഫീസ് വരവ് 1,11,114 രൂപ മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 കെട്ടിടനികുതി പരിഷ്കരിച്ച നിരക്കിൽ പുനർനിർണ്ണയിച്ചില്ല

കേരള സർക്കാർ തദ്ദേശസ്വയംഭരണ ആർ.സി.വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി)നം.25/2023/എൽ.എസ്.ജി.ഡി., തീയതി 05.04.2023 (SRO No.479/23) പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (കൈ)നം.77/2023/എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ വ്യവസ്ഥ 8 പ്രകാരം 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതിനിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവ് പുതുക്കലും വിജ്ഞാപനം ചെയ്ത് അന്തിമമാക്കണം (അന്തിമവിജ്ഞാപനം നടത്തി പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുവാൻ ആരംഭിച്ച തീയതിവരെയുള്ള വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് വ്യത്യാസമുള്ള തുക ക്രമീകരിക്കുകയോ/ ഈടാക്കുകയോ ചെയ്യേണ്ടതാണ്).

മുനിസിപ്പാലിറ്റിയിലെ 13.10.2023-ലെ കമ്മിറ്റി തീരുമാനം നം.3 പ്രകാരം 27.10.2023 പ്രാബല്യത്തിൽ വസ്തുനികുതിയിലെ എല്ലാ നിരക്കുകളും പുതുക്കി നിർണ്ണയിച്ച് അന്തിമവിജ്ഞാപനം ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി തുക ക്രമീകരിച്ചിട്ടുള്ളതായോ ഈടാക്കിയിട്ടുള്ളതായോ കാണുന്നില്ല ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ	കെട്ടിട നം.	വിസ്തീർണ്ണം	ഉപയോഗ	നിർണ്ണയിച്ച	അംഗീകരിച്ച	പുതുക്കിയ

നം.		(M^2)	ക്രമം	അടിസ്ഥാന നിരക്ക്	തീയതി	നിരക്ക്
1	1/241(1) ശ്രീജിത്ത് കെ.നമ്പൂതിരി	237.79	പാർപ്പിടം	@14	23.6.23	@15
2	16/59/4അനിൽകുമാർ& സന്ധ്യ അനിൽകുമാർ	195.10	പാർപ്പിടം	@14	4.7.23	15
3	14(133(1) മന്ന കുര്യൻ നടവള്ളി	374.34	പാർപ്പിടം	14	5.10..23	18

01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുതുക്കി നിശ്ചയിച്ച് കുടിശ്ശിക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (51/04.02.2025)നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ച 27.10.2023 വരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-20 വാടക കുടിശ്ശിക

നഗരസഭയുടെ വാടക സംബന്ധിക്കുന്ന ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികൾ 2023-24 സാമ്പത്തിക വർഷം പ്രതിമാസ വാടക ഒടുക്കിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ആസ്തിയുടെ പേര്	കടമുറി നമ്പർ	കൈവശം വെച്ചിരിക്കുന്ന വ്യക്തിയുടെ പേര്	പ്രതിമാസ വാടക	കുടിശ്ശിക കാലയളവ്	ആകെ
1	പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്(old)	7	ലിജിമോൾ കെ.ആർ. കണിയാരിക്കൽ ഹൌസ്-	1302	4/23-3/24	15624
2	പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്,പുറകുവശത്തെ പഴയ കടമുറി		സുനിൽകുമാർ കുറവൻ പറമ്പിൽ	608	4/23-3/24	7296
3	പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	31 ,32	ഷിബു ജി. പ്ലാവേലിൽ കിഴക്കേതിൽ	2364 2364	4/23-3/24 4/23-3/24	56736
4	പുന്നമൂട്പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	33	സത്യദാസ്, പരുമലശ്ശേരിൽ, പുന്നമൂട്	1811	4/23-3/24	21732
5	പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	35 36	സതീശൻ, സുധീഷ് ഭവനം	1676 1676	4/23-3/24	40224
6	പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	1(40) 1(41)	എ.കെ.സൂസമ്മ, കുറുവേലിൽ കിഴക്കേതിൽ	1760 1760	4/23-3/24	42240
7	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	2	ഷീബ് നിസാർ, ആഷിയാന	4894	4/23-3/24	58728

ക്രമ നം.	ആസ്തിയുടെ പേര്	കടമുറി നമ്പർ	കൈവശം വെച്ചിരിക്കുന്ന വ്യക്തിയുടെ പേര്	പ്രതിമാസ വാടക	കുടിശ്ശിക കാലയളവ്	ആകെ
8	മുനിസിപ്പൽബസ് സ്റ്റാൻഡ്ഷോപ്പിംഗ് കോംപ്ലക്സ്	3	ഹുസൈൻ, തട്ടാന്റെ മുത്ത്	4079	4/23-3/24	48948
9	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	4	അനിൽ പി. വർഗീസ് പുന്നമറ്റം	3871	4/23-3/24	46452
10	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	5	ബെറ്റിമാത്യു, എബനേസർ കോട്ടേജ് കണ്ടിയൂർ	4700	4/23-3/24	56400
11	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	6	ബിന്ദു എ.ആർ. രാജ് നികേത് പൊന്നാരം തോട്ടം	4079	4/23-3/24	48948
11	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	7	വി.മോഹനൻ വി.ഒ വിഹാർ കൊയ്പ്പള്ളിൽ	4079	10/23-3/24	24474
12	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	9	ജോർജ് പോൾ ആലുംമൂട്ടിൽ	3830	4/23-3/24	45960
13	മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്	12	കെ.രാജൻ, കോയിക്കൽ മേട്	4242	4/23-3/24	50904
14	മുനിസിപ്പൽ ബസ് സ്റ്റാൻഡ് -പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	11	സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം	2956	4/23-3/24	35472
15	മുനിസിപ്പൽ ബസ് സ്റ്റാൻഡ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	12	സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം	2956	4/23-3/24	35472
16	മുനിസിപ്പൽ ബസ് സ്റ്റാൻഡ് -പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	13	സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം	2956	4/23-3/24	35472
17	മുനിസിപ്പൽ ബസ് സ്റ്റാൻഡ് -പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	14	സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം	2956	4/23-3/24	35472
18	പുതിയകാവ് ഷോപ്പിംഗ് കോംപ്ളക്സ് (LIC) ബിൽഡിംഗ്	2	ഗ്രേസൺ കെ.ജോയി വി.എം.ഹൌസ്	4920	4/23-3/24	59040
19	പുതിയകാവ് ഷോപ്പിംഗ്	4	പ്രകാശ്	4468	4/23-3/24	53616

ക്രമ നം.	ആസ്തിയുടെ പേര്	കടമുറി നമ്പർ	കൈവശം വെച്ചിരിക്കുന്ന വ്യക്തിയുടെ പേര്	പ്രതിമാസ വാടക	കുടിശ്ശിക കാലയളവ്	ആകെ
	കോംപ്ലക്സ് (LIC) ബിൽഡിംഗ്		രാംദാസ് അഞ്ചൽക്കാരന്റെ തെക്കേതിൽ			
20	പുതിയകാവ് ഷോപ്പിംഗ് കോംപ്ലക്സ് (LIC) ബിൽഡിംഗ്	9	എസ്.സുജിത് ചൈതന്യ	1549	4/23-3/24	18588
21	പുതിയകാവ് ഷോപ്പിംഗ് കോംപ്ലക്സ് (LIC) ബിൽഡിംഗ്	10	പ്രഭകുമാർ പേരാത്തേരിൽ, ചിറയിൽ	1865	10/23-3/24	11190
22	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)നോർത്ത്	5	ഷാജിത മാമൂട്ടിൽ ഹൌസ് പായിക്കുഴി	3423	4/23-3/24	41076
23	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)നോർത്ത്	6	രമേശൻ രമേശ് ഭവനം	6116	4/23-3/24	73392
24	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)തെക്ക്	2	പി.കെ.അമ്മിണി കാട്ടുവള്ളിൽ	4052	4/23-3/24	48624
25	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)തെക്ക്	3	മുഹമ്മദ് അസ്ലം ഇലമ്പടത്ത്	2012	4/23-3/24	24144
26	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)തെക്ക്	4	ഹസൻകോയ ഹസ്നി മൻസിൽ	3570	4/23-3/24	42840
27	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)	7	കെ.എം.മുഹമ്മദ് കുഞ്ഞ് വലിയത്ത് കുറ്റിപറമ്പിൽ	5009	4/23-3/24	60108
28	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കടമുറികൾ	15/207F	പ്രദീപ്കുമാർ, തെക്കേടത്ത് തറയിൽ	1843	05/23-3/24	20273
29	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കടമുറികൾ	15/207G	ഷീബ്, രാജിഭവനം	3596	05/23-3/24	39556
30	കണ്ടിയൂർ ലൈബ്രറി കെട്ടിടം	1	സജിത് കുമാർ കിളിയമ്മൻ തറയിൽ	2038	04/23-3/24	24456
31	കണ്ടിയൂർ ലൈബ്രറി കെട്ടിടം	2	സോമൻ കിളിയമ്മൻ തറയിൽ	2038	04/23-3/24	24456
32	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്ഷോപ്പിംഗ്	1	രാജേഷ് കുമാർ കണിയാന്റയ്ത്ത്	4497	04/23-3/24	53964

ക്രമ നം.	ആസ്തിയുടെ പേര്	കടമുറി നമ്പർ	കൈവശം വെച്ചിരിക്കുന്ന വ്യക്തിയുടെ പേര്	പ്രതിമാസ വാടക	കുടിശ്ശിക കാലയളവ്	ആകെ
	കോംപ്ലക്സ്(SC/ST)					
33	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്ഷോപ്പിംഗ് കോംപ്ലക്സ്(SC/ST)	3	വേണുഗോപാൽ വലിയതറയിൽ	4497	04/23-3/24	53964
34	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഷോപ്പിംഗ് കോംപ്ലക്സ്(SC/ST)	4	ശ്രീജയൻ S.D. വേളങ്ങാട്ട കിഴക്കതിൽ	3889	04/23-3/24	46668
35	മുനിസിപ്പൽ ബങ്ക്	1	റോബി മാത്യു	856	04/23-3/24	10272
ആകെ						1412781

രജിസ്റ്റർ പ്രകാരം ആകെയുള്ള 94 കടമുറികളിൽ 20 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	ആസ്തിയുടെ പേര്	ആകെ മുറികളുടെ എണ്ണം	ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയ റൂം നമ്പർ	ഒഴിഞ്ഞുകിടക്കുന്ന ആകെ മുറികളുടെ എണ്ണം
1	പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്(old)	9 എണ്ണം	3	1
2	പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് പുറകുവശത്തെ പഴയകടമുറി	3എണ്ണം	11 12	2
3	പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	12	34 37 39 Court Post Office	4
4	മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാൻഡ് വനിതാ ക്യാൻറീൻ	1	1	1
5	മുനിസിപ്പൽ ബസ് സ്റ്റാൻഡ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	14	2 4 5 6 7 8 9 10	8

6	പുതിയകാവ് ഷോപ്പിംഗ് കോംപ്ളക്സ് (LIC) ബിൽഡിംഗ്	13എണ്ണം	13	1
7	പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്(മിച്ചൽ ജംഗ്ഷൻ)തെക്ക്	7	6	1
8	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഷോപ്പിംഗ് കോംപ്ലക്സ്(SC/ST)	4	2	1
9	മുനിസിപ്പൽ ബസ് സ്റ്റാൻഡ് തെക്ക് വശത്തെ കടമുറി	1	1	1
ആകെ				20

കടമുറികൾ വാടകയ്ക്ക് നല്കിയിരിക്കുന്നവരുമായി നിശ്ചിത തുകയിലുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് ഹാജരാക്കിയ കരാറുകൾ പ്രകാരം ആകെ 14 വ്യക്തികൾ മാത്രമാണ് 2023-24 വർഷത്തിൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ബാക്കിയുള്ള 60 വ്യക്തികൾ വാടകകരാർ പുതുക്കാതെ മുനിസിപ്പാലിറ്റിയുടെ ആസ്തികൾ കൈവശം വെക്കുന്നതായാണ് കാണുന്നത്. ഇത്രയുമധികം കടമുറികൾ ഒഴിഞ്ഞുകിടക്കാനുള്ള കാരണം വിശദമാക്കുവാനും ഇവ പുനർലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിനും ഓഡിറ്റ് അന്വേഷണം (50/4.2.2025) നല്കിയതിന് മറുപടിയായി വാടക കുടിശ്ശിക അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ ആസ്തികളിൽ നിന്നും ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്താതിരിക്കുന്നതിനും ആസ്തികൾ പൂർണ്ണമായും വരുമാനദായകമാക്കുന്നതിനുമുള്ള മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-21 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ഭേദഗതി ചട്ടങ്ങൾ -2020, പട്ടിക 1 ൽ പ്രത്യേകം പറയാത്തതും എന്നാൽ നഗരസഭാ പരിധിയിൽ വരുന്നതുമായ എല്ലാത്തരം വ്യാപാരങ്ങളും സംരഭക പ്രവർത്തനവും മറ്റ് സേവനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുമെന്നിരിക്കെ മുനിസിപ്പാലിറ്റിയുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 1 ൽ ഉൾപ്പെട്ടിരിക്കുന്നവപോലും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു.

1) സദ്യാലയം,കല്യാണമണ്ഡപം, ആഡിറ്റോറിയം, ഹാൾ(പട്ടിക I ക്രമ നം.96)

മുനിസിപ്പാലിറ്റിയുടെ ഡാറ്റാബെയ്സിൽ ഓഡിറ്റോറിയങ്ങളായി അസസ് ചെയ്തിരിക്കുന്ന കെട്ടിടങ്ങൾ

ക്രമ നം.	വാർഡ്/കെട്ടിടനമ്പർ	വിലാസം
1	6/232,233	YWCA ഓഡിറ്റോറിയം
2	6/291	സെന്റ് മേരീസ് അസംബ്ലി ഹാൾ
3	3/166	ശ്രീരാമകൃഷ്ണോദയ വെള്ളാള സംഘം
4	4/295	മാത്യു ഫിലിപ്പ്, പുത്തൻ കോയിക്കൽ (കൺവെൻഷൻ സെന്റർ)
5	4/425	CSI ചർച്ച് ഓഡിറ്റോറിയം
6	9/292/1	കുര്യൻ വർഗീസ്, മലയിൽ വീട്ടിൽ

7	18/266/20,21	ബഥനി ആശ്രമം, കൺവെൻഷൻ സെന്റർ

2) സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങൾ(പട്ടിക 1, ക്രമ നം.279) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

3) ഡ്രൈവിംഗ് സ്കൂൾ(പട്ടിക I ക്രമ നം 292)

4) പേ& പാർക്ക് ഏരിയ(പട്ടിക Iക്രമ നം. 273)

5)മൊബൈൽ ടവറുകൾ(പട്ടിക I ക്രമ നം. 300)മുനിസിപ്പാലിറ്റിയുടെ ഡാറ്റാബെയ്സിലുള്ള 16മൊബൈൽ ടവറുകൾ

6)സിനിമാ തീയറ്ററുകൾ (പട്ടിക Iക്രമ നം. 380)

7) മുനിസിപ്പാലിറ്റിക്കു സമീപം പ്രവർത്തിക്കുന്ന സ്റ്റാർ ഹോട്ടലായ ഹോട്ടൽ ഇന്ദ്രപ്രസ്ഥ

8) മുനിസിപ്പാലിറ്റിക്കു സമീപം പ്രവർത്തിക്കുന്ന രാജധാനി ഗോൾഡ് & ഡയമണ്ട്സ്

മേൽ സൂചിപ്പിച്ചിട്ടുള്ളവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (39/01.02.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ സംരംഭങ്ങളെയും സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽകൊണ്ടുവരുന്നതിലൂടെ മുനിസിപ്പാലിറ്റിയുടെ തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാകയാൽ ഈവിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-22 തൊഴിൽ നികുതി ഈടാക്കൽ പൂർണ്ണമല്ല

മാവേലിക്കര നഗരസഭയുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല. പലസ്ഥാപനങ്ങളും തൊഴിൽ നികുതി വൃത്തത്തിന് പുറത്താണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ നഗരത്തിലെ എല്ലാ സ്ഥാപനങ്ങളുടെയും വിവരം ശേഖരിച്ച് അവയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ഈടാക്കാത്ത അർദ്ധവർഷം	
		ജീവനക്കാരുടെ തൊഴിൽ നികുതി	സ്ഥാപന തൊഴിൽ നികുതി
1	നിപ്പോൺ ലൈഫ് ഇൻഷുറൻസ്	1	1&II
2	കേരള ബെറ്റാലിയൺ NCC	1	
3	കോന്നി ഹയർ പർച്ചേസിംഗ്&ലീസിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്	1&II	1&II
4	കെ.പി.ബി നിധി ലിമിറ്റഡ്	1	1&II
5	ഹോട്ടൽ വന്ദനം ഇന്റർനാഷണൽ	II	
6	സൗപർണ്ണിക ഗോഡൗൺ	1&II	
7	സ്വതന്ത്ര മൈക്രോ ഫിനാൻസ് ലിമിറ്റഡ്	1	1&II
8	സി.എസ്.ബി ബാങ്ക് ലിമിറ്റഡ് മാവേലിയ്യൂര	1	1
9	ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്	1	1
10	സതേൺ സർജിക്കൽസ്	1	-
11	വാഞ്ചിനാട് ഫിനാൻസ് ലിമിറ്റഡ്	1	1

12	ബാങ്ക് ഓഫ് ബറോഡ പുതിയകാവ്	1	1
13	ശ്രീഗണേശ എന്റർപ്രൈസസ് ലിമിറ്റഡ്	1	1
14	നിപ്പോൺ ടയോട്ട മാവേലിക്കര	1	-
15	എസ്.എം.എൽ ഫിനാൻസ് ലിമിറ്റഡ്	1	1
15	ഡി.ഡി.ആർ.സി തട്ടാരമ്പലം	1	1

2) തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും മാവേലിക്കര മുനിസിപ്പാലിറ്റിയിൽ പ്രവർത്തിയ്ക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-2024 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ,

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	മാവേലിക്കര പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ഡെവലപ്പ്മെന്റ് ബാങ്ക് A836
2	2152 പെരിങ്ങാല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഓലകെട്ടിയമ്പലം
3	A 323 മാവേലിക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
4	A 792 മാവേലിക്കര ഗവ.സർവ്വെന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
5	A 721 മാവേലിക്കര KSRTC എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
6	A 646 മാവേലിക്കര Electricityഎംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

3) നഗരസഭയിൽ പ്രവർത്തിയ്ക്കുന്ന താഴെപ്പറയുന്ന ഡ്രൈവിംഗ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല

ക്രമ നം.	മോട്ടോർ ഡ്രൈവിംഗ് സ്കൂളിന്റെ പേര്
1	ഹൈ റേഞ്ച് ഡ്രൈവിംഗ് സ്കൂൾ
2	മഹിള എംഡിഎസ്
3	ബ്രദേഴ്സ് എംഡിഎസ്
4	മാവേലിക്കര ലാൽ വൺ ഡേ ഡ്രൈവിംഗ് സ്കൂൾ, ഫ്ലവർജംഗ്ഷൻ
5	ശിവൻസ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, തട്ടാരമ്പലം
6	ഹൈവേ ഡ്രൈവിംഗ് സ്കൂൾ, ഓലകെട്ടിയമ്പലം

4) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ, ബിൽഡിങ് പ്ലാൻ തയാറാക്കുന്ന എഞ്ചിനീയർമാർ, കൺസൾട്ടൻസികൾ, സൂപ്പർവൈസർമാർ, കോൺട്രാക്ട് കാരിയേജ് നടത്തുന്ന വാഹന ഉടമകൾ, പ്രൈവറ്റ് ബസ് ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

5) വക്കീലൻമാരുടെ സംഘടനയായ ബാർ അസോസിയേഷന്റെ വെബ്സൈറ്റായ അഡ്വക്കേറ്റ്സ്ഓഫ് കേരള.കോം(advocatesofkerala.com) എന്ന സൈറ്റിൽ മാവേലിക്കര ബാർ അസോസിയേഷനിൽ 164 വക്കീലൻമാർ ഉള്ളതായി കാണിയ്ക്കുന്നുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല

6) കേരളാ മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 2005 ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നികുതി പിരിവിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതി ഒടുക്കുന്നവരുടെ വിവരങ്ങൾ സാമ്പത്തിക വർഷാവസാനം രജിസ്റ്ററിൽ എഴുതി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതും പൂർണമല്ല.

2) ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതിയിനത്തിൽ 2.08 കോടി രൂപ കുടിശ്ശികയുള്ളതായി കാണുന്നു. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ ആകെ 283 സ്ഥാപനങ്ങളുടെ വിവരങ്ങളെ രേഖപ്പെടുത്തിയിട്ടുള്ളൂ. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നു പോലും 2023-24 വർഷം തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി. തൊഴിൽ നികുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല എന്നിട്ടും ഇത്രയും ഭീമമായ കുടിശ്ശിക വിവരം എങ്ങനെ ധനകാര്യപത്രകയിൽ ലഭ്യമാക്കി എന്നത് വ്യക്തമല്ല. ഭീമമായ കുടിശ്ശിക ഉണ്ടായിട്ടും തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയെടുക്കാനോ കുടിശ്ശിക സംബന്ധിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുകയോ, ചെയ്തിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ DCB എഴുതി ക്ലോസ് ചെയ്തിട്ടില്ല അതിനാൽ കളക്ഷന്റെയും ബാലൻസിന്റെയും ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ചും മേൽ അപാകതകൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/24.01.25 ന് നൽകിയ മറുപടിയിൽ എൻക്വയറിയിൽ പരാമർശിച്ചിരിയ്ക്കുന്ന സ്ഥാപനങ്ങൾക്കും, പ്രൊഫഷണലുകൾക്കും സേവനദാതാക്കൾക്കും നോട്ടീസ് നൽകി തൊഴിൽ നികുതി പിരിച്ചെടുക്കുന്നതാണെന്നും, 2024-25 വർഷം മുതൽ തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ശമ്പളം നൽകാൻ പോലും ബുദ്ധിമുട്ടുന്ന നഗരസഭയിൽ കുടിശ്ശിക ഉണ്ടായിട്ടും അത് പിരിച്ചെടുക്കാതിരിയ്ക്കുകയും, തൊഴിൽ നികുതി ഈടാക്കാൻ സാധ്യതയുള്ള നിരവധി മേഖലകളുണ്ടായിട്ടും അവ ഉപയോഗിയ്ക്കാതെയിരിയ്ക്കുകയും ചെയ്യുക എന്നത് തികഞ്ഞ അലംഭാവമാണ്.തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നതോടൊപ്പം പിരിച്ചെടുക്കുന്ന തൊഴിൽനികുതി വാർഡുതലത്തിൽ സ്ഥാപനങ്ങളൊന്നും വിട്ടുപോവാതെയും കുടിശ്ശിക തീർത്തുമാണ് പിരിയ്ക്കുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

1- 23 വാർഷിക കണക്കുകൾ യഥാകാലം ഓഡിറ്റിന് ലഭ്യമാക്കിയില്ല

നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക സാമ്പത്തിക വർഷം അവസാനിച്ച് രണ്ട് മാസങ്ങൾക്കകം അതായത് മേയ് 31-നകം കൌൺസിൽ അംഗീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58 ഉപചട്ടം 5 വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മാവേലിക്കര നഗരസഭയുടെ 2023-24 ലെ വാർഷിക കണക്കുകൾ 16.8.2024 ൽ കൂടിയ കൌൺസിൽ അംഗീകരിച്ച് അന്ന് തന്നെ ഓഡിറ്റിന് എയിംസ് മുഖേന ലഭ്യമാക്കുകയായിരുന്നു. സമയബന്ധിതമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/23-24; 25/1/25) കെ-സ്മാർട്ടും സാംഖ്യയും തമ്മിലുള്ള ഇംപോർട്ടിംഗ്, സംയോജനം എന്നിവയിൽ വന്ന പ്രശ്നങ്ങളും ഈ വിഷയത്തിൽ പരിണിതപ്രജ്ഞരായ ഉദ്യോഗസ്ഥരുടെ അഭാവവും മൂലമാണ് കാലതാമസമുണ്ടായത് എന്ന മറുപടിയാണ് ലഭ്യമാക്കപ്പെട്ടത്. വാർഷിക കണക്കുകൾ യഥാകാലം ഓഡിറ്റിന് ലഭ്യമാക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണെന്നിരിക്കെ ഇതിൽ വീഴ്ച വരാതിരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1- 24 പദ്ധതി ചെലവ് ശുഷ്കം -അടങ്കലിന്റെ 62.68 ശതമാനവും ചെലവഴിക്കപ്പെട്ടില്ല

മാവേലിക്കര നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതി ചെലവ് ശുഷ്കമാണ്. നിർവ്വഹണോദ്യോഗസ്ഥരിൽ ഭൂരിഭാഗം പേരും 50 ശതമാനത്തിൽ താഴെ അടങ്കൽ തുക മാത്രമാണ് വിനിയോഗിച്ചത്. ഫണ്ട് ലഭ്യതയിൽ വന്ന കുറവും കൃബില്ലുകളിൽ ഫണ്ട് കുടുങ്ങിക്കിടന്നതും ട്രഷറി നിയന്ത്രണങ്ങളും ഇതിന് കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നുണ്ടെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം, ആവശ്യകത പരിശോധിച്ച് പദ്ധതി ആസൂത്രണം നടത്തുന്നതിലെ വീഴ്ചകൾ എന്നിവമൂലം, നഗരസഭക്ക് ലഭിച്ച പദ്ധതി വിഹിതം പോലും യഥാകാലം വിനിയോഗിക്കപ്പെടാത്ത സ്ഥിതി സംജാതമായതാണ് പദ്ധതി ചെലവ് ശുഷ്കമായതിന്റെ പ്രധാന കാരണം.

2023-24 ലെ പദ്ധതി ചെലവ് അടങ്കലിന്റെ 37.32 ശതമാനം മാത്രമാണ്. 12.08 കോടി അടങ്കൽ നിശ്ചയിച്ച് പദ്ധതി ആസൂത്രണം നടത്തി അംഗീകാരം വാങ്ങിയെങ്കിലും 4.51 കോടിരൂപ മാത്രമാണ് ചെലവഴിക്കാനായത്. വികസന ഫണ്ട് (ജനറൽ, എസ്.സി.പി,), സംരക്ഷണ ഗ്രാന്റ് (റോഡ് & റോഡിതരം) എന്നിവയിൽ യഥാക്രമം 4.01 കോടിയും 1.95 കോടിയും അടങ്കൽ നിശ്ചയിച്ചതിൽ 2.18, 0.42 കോടി രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. അടങ്കൽ വച്ച വികസന ഗ്രാന്റിന്റെ 45.64 ശതമാനവും സംരക്ഷണ ഗ്രാന്റിന്റെ 78.12 ശതമാനവും ചെലവഴിക്കാനായില്ല. ധനകാര്യ

കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിന് മറ്റ് തടസ്സങ്ങളില്ലാതിരുന്നിട്ടും പദ്ധതി ചെലവ് അടങ്കലിന്റെ നാൽപ്പത്തിരണ്ട് ശതമാനത്തിലൊതുങ്ങി. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ 29.97 ലക്ഷം രൂപയുടെ ബില്ലുകളാണ് സാമ്പത്തിക വർഷാവസാനം കൃബില്ലായി പണമാക്കാനാകാതെ പോയത്. ഇത് പദ്ധതി അടങ്കലിന്റെ കേവലം 2.48 ശതമാനം മാത്രമാണ്. ഇതുകൂടി പരിഗണിച്ചാൽ പോലും ആകെ ചെലവ് 40 ശതമാനത്തിൽ എത്തില്ല. ഇതിൽ നിന്ന് ബില്ലുകൾ കൃവിലായതല്ല ചെലവ് കുറയാൻ പ്രധാന കാരണം എന്ന് വ്യക്തമാകുന്നു. തൻവർഷം നഗരസഭക്ക് യഥാർത്ഥത്തിൽ ലഭിച്ച വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ 192.92 ലക്ഷം രൂപ വിനിയോഗിക്കാതെ ലാപ്സായി കൃബില്ലായ 29.97 ലക്ഷം രൂപ കുറച്ചാൽ പോലും 162.95 ലക്ഷം (1.6295 കോടി) രൂപയുടെ അലോട്ട്മെന്റാണ് വിനിയോഗിക്കപ്പെടാതെ പോയത്. ഇതിൽ നിന്നും ഗ്രാന്റിലെ കുറവല്ല ചെലവ് ഇടിയാൻ ഇടയാക്കിയത് എന്ന് വ്യക്തമാക്കുന്നു. റോഡിതര സംരക്ഷണ ഗ്രാന്റ് മാത്രമാണ് പൂർണ്ണമായും ചെലവഴിക്കപ്പെട്ടത്.

വിവിധ ഗ്രാന്റുകളുടെ അടങ്കൽ, ചെലവ് വിവരം ചുവടെ ചേർക്കുന്നു (അവലംബം – സഞ്ചയ ചെലവ് പത്രിക)

ഫണ്ട്	അടങ്കൽ (കോടി രൂപ)	ചെലവ് (കോടി രൂപ)	ശതമാനം
വികസന ഫണ്ട് (ജനറൽ)	2.26	1.47	65.04
വികസന ഫണ്ട് (എസ്.സി.പി)	1.75	0.71	40.57
സംരക്ഷണ ഗ്രാന്റ് (റോഡ്)	1.34	0.07	5.22
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0.61	0.35	57.38
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	3.65	1.,54	42.19
കേന്ദ്രാവിഷ്കൃത ഫണ്ട്	0.51	0.26	50.98
സംസ്ഥാനാവിഷ്കൃത ഫണ്ട്	0.52	0.03	5.77
മറ്റ് ഫണ്ട്	0.27	0	0

നഗരസഭ തന്നെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ(പൂർണ്ണം/ഭാഗികം)	പ്രോജക്ട് അടങ്കൽ (ലക്ഷം രൂപ)	പ്രോജക്ട് ചെലവ് (ലക്ഷം രൂപ)	ചെലവ് ശതമാനം	കൃബിൽ ആയ തുക (ലക്ഷം രൂപ)
സെക്രട്ടറി, നഗരസഭ	35	25	146.6	101.63	69.32	14.48
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	4	3	20.5	16.28	79.41	0
വ്യവസായ വികസന ഓഫീസർ	2	0	9.7	0	0	1.7
കൃഷി ഓഫീസർ	8	7	17.58	7.68	43.69	4.88
വെറ്ററിനറി സർജൻ	7	3	9.46	2.03	21.46	0
ഹെൽത്ത് സൂപ്പർവൈസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ	17	8	143.85	64.78	45.03	3.14
ഹെൽത്ത് ഓഫീസർ	11	10	169.01	73.67	43.59	1.85
ഹെൽത്ത് സൂപ്പർവൈസർ	3	1	13.77	1.01	7.33	0
മെഡിക്കൽ ഓഫീസർ, ജില്ല ആശുപത്രി	1	5	49.39	5.43	10.99	0.52

പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്.	2	1	7	0.45	6.23	0
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	5	5	41.8	34.07	81.51	3.39
മുനിസിപ്പൽ എൻജിനീയർ	96	27	579.28	143.83	24.83	0

ആകെ 12 നിർവ്വഹണോദ്യോഗസ്ഥരുള്ളതിൽ 3 പേർ മാത്രമാണ് 50 ശതമാനത്തിലധികം തുക ചെലവഴിച്ചത്. ഇതിൽ തന്നെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാത്രമാണ് 80 ശതമാനത്തിലധികം തുക ചെലവഴിച്ചത്. വ്യവസായ വികസന ഓഫീസർ ഒരു രൂപപോലും ചെലവഴിച്ചില്ല. മറ്റ് 3 നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് 20 ശതമാനത്തിലും താഴെയാണ്. 7ലക്ഷം രൂപ മാത്രം അടങ്കലിൽ രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്ത ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ 44,619 രൂപ മാത്രമാണ് (6. 23%) ചെലവഴിച്ചത്. ബില്ലുകളൊന്നും കൃവിലായിട്ടുമില്ല.

വിഭാവനം ചെയ്യപ്പെട്ട 195 പ്രോജക്ടുകളിൽ 78 എണ്ണം മാത്രമാണ് പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കപ്പെട്ടത്. 117 എണ്ണം നടപ്പാക്കാനാകാതെ പോയി. നടപ്പാക്കാതെ പോയവയിൽ 25 എണ്ണം സ്പിൽഓവർ പ്രോജക്ടുകളാണ്. ഇതിൽ തന്നെ 23 സ്പിൽ ഓവർ പ്രോജക്ടുകൾ മുനിസിപ്പൽ എൻജിനീയർ ഏറ്റെടുത്തവയുമാണ്. നടപ്പാകാത്ത സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി 6.05 ലക്ഷം രൂപ വികസനഫണ്ടും 60.48 ലക്ഷം രൂപ സംരക്ഷണ ഗ്രാന്റും ഉൾപ്പെടുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ട് നടപ്പാകാത്ത സാഹചര്യത്തിൽ ഈ തുക നഗരസഭക്ക് നഷ്ടമായി.

നഗരസഭയ്ക്ക് 2023-24 ൽ സർക്കാരിൽ നിന്ന് ലഭിച്ച വിവിധ ഗ്രാന്റുകളുടെ/ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സഞ്ചയ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു. 192.92 ലക്ഷം രൂപ വിനിയോഗിക്കാത്തിനാൽ നഗരസഭക്ക് നഷ്ടമായി. സംരക്ഷണ ഗ്രാന്റ് (റോഡ്) 15.78 ശതമാനവും വികസന ഫണ്ട് (എസ്.സി.പി) 47.80 ശതമാനവും മാത്രമാണ് ചെലവഴിക്കപ്പെട്ടത്. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ലഭ്യമാകുന്ന ഫണ്ടിൽ 52.20 ശതമാനവും ലാപ്സായി എന്നത് നഗരസഭ ഗൌരവപൂർവ്വം പരിഗണിക്കേണ്ടതാണ്.

ഫണ്ടിനം	അലോട്ട്മെന്റ് (ലക്ഷം രൂപ)	ചെലവ് (ലക്ഷം രൂപ)	നഷ്ടമായ തുക (ലക്ഷം രൂപ)
വികസന ഫണ്ട്- പൊതുവിഭാഗം	194.8	146.68	48.12
വികസന ഫണ്ട്- എസ്.സി.പി	149.04	71.24	77.8
സംരക്ഷണ ഗ്രാന്റ്- റോഡ്	79.56	12.56	67
സംരക്ഷണ ഗ്രാന്റ്- നോൺ റോഡ്	34.97	34.97	0

പദ്ധതിച്ചെലവിലെ കുറവ്, ഫണ്ട് നഷ്ടം എന്നിവയുടെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/23-24; 31.01.2025) മറുപടി ലഭ്യമായില്ല.

നിർവ്വഹണ സാദ്ധ്യത പരിശോധിച്ചശേഷം മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുവാനും ഏറ്റെടുത്തവ സമയബന്ധിതമായി പൂർത്തിയാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. നടപ്പാക്കാനാവാത്ത പ്രോജക്ടുകൾ കണ്ടെത്തി ഒഴിവാക്കിക്കൊണ്ട് വാർഷിക പദ്ധതി യഥാകാലം പരിഷ്കരിക്കുന്നതിനും അധിക ഫണ്ട് അനുവദിക്കപ്പെട്ടിരിക്കുന്ന പ്രോജക്ടുകളിൽ നിന്ന് അവ കുറവ് ചെയ്ത് അവശ്യമായ പ്രോജക്ടുകളിലേക്ക് അധിക തുക വകകൊള്ളിച്ച് പരിഷ്കരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥരും സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട് ലഭിക്കുന്ന വികസന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാകാതെ പോകുന്നത് വഴിയുള്ള നഷ്ടവും ഒഴിവാക്കപ്പെടേണ്ടതാണ്. ഫണ്ട് ലാപ്സാകുന്നതൊഴിവാക്കാൻ ഭരണസമിതി ആവശ്യമായ മുൻകരുതൽ എടുക്കേണ്ടതുമാണ്.

1-25 ലൈബ്രറി സെസ്സ് അക്കൗണ്ടിൽ നിന്നും 6,00,000/- രൂപ വകമാറ്റി ചെലവഴിച്ചു

01.07.2023-ൽ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടായ ഐ.ഡി.ബി.ഐ.അക്കൗണ്ട് നം.-61056 ലേക്ക്

ലൈബ്രറി സെസ്സ് അക്കൗണ്ടായ ഐ.ഡി.ബി.ഐ.അക്കൗണ്ട് നം. 76030 ൽ നിന്നും 6,00,000 രൂപ അടിയന്തിര സാഹചര്യമെന്ന് വ്യക്തമാക്കി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി ബന്ധപ്പെട്ട ഫയൽ/ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ വ്യക്തമായി. എന്നാൽ ടി തുക പിന്നീട് ലൈബ്രറി സെസ്സ് അക്കൗണ്ടിലേക്ക് തിരിച്ച് നിക്ഷേപിച്ചതായി കാണുന്നില്ല. തുക പിന്നീട് റിക്കൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്കുള്ള (നം.16 തീയതി 28.01.2025) മറുപടിയിൽ, നാളിതുവരെ തിരികെ നിക്ഷേപിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ 55,52,833 ലക്ഷം രൂപയോളം ലൈബ്രറി സെസ്സ് ഇനത്തിൽ നഗരസഭയ്ക്ക് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുവാനുള്ള സാഹചര്യത്തിൽ തുക വകമാറ്റി ശമ്പളാവശ്യങ്ങൾക്കായി ചെലവഴിച്ചതും നാളിതുവരെ തിരികെ ഒടുക്കാത്തതും ശരിയായ നടപടിയില്ല. ആകയാൽ സെസ്സ് അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക 6,00,000 രൂപ തിരികെ ഒടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-26 അഗതിരഹിത കേരളം പദ്ധതി - മുൻവർഷങ്ങളിൽ അനുവദിച്ച തുക നിലവിലും ചെലവഴിച്ചിട്ടില്ല

അഗതിരഹിത കേരളം പദ്ധതിയുടെ ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മാവേലിക്കര ശാഖയിലെ അക്കൌണ്ടിൽ (012001000021711) 31.03.24 ൽ 32,97,680/-രൂപ നീക്കിയിരുപ്പുണ്ട്. 2010-11 മുതൽ പ്ലാൻഫണ്ടിനത്തിൽ അനുവദിച്ച 44,87,500/-രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 23,30,739/-രൂപയും ടി നീക്കിയിരുപ്പിൽ ഉൾപ്പെടുന്നു. പ്ലാൻ ഫണ്ടിനത്തിൽ ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	തുക
2010-11	17,37,500
2011-12	2,00,000
2015-16	2,50,000
2016-17	5,00,000
2017-18	4,00,000
2018-19	3,00,000
2019-20	3,00,000
2020-21	3,00,000
2021-22	3,00,000
2022-23	2,00,000

തുകയുടെ ഇനം തിരിച്ച വിശദാംശം (എന്തെല്ലാം ആവശ്യത്തിനായി ലഭ്യമായത് എന്നതിന്റെ വിവരം) ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/28.01.25) ലഭ്യമാക്കിയ മറുപടിയിൽ, ടി തുകയിൽ 7,30,000/-രൂപ ഭൂമി വാങ്ങൽ, 9,12,500/-രൂപ ഭവനനിർമ്മാണം 5,14,261/- രൂപ ഭക്ഷണം എന്നിവക്കായി ആകെ 21,56,761/-രൂപ ചെലവഴിച്ചിട്ടുള്ളതായി അറിയിച്ചു. എന്നാൽ 2010-11 മുതലായി അഗതികൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ടി തുക അനുവദിച്ചത് എന്നതിന്റെ വിവരം ലഭ്യമാക്കിയില്ല.

അഗതികൾക്ക് ഏതെല്ലാം സേവനങ്ങൾക്കായി ലഭ്യമായതാണ് ടി തുക എന്നത് പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം അനുവദിക്കാനായില്ല എങ്കിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-27 നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ മെഡിസെപ്പ് വിഹിതവും നഗരസഭയ്ക്ക് കുടിശ്ശിക

2023-24 വർഷത്തെ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പ്രതിമാസ പെൻഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പരിശോധിച്ചതിൽ, 7/2023 മുതൽ 9/2023 വരെയുള്ള കാലയളവിലെ 43 കണ്ടിജന്റ് ജീവനക്കാരുടെ പ്രതിമാസം 500 രൂപ വീതമുള്ള മെഡിസെപ്പ് വിഹിതം 64,500 രൂപയും 10/23 മുതൽ 3/24 വരെയുള്ള 44 ജീവനക്കാരുടെ മെഡിസെപ്പ് വിഹിതം 1,32,000 രൂപയും ഉൾപ്പടെ 1,96,500 രൂപ ട്രഷറിയിൽ നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലായെന്ന് കാണുന്നു. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണംനൽകിയതിന്(നം.23 തീയതി 29.01.2025) ലഭ്യമാക്കിയ മറുപടിയിൽ, ജൂലൈ 2023 മുതൽ ജനുവരി 2024 വരെയുള്ള മെഡിസെപ്പ് വിഹിതം 08.10.2024-ൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണെന്നും നിലവിൽ ഫെബ്രുവരി 2024 മുതൽ സെപ്തംബർ 2024 വരെയുള്ള കുടിശ്ശിക 1,76,000 രൂപ ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചു. ഇൻഷ്വറൻസ് തുകകൾ മുൻകൂറായി

ഒട്ടുക്ക് വരുത്താത്ത പക്ഷം ജീവനക്കാർക്ക് ഇക്കാലയളവിലുണ്ടാകുന്ന ചികിത്സാചെലവുകൾക്കുള്ള ക്ലയിം നഷ്ടപ്പെട്ടുപോകുമെന്നിരിക്കെ നഗരസഭയുടെ ഈ മെല്ലെപ്പോക്ക് ശരിയായ നടപടിയല്ല. ആകയാൽ ഫെബ്രുവരി 2024 മുതൽ ഫെബ്രുവരി 2025 വരെയുള്ള കണ്ടിജന്റ് ജീവനക്കാരുടെ മെഡിസെപ്പ് വിഹിതം അടിയന്തിരമായി ഒട്ടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 ആധുനിക അറവുശാല നിർമ്മാണം-അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചില്ല-നഗരസഭയ്ക്ക് നിലവിൽ 97,64,790/- രൂപയുടെ ബാധ്യത

ശുചിത്വമിഷൻ ഫണ്ടും നഗരസഭാ ഫണ്ടും ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത ആധുനിക അറവുശാല നിർമ്മാണം എന്ന പദ്ധതിക്ക് ശുചിത്വമിഷനിൽ നിന്നും എസ്റ്റിമേറ്റിനനുസൃതമായ ഫണ്ട് ലഭിച്ചിട്ടും സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി തുടങ്ങിവെക്കാൻ പോലും സാധിച്ചിട്ടില്ല.നഗരസഭയുടെ നിലവിലുള്ള അറവുശാല ടൈനി മോഡേൺ അറവുശാലയായി നിർമ്മിക്കുന്നതിന് ലഭിച്ച 74,20,000 രൂപ ശുചിത്വമിഷനിൽ നിന്നും ലഭിച്ച് വർഷങ്ങൾക്ക് ശേഷവും അനുയോജ്യമായ സ്ഥലം പോലും കണ്ടെത്താനാകാതെ നിലവിൽ പലിശയുൾപ്പടെ നഗരസഭയ്ക്ക് 97,64,790 രൂപയുടെ ബാധ്യതയായി മാറി. നഗരസഭാ ഫണ്ടും ശുചിത്വമിഷൻ ഫണ്ടും സംയോജിപ്പിച്ച് പദ്ധതി ആസൂത്രണം ചെയ്തെങ്കിലും ശുചിത്വമിഷനിൽ നിന്നും ലഭ്യമായ 74.20 ലക്ഷം രൂപയും പഞ്ചാബ് നാഷണൽ ബാങ്കിന്റെ 53596-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചു(13.01.2011 ൽ 14.20 ലക്ഷം രൂപയും 19.04.2017 ൽ 60 ലക്ഷം രൂപയും) അറവുശാല നിർമ്മാണത്തിനായി ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും 9.99% കുറവ് രേഖപ്പെടുത്തിയ ശ്രീ.എൻ.വിജയൻ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം അറവുശാല പുതുക്കി പണിയാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിന് ശുചിത്വ മിഷന് 20.05.2017-ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ 90 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലാത്തതാണെന്ന് മിഷൻ അറിയിക്കുകയും ചെയ്തു. എന്നാൽ അറവുശാലയാക്കി മാറ്റാൻ ഉദ്ദേശിച്ച കെട്ടിടത്തിന്റെ 25 മീറ്റർ പരിധിയിൽ വാസഗൃഹങ്ങൾ ഉള്ളതിനാലും ഹസാർഡസ് കാറ്റഗറിയിൽ വരുന്ന നിർമ്മാണമായതിനാലും 28.03.2018 ലെ കൗൺസിലിന്റെ 8-ാംനമ്പർ തീരുമാന പ്രകാരം പ്രസ്തുത സ്ഥലത്തെ നിർമ്മാണം ഉപേക്ഷിക്കുകയും ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം തുടർന്ന് കണ്ടെത്തുന്നതിനും തീരുമാനിച്ചു. പ്രസ്തുത കൌൺസിൽ തീരുമാനവുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി, നഗര വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ, 2024-25 വർഷം പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനായി പ്രോജക്ട് വെച്ചിട്ടുണ്ടോ, നഗരസഭയുടെ പ്രസ്തുത ബാധ്യത സംബന്ധിച്ച് കൌൺസിൽ ചർച്ച ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.9 തീയതി 25.01.2025) ലഭ്യമാക്കിയ മറുപടിയിൽ അറവ് ശാല നിർമ്മാണത്തിനായി യോജിച്ച സ്ഥലം കണ്ടെത്തുന്നതിനോ തന്മൂലം 2024-25 വർഷം പ്രോജക്ട് വെക്കാനോ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ശുചിത്വമിഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-29 പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക അനുവദിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ	
പ്രോജക്ടിന്റെ പേര്	പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	
പ്രോജക്ട് നം.	S0050/24	
ഫണ്ട്	വികസന ഫണ്ട് (എസ് സി പി)	
അടങ്കൽ	24,54,000/-	
ചെലവ്	20,95,000/-	
ബിൽ നം,തീയതി	19,55,000/-	191/06.02.24
	1,40,000/-	154/03.01.24

ജി.ഒ.(എം.എസ്.) നം115/2022/തസ്വഭവ തീയതി 28.05.22 ഖ.7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര

സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് അനുവദനീയമാണ്. ആയത് പ്രകാരം ടി പദ്ധതിയിലുൾപ്പെടുത്തി ഐഎംഎസ്, കൊച്ചിൻ എന്ന സ്ഥാപനത്തിൽ Post Graduate Diploma In Hospital Administration എന്ന കോഴ്സിൽ പഠിക്കുന്ന കുട്ടിക്ക് 30,000/-രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖപ്രകാരം ബിരുദാനന്തരബിരുദം, ബിരുദാനന്തരബിരുദത്തിന് ശേഷമുള്ള ഗവേഷണം എന്നീ കോഴ്സുകളിലെ പഠിതാക്കൾക്കാണ് 30,000/- രൂപ സ്കോളർഷിപ്പിന് അർഹത. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഡിപ്ലോമ കോഴ്സിന് ബാധകമായ 20,000/- രൂപ സ്കോളർഷിപ്പിനാണ് അർഹത എന്നിരിക്കെ ബിരുദാനന്ത ബിരുദ കോഴ്സിന് അർഹമായ 30,000/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/03.02.2025) ലഭ്യമാക്കിയ മറുപടിയിൽ വിദ്യാർത്ഥി ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ "Post Graduate Diploma In Hospital Administration" എന്ന് രേഖപ്പെടുത്തിയതിനാലാണ് 30,000/-രൂപ അനുവദിച്ചതെന്നാണ് അറിയിച്ചത്. ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച അപാകത വിശദമാക്കി വ്യക്തമായ വിവരം ലഭ്യമാക്കാത്തതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

അധികം ചെലവഴിച്ച 10,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

1-30 പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -കോഴ്സ് പൂർത്തിയാക്കിയതിന് ശേഷം ആനുകൂല്യം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ
പ്രോജക്ടിന്റെ പേര്	പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്
പ്രോജക്ട് നം.	S0189/24
ഫണ്ട്	വികസന ഫണ്ട് (എസ് സി പി)
അടങ്കൽ	1,20,000/-
ചെലവ്	1,13,907/-
ബിൽ നം., തീയതി	98/18.09.23

സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിൽ ജി.ഒ.(എം.എസ്.) നം115/2022/തസ്വഭവ തീയതി 28.05.22 ഖ.7.2.7 പ്രകാരം അനുവദനീയമായ ലാപ്ടോപ്പ് ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സ് പൂർത്തിയാക്കിയതിന് ശേഷമാണ് നൽകിയത്.

വിദ്യാർത്ഥിയുടെ പേര്	കോഴ്സ് സർഫിക്കറ്റിന്റെ വിവരം	ലാപ്ടോപ്പ് കൈപ്പറ്റിയത്
കെ.ആർ.അനന്തകൃഷ്ണൻ വെള്ളൂർ തടത്തിൽ (ഗുണഭോക്തൃലിസ്റ്റ് -ക്രമനം.32)	ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നിന്നുള്ള സാക്ഷ്യപത്രപ്രകാരം 2023 അക്കാഡമിക് വർഷം BBA Logistic കോഴ്സ് പൂർത്തിയാക്കി	05.09.23
അഞ്ജുഉത്തമൻ പൂവണ്ണാൽ (ഗുണഭോക്തൃലിസ്റ്റ് -ക്രമനം.22)	ചെങ്ങന്നൂർ എസ് എൻ കോളേജിൽ നിന്നുള്ള സാക്ഷ്യപത്രപ്രകാരം 2023 അക്കാഡമിക് വർഷം Bsc Physics കോഴ്സ് പൂർത്തിയാക്കി	05.09.23

2022-23 വർഷത്തെ ഗുണഭോക്തൃലിസ്റ്റിലാണ് ടി വിദ്യാർത്ഥികൾ ഉൾപ്പെട്ടതെങ്കിലും പദ്ധതി സ്പിൽ ഓവറായി നടപ്പാക്കി, ലാപ്ടോപ്പ് വിതരണം ചെയ്തപ്പോൾ ടി വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തിയായി. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ ആവശ്യത്തിന് അനുവദനീയമായ ലാപ്ടോപ്പ് വിതരണം ചെയ്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/31.01.25) ലഭ്യമാക്കിയ മറുപടിയിൽ, ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി സ്പിൽഓവറായതിനാലാണ് ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം അനുവദിക്കാൻ

കഴിയാതിരുന്നതെന്നാണ് അറിയിച്ചത്. തൻവർഷം പദ്ധതി പൂർത്തിയാക്കാനായില്ല എങ്കിലും അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി ആനുകൂല്യം നൽകിയ ശേഷം അടുത്ത വാർഡ് സഭയിൽ ഗുണഭോക്താക്കളെ അംഗീകരിക്കാമെന്നിരിക്കെ കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചത് ക്രമപ്രകാരമല്ല. പദ്ധതി നിർവഹണത്തിൽ സമാനമായ അപാകതകളുണ്ടാകാതിരിക്കാൻ വരും വർഷങ്ങളിൽ നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 ലൈബ്രറി സെസ്സ് -നഗരസഭയുടെ ബാധ്യത 55,52,833/- രൂപ

നഗരസഭയുടെ ലൈബ്രറി സെസ്സ് ഒടുക്ക് വരുത്തുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2023-24 (I St Half)–വരെ ഒടുക്ക് വരുത്താനുള്ള കുടിശ്ശിക 26,41,716 രൂപയാണ്. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2021-22 – 751609

2022-23 -1361343

2023-24 (I St Half)– 528764

(-) തൻ വർഷം ലൈബ്രറി കൗൺസിലിനടച്ച തുക -3,00,000 രൂപ

ആകെ -23,41,716 രൂപ

വാർഷിക ധനകാര്യ പത്രിക പ്രകാരം 2023-24 (2nd Half) ഉൾപ്പടെ നഗരസഭയുടെ ആകെ ബാധ്യത 55,52,833/-രൂപയായി ഉയർന്നിട്ടുണ്ട്. സെസ്സ് കുടിശ്ശിക നിലവിൽ (2024-25 വർഷം) ലൈബ്രറി കൗൺസിലിനടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം.29 തീയതി 30.01.2025)തുടർന്ന് തുകയൊന്നും ഒടുക്ക് വരുത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും ഒടുക്കേണ്ടതാണ് (സർക്കുലർ നം.10088/എൽ 3/05/തസ്വഭവ തീയതി 20.09.2005). ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് ടി സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക അതാത് കാലയളവിലെ സെക്രട്ടറിമാരുടെ ബാധ്യതയായി മാറാതെ കുടിശ്ശിക തുക ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-32 ജീവനക്കാരുടെ അരിയർ ഡി.എ., റിട്ടയേർഡ് ജീവനക്കാരുടെ ഡി.ആർ - കുടിശ്ശിക-നഗരസഭയ്ക്ക് വൻബാധ്യത

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള ക്ഷാമബത്തകളും (As Per G.O.(p) No.25/2021/Fin Dated 08.02.2021) റിട്ടയേർഡ് ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഡി.ആർ അരിയറും അനുവദിച്ച് നൽകിയിട്ടില്ല. നിലവിൽ മേൽപ്പറഞ്ഞ കുടിശ്ശിക തുകകളിൽ ഏതെങ്കിലും ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക്(നം.45 തീയതി 03.02.2025)കണ്ടിജന്റ് ജീവനക്കാർക്ക് 28.02.2007 മുതലുള്ള വിവിധ ഗവ.ഉത്തരവുകൾ പ്രകാരം അനുവദിക്കാനുള്ള ഡി.എ.അരിയർ തുക 15,04,884 രൂപ അനുവദിച്ച് നൽകുവാനുണ്ടെന്നും റഗുലർജീവനക്കാരുടെ ഡി.എ അരിയർ 18,43,970 രൂപയുമാണെന്നും കൂടാതെ റഗുലർജീവനക്കാരുടെ ഡി.ആർ അരിയർ ഇനത്തിൽ 6,21,899/-രൂപ അനുവദിച്ച് നൽകുവാനുണ്ടെന്നും സെക്ഷൻ ഹാജരാക്കിയ വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നു. വിരമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് അനുവദിക്കാനുള്ള ഡി.ആർ.അരിയർ തുക സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല. സർക്കാർ ശമ്പളത്തിനോടൊപ്പം കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമാശ്വാസങ്ങളും യഥാസമയം അനുവദിച്ച് നൽകാൻ സാധിക്കുന്നില്ല. മേൽ വിഷയം സംബന്ധിച്ച് സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-33 പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ ബാധ്യത സംബന്ധിച്ച് നഗരസഭയിൽ വിവരങ്ങൾ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഒടുക്കൽ (S0013/24) എന്ന പ്രോജക്ടിലുൾപ്പെടുത്തി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	തുക	ബിൽ നം., തീയതി

1.	41,896/-	22300128/02.06.23
2	17,635/	22300621/13.11.23
3	17,03,819/-	32432690218/13.03.24
ആകെ	17,63,350/-	

പൊതുടാപ്പുകളുടെയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും വെള്ളക്കരം ഒടുക്കുന്നതിനായാണ് ടി പദ്ധതി ആവിഷ്കരിച്ചത്. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം ഒടുക്കുന്നതിനായി ക്രമ നം.2 ൽ ചെലവഴിച്ച തുകയുടെ മാത്രം ചെലവ് രേഖകളാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ഫയലുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ എന്താവശ്യത്തിനായാണ് മറ്റ് തുകകൾ ചെലവഴിച്ചത് എന്നതിൽ വ്യക്തത ഇല്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2023-24 വർഷം ലഭ്യമായ ഡിമാന്റ് നോട്ടീസുകൾ, കുടിവെള്ള കുടിശ്ശികയുടെ വിവരവുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/28.01.25) മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് ടി പദ്ധതിയുടെ രേഖകൾ ആവശ്യപ്പെട്ട് 03.02.2025 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

ഓഡിറ്റിൽ ഹാജരാക്കിയ 05.04.24ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ നഗരസഭക്ക് 5,67,42,869/-രൂപ (ടാപ്പുകളുടെ എണ്ണം -441) ബാധ്യതയുണ്ട്. എന്നാൽ ടി ബാധ്യത വാർഷികകണക്കിൽ ഉൾപ്പെടുത്തുകയോ ഇത് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഇത്രയധികം ബാധ്യതയുണ്ടായിട്ടും ഇതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകൾക്കുപരിയായി സ്ഥാപനത്തിന്റെ ഭാഗത്ത് ആവശ്യമായ യാതൊരു വിവരവും ലഭ്യമല്ല എന്നത് ബന്ധപ്പെട്ട സെക്ഷന്റെയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭാഗത്തുള്ള കുറ്റകരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന കുടിശ്ശികയുടെ കൃത്യത പരിശോധിക്കേണ്ട ചുമതല സ്ഥാപനത്തിനുണ്ട്.സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതും നേരിട്ട് ഒടുക്കിയതുമായ തുകകൾ യഥാസമയം ഡിമാന്റിൽ കുറവ് വരുത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് നിലവിൽ ഡിമാന്റ് ചെയ്യുന്ന കുടിശ്ശികയിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ മുൻ വർഷങ്ങളിലെ ഉൾപ്പെടെ വെള്ളക്കരം അടവിന്റെ രേഖകൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവ് രേഖകളുടെ അഭാവത്തിൽ ക്രമ നം.1,3 ആയി ചെലവഴിച്ച 17,45,715/- (41896 + 1703819)രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 മുൻകൂർ രജിസ്റ്റർ കൃത്യമല്ല - മുൻകൂറുകൾ യഥാകാലം ക്രമീകരിക്കപ്പെടുന്നില്ല

നഗരസഭയിലെ മുൻകൂർ രജിസ്റ്റർ കൃത്യമല്ല. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് ചില പ്രത്യേക ജോലികൾ നിർവ്വഹിക്കുന്നതിന് അനുവദിക്കുന്ന മുൻകൂറുകൾ ഒഴികെ ഉത്സവ അഡ്വാൻസ് അടക്കമുള്ളവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം 11,71,657 രൂപയാണ് വിവിധ മുൻകൂറുകൾ ആയി ചെലവഴിക്കപ്പെട്ടത്(ഷെഡ്യൂൾ ആർ.പി. 41). മുൻ വർഷങ്ങളിൽ നൽകിയതുൾപ്പടെ 73,28,703 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട് (ഷഡ്യൂൾ ബി.18 , ബാലൻസ് ഷീറ്റ് 31.3.24).

എ) ഉത്സവ അഡ്വാൻസ്

ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസ് 1.46 ലക്ഷം രൂപ സാമ്പത്തിക വർഷാവസാനവും തിരികെ ഈടാക്കിയിട്ടില്ല. 2024 ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നുള്ള തിരിച്ച് പിടിക്കലോടെ പൂർത്തിയാകേണ്ടിയിരുന്ന മുൻകൂറാണ് 31.3.24 ലും ഈടാക്കപ്പെടാതെ തുടരുന്നത്. ഇനിയും അഡ്വാൻസ് തുക തിരികെ നൽകാത്തവരുടെ പേര് വിവരം, തിരിച്ചടയ്ക്കാനുള്ള തുകയുടെ വിവരം എന്നിവ ആരാഞ്ഞ് 25.1.25 , 27.1.25 , 1.2.2025 തീയതികളിൽ യഥാക്രമം 1/23-24, 15/23-24, 41/23-24 നമ്പരായി ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തിരിച്ചടക്കാനുള്ളവരുടെ വിവരം ഓഡിറ്റിന് ശേഖരിക്കാനുമാകുന്നില്ല. ഇക്കാര്യത്തിൽ നഗരസഭ കൃത്യമായ അന്വേഷണം നടത്തി ഈടാക്കാൻ ബാക്കിയുള്ള തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണ്. സ്ഥലം മാറിപ്പോയ ഉദ്യോഗസ്ഥരിൽ നിന്ന് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ അത് കൈമാറിക്കിട്ടാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സെക്രട്ടറി അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

ബി) മിസലേനിയസ് അഡ്വാൻസ്

ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ജീവനക്കാരെ ചില പ്രത്യേക ജോലികൾ നിർവ്വഹിക്കുന്നതിന്

ചുമതലപ്പെടുത്തി അതിനായി അനുവദിച്ച മുൻകൂർ തുകയിൽ 27,28,554 രൂപ (ശീർഷകം 460100700, മിസലേനിയസ് അഡ്വാൻസ്) സാമ്പത്തിക വർഷാവസാനം ക്രമീകരിക്കാതെ ബാക്കി നിൽക്കുന്നു. ഇത് ഏതൊക്കെ എന്ന് രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. രജിസ്റ്ററിൽ തൻവർഷം നൽകിയ 6,47,337 രൂപയുടെ മുൻകൂർ ക്രമീകരിച്ചതായി രേഖപ്പെടുത്തലില്ല. മുൻകൂർ സംബന്ധിച്ച വൌച്ചർ നമ്പർ അടക്കമുള്ള വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല. 2017-18 മുതലുള്ള 2,16,660 രൂപയുടെ മുൻകൂർ ക്രമീകരിക്കാതെ തുടരുന്നതായും രജിസ്റ്റർ സൂചിപ്പിക്കുന്നു. യഥാർത്ഥത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ തുകകളുടെ കൃത്യമായ വിവരം വാർഷിക കണക്കിൽ നിന്നോ രജിസ്റ്ററിൽ നിന്നോ ലഭ്യമല്ല. മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസങ്ങൾക്കകം ആയത് ക്രമീകരിക്കാത്ത പക്ഷം മുഴുവൻതുകയും 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കപ്പെടണം എന്ന വ്യവസ്ഥ ഉണ്ടായിരിക്കെ (കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1, അനുച്ഛേദം 99 ; സ.ഉ.(അ) നം. 419/11 ധന. തീയതി 4.10.2011), കാലങ്ങളായി നൽകപ്പെട്ട വിവിധ മുൻകൂറുകൾ യഥാകാലം ക്രമീകരിക്കപ്പെടാതെ തുടരുന്നത് സംബന്ധിച്ച് വിശദമായ പരിശോധന സെക്രട്ടറി അടിയന്തിരമായി നടത്തേണ്ടതാണ്. വിവരങ്ങളുടെ അവ്യക്തത, രജിസ്റ്ററിന്റെ അപൂർണ്ണത, മുൻകൂർ ക്രമീകരണത്തിലെ അപാകത എന്നിവ ചൂണ്ടിക്കാട്ടിയും കാരണമാരാഞ്ഞും 25.1.25, 1.2.2025 തീയതികളിൽ യഥാക്രമം 1/23-24, 41/23-24 നമ്പരായി ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിട്ടും രേഖകളൊന്നും ലഭ്യമാക്കപ്പെട്ടില്ല. ക്രമീകരിക്കാത്ത മുൻകൂറുകൾ ഉദ്യോഗസ്ഥരിൽ നിന്ന് 18 ശതമാനം പലിശ സഹിതം തിരിച്ച് പിടിച്ച് 2024-25 വാർഷിക കണക്കിൽ ഉൾപ്പെടുത്തി അപാകം പരിഹരിക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. ഏതൊക്കെ മുൻകൂറുകൾ ക്രമീകരിക്കാനുണ്ടെന്ന കൃത്യമായ വിവരം ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കാൻ ഓഡിറ്റ് അവസാനിക്കുന്നതുവരെയും(05.02.2025) നഗരസഭക്ക് കഴിഞ്ഞിട്ടില്ല. മൂന്ന് മാസത്തിനുശേഷവും ക്രമീകരിക്കപ്പെടാതെ തുടരുന്ന മുൻകൂർ തുകകൾ പൂർണ്ണമായും ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാദ്ധ്യതയായി നിശ്ചയിച്ച് ആയത് നൽകിയ തീയതി മുതൽ 18 ശതമാനം പലിശ സഹിതം അടിയന്തിരമായി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

സി) മറ്റ് മുൻകൂറുകൾ

മേൽചേർത്തവ കൂടാതെ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന 44,54,149 രൂപയുടെ മുൻകൂറുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകളും രജിസ്റ്ററിലില്ല.

ഇതിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ 4,43,185 രൂപ, അദർ അഡ്വാൻസ് ആയി 19,625 രൂപ, കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ പദ്ധതി നടത്തിപ്പിനായി നിക്ഷേപിച്ച യഥാക്രമം 34,86,481, 4,19,000 രൂപ മുതലായവയും ഉൾപ്പെടുന്നു. അദർ ഡപ്പോസിറ്റ് വിത്ത് എക്സ്റ്റേണൽ ഏജൻസീസ് എന്ന ശീർഷകത്തിൽ നൽകിയ 45,955 രൂപ എത് സ്ഥാപനത്തിന് നൽകി എന്നുപോലും വ്യക്തമല്ല. അപാകം ചൂണ്ടിക്കാട്ടി 25.1.25, 1.2.2025 തീയതികളിൽ യഥാക്രമം 1/23-24, 41/23-24 നമ്പരായി ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിരുന്നു. ഇതിൽ ആദ്യ ഓഡിറ്റ് എൻക്വയറിക്ക് 2024-25 വാർഷിക കണക്കിൽ അപാകം പരിഹരിക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമായത്. അഡ്വാൻസിന്റെ തൽസ്ഥിതി ആരാഞ്ഞ് നൽകിയ രണ്ടാമത്തെ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ഇതുവരെ നൽകപ്പെട്ടതും ക്രമീകരിക്കാത്തതുമായ മുൻകൂറുകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഡിപ്പോസിറ്റ് വർക്കുകളിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച പണത്തിന്റെ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനും പൂർത്തിയായതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിക്കൊണ്ട് മുൻകൂർ ക്രമീകരിക്കുന്നതിനും ബാക്കി പണം തിരികെ ലഭിക്കാനുണ്ടെങ്കിൽ അത് ലഭ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-35 ബയോബിൻ വിതരണം - പദ്ധതി നിർവ്വഹണത്തിന് ആധികാരികമായ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ	
പ്രോജക്ടിന്റെ പേര്	ബയോബിൻ	
പ്രോജക്ട് നം.	S0132/24 (സ്പിൽ ഓവർ)	
ഫണ്ട്	ധനകാര്യ കമ്മീഷൻ അവാർഡ്	ശുചിത്വ മിഷൻ ഫണ്ട്
അടങ്കൽ	10,00,000/-	14,00,000/-
ചെലവ്	9,78,880/-	14,00,000/-

ബിൽ /വൌച്ചർ നം., തീയതി	3,30,000/-22300618/ 04.11.23	4,62,000/- 22300627/ 06.12.23
	6,48,880/- 22300679/ 19.02.24	5,76,000/- 22300633/ 06.12.23
		329760/- 22300677/ 01.02.24
		32,240/- ചെക്ക് നം.22470217687/ 29.02.24

ബിൻ ഒന്നിന് 1,440/-രൂപ നിരക്കിൽ റെയിഡ്കോ സപ്ലൈ ചെയ്ത ബയോബിന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയിസ് നം.	എണ്ണം
1	MLK/346/2023-24/06.10.23	550
2	MLK/396/2023-24/27.10.23	400
3	MLK/774/2023-24/27.01.24	229
4	MLK/775/2023-24/29.01.24	473
	ആകെ	1652

ജി.ഒ.(എം.എസ്.) നം115/2022/തസ്വഭവ തീയതി 28.05.22 ഖ.6.8. പ്രകാരം ഖരമാലിന്യസംസ്കരണം - ഗാർഹികതലം, ഓപ്ഷൻ -1 പ്രകാരം വകയിരുത്തേണ്ട തദ്ദേശ സ്ഥാപന വിഹിതം 60%, ശുചിത്വ മിഷൻ വിഹിതം 30%, ഗുണഭോക്തൃവിഹിതം -10%, ഓപ്ഷൻ -2 പ്രകാരം വകയിരുത്തേണ്ട തദ്ദേശ സ്ഥാപന വിഹിതം 90%, ഗുണഭോക്തൃവിഹിതം -10% എന്നതുമാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. <u>ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല</u> - ഓപ്ഷൻ – 1 പ്രകാരം നടപ്പാക്കിയ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഈടാക്കാതെ തദ്ദേശ സ്ഥാപന വിഹിതവും ശുചിത്വ മിഷൻ വിഹിതവും ഉൾപ്പെടുത്തിയാണ് ബയോബിന്നുകൾ നൽകിയത്. ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കേണ്ടിയിരുന്ന 2,37,888/- (23,78,880X10%) രൂപ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/31.01.2025) , ജി.ഒ.(ആർ റ്റി) നം.1337/2020/LSGD 06.07.20 ലെ നിർദ്ദേശാനുസരണം പ്രോജക്ട് നടപ്പാക്കിയതിനാലാണ് ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. സ്വച്ഛ്ഭാരത് മിഷൻ (നഗരം) ഖരമാലിന്യസംസ്കരണം ഡിപിആർ പ്രകാരം അംഗീകാരം നേടിയ പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം നിർബന്ധമില്ല എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ തൻവർഷം നടപ്പാക്കിയ ടി പ്രോജക്ടിൽ സ്വച്ഛ്ഭാരത് മിഷൻ (നഗരം) ഖരമാലിന്യസംസ്കരണം ഡിപിആർ പ്രകാരം അംഗീകാരം നേടിയ പദ്ധതിയാണ് എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇപ്രകാരമാണ് പദ്ധതി നടപ്പാക്കുന്നതെങ്കിൽ കേന്ദ്രവിഹിതം -35%, സംസ്ഥാനവിഹിതം -23.3%, നഗരസഭാവിഹിതം (തനത്/വികസനഫണ്ട്) -41.7% എന്ന ക്രമത്തിൽ തുക വകയിരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടി പദ്ധതിയിൽ ഇപ്രകാരമല്ല ഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതി കളുടെ നിർവ്വഹണ കാലയളവിലാണ് പദ്ധതി നടപ്പാക്കിയത് എന്നതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല. ടി പദ്ധതി സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ ഡിപിആർ പ്രകാരമാണ് നടപ്പാക്കിയതെങ്കിൽ മറുപടി സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. <u>വിതരണരേഖകൾ അപൂർണ്ണം</u> -ആകെ 1652 ബയോബിന്നുകൾ വാങ്ങിയെങ്കിലും വിതരണരജിസ്റ്റർ പ്രകാരം

വിതരണം ചെയ്തതായി രേഖപ്പെടുത്തിയത് 1280 എണ്ണം മാത്രമാണ്.

3. ഫണ്ട് വകയിരുത്തി ചെലവഴിച്ചത് ക്രമപ്രകാരമല്ല. -സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ ഡിപിആർ പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെങ്കിൽ ക്രമനം.ഒന്നിൽ വിവരിച്ച പ്രകാരമാണ് തുക വകയിരുത്തി ചെലവഴിക്കേണ്ടത്. ഡിപിആർ പ്രകാരമല്ലാത്ത പദ്ധതികൾക്ക്, ജി.ഒ.(എം.എസ്.) നം.115/2022/തസ്വഭവ തീയതി 28.05.22 ഖ.6.8. പ്രകാരം ഖരമാലിന്യസംസ്കരണം - ഗാർഹികതലം ഓപ്ഷൻ -1 പ്രകാരം വകയിരുത്തേണ്ട തദ്ദേശ സ്ഥാപന വിഹിതം 60%, ശുചിത്വ മിഷൻ വിഹിതം 30%, ഗുണഭോക്തൃവിഹിതം -10%, എന്നതായിരിക്കെ പ്രസ്തുത നിർദ്ദേശത്തിന് ആനുപാതികമായല്ല തദ്ദേശ സ്ഥാപന വിഹിതം, ശുചിത്വ മിഷൻ വിഹിതം എന്നിവ വകയിരുത്തി ചെലവഴിച്ചത്. കൂടാതെ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുമില്ല. തദ്ദേശ സ്ഥാപന വിഹിതം, ശുചിത്വ മിഷൻ വിഹിതം എന്നിവ യഥാക്രമം 14,40,000/- (24,00,000 X 60%) 7,20,000/- (24,00,000 X 30%) എന്നിങ്ങനെ വകയിരുത്തുന്നതിന് പകരം ശുചിത്വ മിഷൻ വിഹിതം, തദ്ദേശ സ്ഥാപന വിഹിതം എന്നിവ യഥാക്രമം 14,00,000/-, 10,00,000/- രൂപ വീതം വകയിരുത്തി തദ്ദേശ സ്ഥാപന വിഹിതം 9,78,880/-രൂപയും ശുചിത്വ മിഷൻ വിഹിതം 14,00,000/-രൂപയുമാണ് ചെലവഴിച്ചത്.

4) വിവിധ ബില്ലുകളിലായി ജി എസ് ടി (46,934/-) ഇനത്തിൽ കുറവ് ചെയ്ത തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

ടി അപാകതകൾ കാരണം പദ്ധതിക്കായി ചെലവഴിച്ച 23,78,880/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവഹണം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

1-36 പെൻഷൻ കോൺട്രിബ്യൂഷൻ- ഒടുക്ക് വരുത്തിയില്ല

1996 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടം.6 പ്രകാരം മുനിസിപ്പൽ ഭരണ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സർക്കാർഭദ്രതയുള്ള സേവിംഗ്സ് ബാങ്കിലോ ദേശസാൽക്കൃത ബാങ്കിലോ സെൻട്രൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതും ചട്ടം.7(2) പ്രകാരം ഓരോ ജീവനക്കാരന്റേയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.ചട്ടം 8പ്രകാരം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം ടി തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഡയറക്ടറുടെ പേരിൽ അടക്കേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-9 പ്രകാരം കോൺട്രിബ്യൂഷൻ ടു സെൻട്രൽ പെൻഷൻ ഫണ്ട്, കോൺട്രിബ്യൂട്ടറി പെൻഷൻ എംപ്ലോയീസ് ലയബിലിറ്റി എന്നീ ഇനങ്ങളിൽ കുടിശ്ശികയായി യഥാക്രമം 38,98,208 രൂപയും, 14,76,620 രൂപയും ഉൾപ്പടെ 53,74,828 രൂപ നഗരസഭയ്ക്ക് കുടിശ്ശികയായി 2023-24 വർഷമായപ്പോഴേക്കും ഒടുക്ക് വരുത്തുവാനുണ്ട്. .

മാത്രമല്ല, കോൺട്രിബ്യൂട്ടറി പെൻഷൻ ഇനത്തിലും നഗരസഭയ്ക്ക് 8,66,507/- രൂപ കുടിശ്ശിക ഒടുക്കുവരുത്തുവാനുണ്ട്. എന്നുമാത്രമല്ലുള്ള കുടിശ്ശികയാണെന്നും നിലവിൽ കുടിശ്ശിക തുകകൾ ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ഫയൽ സഹിതം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.35 തീയതി 31.01.2025) മറുപടി ലഭ്യമാക്കുകയോ എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം സംബന്ധിച്ച് ഭരണസമിതിയുടെ അഭിപ്രായം അറിയിക്കുകയോ ചെയ്തില്ല. സമയപരിധിക്കുള്ളിൽ പെൻഷൻ വിഹിതം അടക്കുന്നതിന് വീഴ്ചവരുത്തിയാൽ, വീഴ്ചവരുത്തിയ കാലയളവിലെ സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റിന് തത്സമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാധ്യതയുള്ളതായി ചട്ടം8(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ആക്ടിലെ 309-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ ഫണ്ടിൽനിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മുടക്കം വരുത്താതെ നൽകുന്നതിന് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അതീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-37 വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കിയില്ല

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ 'വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ' എന്ന പ്രോജക്ട് വഴി (പ്രോജക്ട് നം. S0043/24) 2023-24 ൽ മുൻഗണനായി ആദ്യഗഡു അനുവദിക്കപ്പെട്ട 50 ഗുണഭോക്താക്കളിൽ ശ്രീ.മണിക്കുട്ടൻ, ചക്കരക്കിഴക്കതിൽ; ശ്രീമതി ശ്രീരശ്മി, വാഴയിൽ എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. 12,000 രൂപ വീതം മുൻഗഡു കൈപ്പറ്റിയെങ്കിലും ഈ തുകയുടെ പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമല്ല. പ്രസ്തുത ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം, നഗരസഭ സ്വീകരിച്ച നടപടികൾ എന്നിവ

ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/23-24; 25.01.2025) നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കളെ നേരിട്ട് ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശിച്ചിരുന്നെന്നും തുടർന്ന് ഇത് ചൂണ്ടിക്കാട്ടി കത്ത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു. പ്രവൃത്തി പൂർത്തീകരണത്തിനും അത് സാധിക്കാത്തപക്ഷം ചെയ്ത പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ച് ബാക്കി പണം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ഇടപെടൽ ശുപാർശചെയ്യുന്നു.

ചെലവ് വിവരം

അടങ്കൽ – 30 ലക്ഷം രൂപ (വികസന ഫണ്ട് (ജനറൽ))

ചെലവ് – 6.26 ലക്ഷം രൂപ

ബിൽ റഫ.നം – 1199863/ 10.2.24- 75,000 രൂപ

1266850/ 23.2.24 – 96,000 രൂപ

1298506/ 29.2.24 – 96,000 രൂപ

1307108/02/3/24 – 96,000 രൂപ

1338613/ 07.3.24– 96,000 രൂപ

1366117/13.3.24 – 96,000 രൂപ

1400306/18.3.24 -71,000 രൂപ

1-38 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

എ) ഐകെഎം വിഹിതം നൽകൽ

പ്രോജക്ടിന്റെ പേര്	ഐകെഎം വിഹിതം നൽകൽ
പ്രോജക്ട് നം.	S0001/24
ഫണ്ട്	വികസനഫണ്ട് (ജനറൽ)
അടങ്കൽ	1,51,033/-
ചെലവ്	1,51,033/-
ബിൽ നം,തീയതി	23/16.06.23

ഇൻഫർമേഷൻ കേരള മിഷന് നൽകിയ 1,51,033/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഐകെഎം ലഭ്യമാക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.18/28.01.25) മറുപടി നൽകി.

ബി) വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ

പ്രോജക്ടിന്റെ പേര്	വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ -കെഎസ്ഇബിക്ക് തുക നൽകൽ	
പ്രോജക്ട് നം.	S0253/24	
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	വികസന ഫണ്ട് (ജനറൽ)
അടങ്കൽ	58519/-	1,38,620/-
ചെലവ്	58519/-	1,38,620/-
ബിൽ /ചെക്ക് നം., തീയതി	32478537606/27.03.24	245/15.03.24

അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., മാവേലിക്കരയുടെ 31.03.23 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വൈദ്യുതി ലൈൻ എക്സ്റ്റെൻഷനായി ഡെപ്പോസിറ്റ് ചെയ്ത 54,761/- രൂപയുടെയും അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., തട്ടാരമ്പലത്തിന്റെ 30.03.23 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വൈദ്യുതി ലൈൻ എക്സ്റ്റെൻഷനായി ഡെപ്പോസിറ്റ് ചെയ്ത 1,42,378/- രൂപയുടെയും വിനിയോഗസാക്ഷ്യപത്രം, കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/28.01.25) മറുപടി നൽകിയില്ല.

സി) അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് ജെക്സ്റ്റ്,കേരള -23 തുക നൽകൽ

പ്രോജക്ടിന്റെ പേര്	അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് ജെക്സ്റ്റ്,കേരള -23 തുക നൽകൽ
പ്രോജക്ട് നം.	S0129/24
ഫണ്ട്	വികസനഫണ്ട് (ജനറൽ)
അടങ്കൽ	1,00,000/-
ചെലവ്	1,00,000/-
ബിൽ നം., തീയതി	22300678/01.02.24

ജി.ഒ.(എം.എസ്.) 24/2023/LSGD/05.01.23 പ്രകാരം 2023 ജനുവരി 12 മുതൽ 14 വരെയായി സംഘടിപ്പിച്ച അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് ജെക്സ്റ്റ്,കേരള -23 ന് നഗരസഭാവിഹിതമായി ശുചിത്വമിഷൻ പേരിൽ നൽകിയ ടി തുകയുടെ കൈപ്പറ്റ് രസീതുൾപ്പെടെ തുകയുടെ ട്രാൻസ്ഫർ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിനിയോഗരേഖകളുടെ അഭാവത്തിൽ എ, ബി,സി പദ്ധതികളിലായി ചെലവഴിച്ച 4,48,172/-രൂപയുടെ ചെലവ് (1,51,033/- + 1,97,139/- +1,00,000/-) തടസ്സപ്പെടുത്തുന്നു.

1-39 മൂലധന നിക്ഷേപം വരുമാനദായകമാകുന്നില്ല

നഗരസഭ 2015-16 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്ന് 17 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപയും ഉൾപ്പടെ ആകെ 32 ലക്ഷം രൂപ ക്ലീൻ കേരള കമ്പനി ഷെയറിൽ നിക്ഷേപിച്ചിരുന്നു (യഥാക്രമം വൌച്ചർ നം.21501031, 21501044/ 31.3.2016). ഈ നിക്ഷേപത്തിന് ഇതുവരെ നഗരസഭയ്ക്ക് ലാഭവിഹിതം (ഡിവിഡന്റ്) ലഭിച്ചിട്ടില്ല. ഡിവിഡന്റ് ലഭിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/23-24; 29.1.2025) ഡിവിഡന്റ് ലഭിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. വരുമാന ദായകമല്ലാത്ത നിക്ഷേപങ്ങൾ പണപ്പെരുപ്പം കൂടി പരിഗണിക്കുമ്പോൾ നഗരസഭാഫണ്ടിന് ബാദ്ധ്യതയാണ്. നിക്ഷേപത്തിൽ നിന്ന് ലഭിക്കേണ്ട അർഹമായ ലാഭവിഹിതം നേടിയെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്	തെരുവ് വിളക്കുകളുടെ മെയിന്റനൻസ്
നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം.	S0126/24(സ്പിൽ ഓവർ)
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
അടങ്കൽ	6,50,000/-
ചെലവ്	5,00,000/-
ബിൽ നം., തീയതി	286/25.03.24

തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി 16.03.23 ൽ ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അനസ് എസ്., ഇലക്കൂക്കൽ കോൺട്രാക്ടർ, തേവലക്കര എന്നയാളുടെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്വട്ടേഷൻ 31.03.23 ലെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ടിയാന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ശ്രീ.അനസ് എസ്.മായി 31.03.23ൽ ഏർപ്പെട്ട കരാർ സെക്രട്ടറി ഒപ്പുവെച്ച് അധികൃതമാക്കിയിട്ടില്ല.

2) കരാറുകാരൻ ഹാജരാക്കിയ ഇൻവോയിസ് (34/26.03.24) പ്രകാരം 2990 എൽ ഇ ഡി ലൈറ്റുകളും 18W എൽ ഇ ഡി ബൾബുകൾ 20എണ്ണവും മാറ്റിയിട്ടുണ്ട്. എന്നാൽ വാർഡ് കൌൺസിലർമാർ ഹാജരാക്കിയ സാക്ഷ്യപത്രങ്ങളിൽ 2,4,6 വാർഡുകളിൽ മാത്രമാണ് മാറ്റിയ തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ വാർഡുകളിലെ സാക്ഷ്യപത്രങ്ങളിൽ എണ്ണം രേഖപ്പെടുത്താതെ പുതിയ തെരുവ് വിളക്കുകൾ ഇട്ടിട്ടുണ്ട് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3) 2,4,6വാർഡുകളിലുൾപ്പെടെ യാതൊന്നിലും തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയ പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

4) റിപ്പയർ പ്രവൃത്തിയിൽ ഏർപ്പെട്ട ജീവനക്കാരുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) റിപ്പയർ പ്രവൃത്തിക്കായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഡിവിഷനുകളിൽ കത്ത് നൽകിയതിന്റെയും സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

6) തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട റിപ്പയർ രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺയൂസബിൾസ് എന്നിവയും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ടി അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.17/28.01.2025-ന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 5,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 വൈദ്യുതി ചാർജ്ജ്, ഇന്ധനം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

1. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കൽ

പ്രോജക്ടിന്റെ പേര്	തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കൽ
പ്രോജക്ട് നം.	S0201/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	ധനകാര്യകമ്മീഷൻ അവാർഡ്
അടങ്കൽ	17,59,000/-
ചെലവ്	15,40,758/-

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1.	1,95,897/-	22300179/02.06.23
2	1,91,003/-	22300231/25.07.23

3	2,57,554/-	22300398/19.08.23
4	1,14,546/-	22300444/26.09.23
5	1,97,781/-	22300626/29.12.23
6	2,13,605/-	22300680/29.01.24
7	1,88,536/-	22460497969/23.02.24
8	1,07,050/-	32465642133/22.03.24
9	74,786/-	32465647866/22.03.24
ആകെ	15,40,758/-	

പദ്ധതി പ്രകാരം ചെലവഴിച്ച ക്രമനം.5,6 ബിൽ പ്രകാരമുള്ള തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നം.20/28.01.25), ഓഡിറ്റ് റിക്വിസിഷൻ (03.02.2025 ൽ) എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല.

2) നഗരസഭാവാഹനങ്ങളുടെ ഇന്ധന ചാർജ്ജ് നൽകൽ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു

പ്രോജക്ടിന്റെ പേര്	നഗരസഭാവാഹനങ്ങളുടെ ഇന്ധന ചാർജ്ജ് നൽകൽ	
പ്രോജക്ട് നം.	S0 247/24	
ഫണ്ട്	വികസനഫണ്ട് (ജനറൽ)	ധനകാര്യകമ്മീഷൻ അവാർഡ്
അടങ്കൽ	2,50,000/-	1,28,881/-
ചെലവ്	2,42,620/-	92,237/-
ബിൽ നം., തീയതി	89464/- 163/09.01.24	35,082/- 32475292957/26.03.24
	80423/- 167/11.01.24	57,155/- 32486525982/30.03.24
	72733/- 209/20.02.24	

ഓഡിറ്റ് അന്വേഷണം (നം. 37/01.02.2025), ഓഡിറ്റ് റിക്വിസിഷൻ (03.02.2025 ൽ) എന്നിവ നൽകിയതിനെ തുടർന്ന് മേൽ പട്ടികപ്രകാരമുള്ള വികസനഫണ്ട് (ജനറൽ) ചെലവുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.
ചെലവ് രേഖകളുടെ അഭാവത്തിൽ ക്രമ നം.1 പദ്ധതിയിൽ 4,11,386/- (1,97,781 +2,13,605) രൂപയും ക്രമ നം.2 പദ്ധതിയിൽ 92,237/- രൂപയും ഉൾപ്പെടെ ആകെ 5,03,623/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-42 ഓഡിറ്റ് റിക്കവറിതുകകൾ ഒടുക്ക് വരുത്തുന്നില്ല

ഓഡിറ്റ് റിക്കവറി ഇനത്തിൽ 31.3.24 ലെ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി-9, ബാധ്യത ഹെഡ്സ് 350200125) 2,03,438/- രൂപ ബാധ്യതയായി തുടരുന്നുണ്ട്. ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിട്ടും (നം. 32 തീയതി 30.01.2025) മറുപടി ലഭ്യമായില്ല. ഓഡിറ്റ് റിക്കവറിയുടെ ഫണ്ട് സോഴ്സ് കണ്ടെത്തി ടി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണോയെന്ന് പരിശോധിക്കേണ്ടതാണ്. സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകയാണെങ്കിൽ സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-43 ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ -പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര്	മാലിന്യസംസ്കരണം - ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ	
പ്രോജക്ട് നം.	S0136/24	
ഫണ്ട്	ധനകാര്യകമ്മീഷൻ അവാർഡ്	
അടങ്കൽ	4,96,298/-	
ചെലവ്	2,56,170/-	
ബിൽ നം,തീയതി	1,53,702/-	22300176/21.06.23
	1,02,468/-	22300397/12.09.23

2023 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ ഹരിത സഹായ സ്ഥാപനമായ ഐആർസിറ്റിസി ക്ക് നൽകിയതിനാണ് പ്രസ്തുത തുക (51234/month) ചെലവഴിച്ചത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ തുക 21.06.23 ലും ജൂൺ, ജൂലായ് മാസങ്ങളിലേത് 12.09.23-ലെ ബിൽ പ്രകാരവുമാണ് നൽകിയത്. ഇതുമായി ബന്ധപ്പെട്ട് 2023 മാർച്ച്, ജൂലായ് മാസങ്ങളിലെ ഐആർസിറ്റിസി യുടെ പ്രവർത്തന റിപ്പോർട്ട് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഹരിതസഹായസ്ഥാപനം നൽകിയ പ്രവർത്തന റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇതിനായി ചെലവഴിച്ച 1,53,702/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-44 നഗരസഭയിലെ വാഹനപരിപാലനം

1) നഗരസഭയിലെ ഉപയോഗയോഗ്യമായ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

ക്രമ നം.	ഇനം	രജിസ്ട്രേഷൻ നം.
1	Force Ambulance	KL 04-AT 4259
2	Mac Auto Electric	KL-31S -2904
3	Tata Lorry	KL-31R -3621
4	Pick Up Mahindra	KL-31N 1842
5	TATA Yodha	KL -31S 1324
6	Maruthi Ertiga	KL -31S 3434
7	Mahindra Bolero	KL – 31F 3013
8	Ford Ecosport	KL – 31N 696

2) ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ വിവരം-

ക്രമ നം.	ഇനം	രജിസ്ട്രേഷൻ നം.
1	Mlni Lorry	KL 01-AJ 5706
2	Mlni Lorry (Cargo 709)	KL-04 F -1950
3	Eicher Mlni	KL-31A -8804
4	Tractor	KL-Q 452

ടി വാഹനങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ കഴിയാത്ത വിധത്തിലായതിനാൽ ലേലം ചെയ്യുന്നതിന് നടപടിസ്വീകരിച്ച് വരുന്നതായി ഓഡിറ്റ് അന്വേഷണത്തിന് (നം.38/03.01.25) മറുപടി നൽകിയെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയില്ല. ഉപയോഗിച്ചുവരുന്നതിൽ ക്രമ നം.3 മുതൽ 7 വരെയുള്ളവയുടെ ഇന്ധനക്ഷമതാടെസ്റ്റിന് ഫീസ് ഒടുക്കിയതായി അറിയിച്ചു. എന്നാൽ ഇന്ധനക്ഷമതാടെസ്റ്റ് നിലവിലും നടത്തിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. ഉപയോഗയോഗ്യമായതിൽ ഉൾപ്പെടുന്ന മറ്റ് വാഹനങ്ങളുടെ ഇന്ധനക്ഷമതാടെസ്റ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

KL 31S 1324, KL 31 N 696, KL 31N 1842, KL 31 F 3013, KL-31R -3621 വാഹനങ്ങളുടെ ലോഗ്ബുക്കുകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ടി ലോഗ്ബുക്കുകൾ പരിശോധിച്ചതിൽ KL-31R -3621 വാഹനത്തിന്റെ ലോഗ്ബുക്ക് മാത്രമാണ് നിശ്ചിത ഫോറത്തിലുള്ളത്. മറ്റ് വാഹനങ്ങളുടെ ലോഗ്ബുക്കായി ഉപയോഗിക്കുന്നത് നാൾവഴി (അനുബന്ധം 1) എന്ന് രേഖപ്പെടുത്തിയ രജിസ്റ്ററുകളാണ്. ടി വാഹനത്തിന്റെ ലോഗ്ബുക്കിൽ മാത്രമാണ് ഇന്ധനം നിറക്കുന്നതിന്റെ വിവരം രേഖപ്പെടുത്തുന്നത്. ഇതുൾപ്പെടെ യാതൊന്നിലും റിപ്പയറിംഗ് സംബന്ധിച്ച വിവരം,ഇന്ധനഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എന്നിവയും തയ്യാറാക്കുന്നില്ല.

ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാഹന പരിപാലനത്തിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും 2000 - ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

1-45 പഠന മുറി - മുൻകൂർ പണം നൽകി രണ്ട് വർഷമായിട്ടും നിർമ്മാണം പൂർത്തിയായില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന സ്പിൽ ഓവർ പ്രോജക്ടിൽ (S0191/24) 2022-23 വർഷം മുൻകൂറായി 50000 രൂപ കൈപ്പറ്റിയ ശ്രീമതി മഞ്ജുള , മിഥുൻ ഭവനം, കണ്ടിയൂർ ; രണ്ട് ഗഡുക്കളായി 1.25 ലക്ഷം രൂപ കൈപ്പറ്റിയ ശ്രീ.സുരേഷ് കുമാർ, വാർഡ് രണ്ട് എന്നീ ഗുണഭോക്താക്കൾ പഠന മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കാരണമാരാഞ്ഞും നഗരസഭ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10 തീയതി 25.01.2025)ശ്രീ.സുരേഷ് കുമാർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ശ്രീമതി മഞ്ജുളയെ നേരിട്ട് ബന്ധപ്പെട്ട് നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശിച്ചെന്നുമുള്ള മറുപടി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരണത്തിനും അത് സാധിക്കാത്തപക്ഷം പണം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ഗുണഭോക്താവിന് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി സബ്സിഡി തുക അനുവദിക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-46 മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിശോധന- തുക വക മാറ്റി ചെലവഴിച്ചതും മറ്റ് അപാകതകളും

2023-24 കാലയളവിൽ മാവേലിക്കര നഗരസഭയിൽ നിന്നും റെഗുലർ /കണ്ടിജന്റ് /ഫാമിലി പെൻഷൻ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിച്ചതിൽ നഗരസഭയിൽ നിന്നും റഗുലർ വിഭാഗത്തിൽ 39 പേരും കണ്ടിജന്റ് വിഭാഗത്തിൽ 44പേരും (ഫാമിലി പെൻഷൻ ഉൾപ്പടെ) പെൻഷൻ വാങ്ങുന്നു. 23-24 വർഷം പെൻഷൻ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാസം	റഗുലർ പെൻഷൻ		കണ്ടിജന്റ് പെൻഷൻ	
	തുക	വൌച്ചർ നം,തീയതി	തുക	വൌച്ചർ നം., തീയതി
ഏപ്രിൽ (2023)	8,57,263/-	180311/01.04.23	603985/-	180308/01.04.23
മെയ് (2023)	8,38,102/-	180363/ 10.05.23	184487/- (ബാങ്ക്)	180349/ 03.05.23
			428649/- (ട്രഷറി)	Xy-0624819/ 03.05.23
ജൂൺ (2023)	8,38,102/-	0624825/ 09.06.23	603985/-	184324/ 08.06.23
			9151/-	184325/ 08.06.23
ജൂലായ് (2023)	8,24,941/-	0624828/ 13.07.23	603985/-	184360/ 05.07.23
			9151/-	184361/ 05.07.23
ആഗസ്റ്റ് (2023)	8,24,941/-	188344/ 08.08.23	603985/-	184384/ 01.08.23
			9151/-	184385/ 01.08.23

സെപ്തംബർ (2023)	8,24,941/-	188368/ 07.09.23	613136/-	188364/ 05.09.23
ഒക്ടോബർ (2023)	8,27,744/-	188387/ 04.10.23	625441/-	188387/ 04.10.23
നവംബർ (2023)	8,27,744/-	188421/ 15.11.23	625441/-	188413/ 01.11.23
ഡിസംബർ (2023)	6,53,332/-	0624854/ 15.12.23	625441/- (Try)	0624853/ 08.12.23
	1,74,412/-	188447/ 15.12.23		
ജനുവരി (2024)	8,27,744/-	029321/ 12.02.24	625441/-	029321/ 12.02.24
ഫെബ്രുവരി (2024)	8,27,744/-	188482/ 23.02.24	611328/-	188475/ 16.02.24
മാർച്ച് (2024)	8,27,744/-	188506/ 14.03.24	623633/-	188505/ 13.03.24
ആകെ	99,74,754		7406390	

തൻവർഷം റഗുലർ & കണ്ടിജന്റ് പെൻഷൻ വിഭാഗങ്ങളിൽ പുതുതായി പെൻഷൻ അനുവദിച്ചവരുടെയും ഒഴിവാക്കപ്പെട്ടവരുടെയും വിവരം -

മാസം	റഗുലർ	കണ്ടിജന്റ്	റിമാർക്സ്
8/23		ഗൗരി എൻ.	പുതിയ പെൻഷണർ
2/24		കെ.അനിത	പെൻഷണറായിരുന്ന ദുഷ്യന്തൻ മരണപ്പെട്ടതിനാൽ ഫാമിലി പെൻഷൻ അനുവദിച്ചത്
		ശ്രീധരൻ കെ.എസ്.	പുതിയ പെൻഷണർ
5/23	എൻ.രമണൻ		മരണപ്പെട്ടു
07/23	വി.ഭാരതി		മരണപ്പെട്ടു

പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ വൌച്ചറിനോടൊപ്പം ബന്ധപ്പെട്ട പെൻഷനറുടെ പേര് വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ്,ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ വിതരണം നടത്തിയതിന്റെ സ്റ്റേറ്റ്മെന്റ്, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, റഗുലർ & കണ്ടിജന്റ് ജീവനക്കാരുടെ കമ്മ്യൂട്ടേഷൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കി. രജിസ്റ്ററുകളുടേയും വൌച്ചറുകളുടേയും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സെൻട്രൽ പെൻഷൻ ഫണ്ട് അലോട്ട്മെന്റിൽ നിന്നും 2,84,650/-രൂപ വക മാറ്റി ചെലവഴിച്ചു.

നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ഐ.ഡി.ബി.ഐ ബാങ്കിലെ പെൻഷൻ അക്കൗണ്ട് നം. 1432102000000806 ലേക്ക് എൽ.എസ്.ജി.ഡി/പി.ഒ/2597/2024 /പിഇഎൻ/എ.എസ് തീയതി 24.01.2024 പ്രകാരം മുപ്പത് ലക്ഷം രൂപ തൻവർഷം അലോട്ട്മെന്റായി ലഭിച്ചു. പ്രസ്തുത തുകയിൽ നിന്നും ചെക്ക് നം.029321 തീയതി 12.02.2024 പ്രകാരം 17,37,835/-രൂപ പിൻവലിച്ചതിൽ നിന്നും 2,84,650/-രൂപ കൗൺസിലർമാരുടെ സിറ്റിംഗ് ഫീ, ഓണറേറിയം എന്നീ ഇനങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. പെൻഷൻ അലോട്ട്മെന്റായി ലഭിച്ച തുകയിൽ നിന്നും ഇപ്രകാരം തുക വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.53 തീയതി 06.03.25) മറുപടി ലഭിച്ചില്ല. തനതു ഫണ്ടിൽ നിന്നും ക്രമപ്പെടുത്തി മറുപടി ലഭ്യമാക്കുന്നതുവരെ 2,84,650/-രൂപ തടസ്സപ്പെടുത്തുന്നു.

2) മാവേലിക്കര നഗരസഭയിൽ നിന്നും റഗുലർ/കണ്ടിജന്റ് ഇനത്തിൽ പെൻഷൻ /ഫാമിലി പെൻഷൻ കൈപ്പറ്റുന്ന

ജീവനക്കാരുടെ പേര്, വിലാസം, വിരമിച്ച തസ്തിക, അനുവദിച്ച പെൻഷൻ, നോമിനി, ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ തീയതി, ബാങ്ക് അക്കൌണ്ട് നമ്പർ, ബ്രാഞ്ച് എന്നീ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാത്ത സാഹചര്യത്തിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട വൌച്ചറുകൾ പരിശോധിക്കുന്നതും, തുക അനുവദിക്കാമെന്ന് സാക്ഷ്യപ്പെടുത്തുന്നതും ഏത് രേഖകളുടെ അടിസ്ഥാനത്തിലാണെന്നും വിശദീകരിക്കപ്പെട്ടില്ല.

3) 1996 -ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഐ.ഡി.ബി.ഐ മാവേലിക്കര ശാഖയിൽ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ പെൻഷൻ അക്കൗണ്ട് (നം.432102000000806) രൂപീകരിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങളിലെ ചട്ടം.6 പ്രകാരം മുനിസിപ്പൽ ഭരണ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സർക്കാർട്രഷറി സേവിംഗ്സ് ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സെൻട്രൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതും ചട്ടം.7(2) പ്രകാരം ഓരോ ജീവനക്കാരന്റേയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. ചട്ടം 8പ്രകാരം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം ടി തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഡയറക്ടറുടെ പേരിൽ അടക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ വിഹിതം മേൽ ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല. (വിശദാംശങ്ങൾക്ക് ഖ.1-36 കാണുക) ആയതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് യഥാസമയം അലോട്ട്മെന്റ് ലഭിക്കാതെ വരുകയും പെൻഷനുൾപ്പെടെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തനത് ഫണ്ടിന്റെ ബാധ്യതയായും മാറുന്നു.

4) വർഷാരംഭത്തിൽ ഓരോ പെൻഷനറുടേയും ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) മെഡിസെപ് വിഹിതം ഈടാക്കുന്ന റഗുലർ പെൻഷണറായ ശ്രീ.കെ.ഗോപി ക്ക് മെഡിസെപ് ഐഡി ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

6) ചുവടെ ചേർക്കുന്ന പെൻഷണർമാർ മെഡിസെപ് വിഹിതം ഒടുക്കുന്നില്ല.

എ) റഗുലർ വിഭാഗം

1.എൻ.രാജമ്മ

2. സരസ്വതിയമ്മ കെ.

ബി) കണ്ടിജന്റ് വിഭാഗം

1.ശ്രീധരൻ കെ.എസ്.

ഇവരിൽ നിന്നും മെഡിസെപ് വിഹിതം ഈടാക്കാത്തതിന്റെ കാരണം വിശദമാക്കിയില്ല.

7) ചുവടെ ചേർക്കുന്ന പെൻഷണർമാരുടെ ലൈഫ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

എ) റഗുലർ വിഭാഗം

1. ജി.രാധാമണി

2. വിജയമ്മ

3. ഗോപാലകൃഷ്ണ പിള്ള

4. സരസ്വതിയമ്മ കെ.

5. സുമതിക്കുട്ടി കുഞ്ഞമ്മ

ബി) കണ്ടിജന്റ് വിഭാഗം

1. എസ്.സരസ്വതി

പെൻഷൻ ഫണ്ടിന്റെ വിനിയോഗത്തിൽ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. പരാമർശിത അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

മാവേലിക്കര നഗരസഭയിൽ ഇതുവരെ 370 ഗുണഭോക്താക്കളെ പ്രധാൻമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതവും 50000 രൂപ സംസ്ഥാന വിഹിതവും 2 ലക്ഷം രൂപ നഗരസഭാ ഫണ്ടും ഉൾപ്പടെ ആകെ നാലു ലക്ഷം രൂപയാണ് നാലു ഗഡുക്കളായി ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതിക്കായി നഗരസഭ 91.6 ലക്ഷം രൂപ വായ്പയെടുത്തിട്ടുണ്ട്. വായ്പ തിരിച്ചടവായി 6,66,667 രൂപ 2023-24 ൽ വികസന ഫണ്ടിൽ നിന്ന് ഉത്തരവത്തിൽ കുറവ് ചെയ്യപ്പെട്ടു. 31.3.24 ൽ ഈയിനത്തിൽ 58,26,665 രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. 331 ഗുണഭോക്താക്കൾ ഇതുവരെ നഗരസഭയുമായി കരാർ വച്ച് പ്രവൃത്തി ആരംഭിച്ചു. 235 ഗുണഭോക്താക്കളാണ് മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ച് നാലു ഗഡു ധനസഹായവും കൈപ്പറ്റിയത്. മറ്റ് 20 ഗുണഭോക്താക്കൾ കൂടി ഭവന നിർമ്മാണം പൂർത്തിയാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് അവസാന ഗഡു ധനസഹായം അനുവദിക്കാനുണ്ട്. 2023-24 ൽ 39.6 ലക്ഷം രൂപ വികസന ഫണ്ട് (22 ലക്ഷം പൊതുവിഭാഗം, 17.6 ലക്ഷം രൂപ എസ്.സി.പി) ഈ പദ്ധതിക്കായി മൂന്ന് പ്രോജക്ടുകൾ വഴി ചെലവഴിക്കപ്പെട്ടു. നാളിതുവരെ കരാർ വച്ചവരിൽ 74 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഇതിൽ തന്നെ താഴെചേർത്തിരിക്കുന്ന 9 ഗുണഭോക്താക്കൾ 2023-24 വരെ ആദ്യ ഗഡുവായി 40,000 രൂപ ധനസഹായം മുൻകൂർ കൈപ്പറ്റിയെങ്കിലും കെട്ടിടത്തിന്റെ അടിത്തറയുടെ പണി പോലും പൂർത്തിയാക്കിയിട്ടില്ലെന്ന് രജിസ്റ്ററിൽ നിന്ന് ബോദ്ധ്യമാകുന്നു.

പേര്	വീട്ട് പേര്	വാർഡ്
പ്രമീള നായർ	ഹരിപ്രിയസദനം	1
ശോഭമോൾ പി.കെ.	പൂയപ്പള്ളിൽ	4
രാമചന്ദ്രൻ എം.റ്റി.	മലയിൽ	12
ജഗൽനാഥ് റ്റി.ജി.	തെക്കേവിളയിൽ	15
ഓമന സി.	തറയിൽ പടീറ്റതിൽ	18
ജിജി എം.ജെ.	തയ്യിൽ ലക്ഷ്മി മന്ദിരം	19
സുശീല	പച്ചടിക്കാവിൽ	20
ശ്രീദേവി	അനീഷ് ഭവനം	21
പ്രഭ രമേശ്	കളരിയിൽ	27

പ്രവൃത്തി പൂർത്തിയാക്കുവാൻ നിർദ്ദേശിച്ച് പ്രസ്തുത ഗുണഭോക്താക്കൾക്ക് നിർവ്വഹണോദ്യോഗസ്ഥ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണത്തിൽ പൂർണ്ണത കൈവരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കാനാകാത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുമാവശ്യമായ ഇടപെടൽ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത് അനിവാര്യതയാണ്.

1-48 വയോമിത്രം പദ്ധതി-ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം.	S0016/24
പ്രോജക്ടിന്റെ പേര്	വയോമിത്രം പദ്ധതി
അടങ്കൽ തുക	100000
ചെലവ്	100000
ബിൽ നം.	25/16.06.23(100000)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി (മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) ചേർന്ന് ഒരു സംയുക്ത പദ്ധതിയായിട്ടാണ് വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനു വേണ്ടിയുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കേണ്ടതുമാണ്.കേരള സാമൂഹ്യസുരക്ഷമിഷനും മാവേലിക്കര നഗരസഭയും

സംയുക്തമായി നടത്തിവരുന്ന ടി പദ്ധതിയ്ക്കായി 1,00,000/- രൂപ സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. ടി തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള ഒറ്റവരി ധനവിനിയോഗപത്രം(A2/97/22/KSSM/19.03.24) ഹാജരാക്കിയിട്ടുണ്ടെങ്കിലും ടി തുക ചെലവഴിച്ചിട്ടുള്ളത് സംബന്ധിച്ച വിശദാവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/24.01.25 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെയും മേൽ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-49 IDSMT പദ്ധതി- പലിശ ഉൾപ്പടെ ഒരു കോടിയിലധികം രൂപ നഗരസഭയ്ക്ക് തിരിച്ചടക്കാൻ ബാക്കി

ചെറുകിട, ഇടത്തരം പട്ടണങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കേന്ദ്രവിഹിതം ഇനത്തിൽ 90,00,000/-രൂപയും, സംസ്ഥാന വിഹിതമായി 56,52,000/-രൂപയും ഉൾപ്പെടെ 146.52 ലക്ഷം 03/2004 മുതൽ 3/2007വരെ വർഷങ്ങളിലായി നഗരസഭയ്ക്ക് ലഭിച്ചിരുന്നു. ലഭിച്ച തുകയിൽ നിന്നും 78,74,585/-രൂപ വിവിധ പദ്ധതികൾക്കായി നഗരസഭ വിനിയോഗിച്ചിട്ടുണ്ട്. IDSMT പദ്ധതി 31.03.2007 നുശേഷം കേന്ദ്രസർക്കാർ നിർത്തലാക്കിയതിനെ തുടർന്ന് കേന്ദ്രവിഹിതമിനത്തിൽ മിച്ചം നിൽക്കുന്ന 11.26 ലക്ഷം രൂപ പലിശസഹിതം തിരിച്ചടക്കുവാൻ സർക്കാരിൽ നിന്നും ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിരുന്നിട്ടും നഗരസഭ തുകയൊന്നും തിരിച്ചടച്ചിട്ടില്ല. ഏറ്റവും ഒടുവിലായി 31.03.17 ലും ഇതുസംബന്ധമായി ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. 22.03.2019 ൽ കേരള ഗ്രാമീണ ബാങ്കിൽ പുതുതായി അക്കൌണ്ട് തുടങ്ങുകയും (അക്കൌണ്ട് നം.8125) അതിലേക്ക് തുക പൂർണ്ണമായും ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. സംസ്ഥാന വിഹിതമിനത്തിൽ ലഭിച്ച തുക പൂർണ്ണമായും, കേന്ദ്രവിഹിതമിനത്തിൽ മിച്ചമുള്ള 11.26 ലക്ഷം രൂപയും, പലിശയും ഉൾപ്പെടെ മിച്ചം നിൽക്കുന്ന 1,27,12,920-രൂപ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും തിരിച്ചടക്കാതെ ബാങ്ക് നിക്ഷേപമായി തുടരുന്നത് ക്രമവിരുദ്ധമാണ്. തുക തിരിച്ചടക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49 തീയതി 4.02.2025) മറുപടി ലഭ്യമാക്കിയില്ല. ചീഫ് ടൗൺ പ്ലാനറുടെ ഓഫീസുമായി ബന്ധപ്പെട്ട് നഗരസഭയുടെ ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-50 കൊട്ടത്തോട് പരിപാലനത്തിനായി ഒരേ സമയം രണ്ട് അക്കൗണ്ടുകൾ

മാവേലിക്കര നഗരസഭയിലെ കൊട്ടത്തോടിന്റെ മലിനീകരണം തടയുന്നതിനും, ശുചീകരണത്തിനുമായി 30 ലക്ഷം രൂപ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 2013-14 വർഷം ലഭിച്ചിരുന്നു (ചെക്ക് നം. 912706/31.03.14). മെമ്മോറാണ്ടം ഓഫ് അണ്ടർ ടേക്കിംഗ് പ്രകാരം 08/2014ന മുൻപ് ശുചീകരണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. 2019-20, 2020-21 വർഷങ്ങളിലായി പദ്ധതി വിഹിതമുപയോഗിച്ച് കവറിംഗ് സ്ലാബ് ഇടുക, സൈഡ് പ്രൊട്ടക്ഷൻ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും തുടർന്നുള്ള വർഷങ്ങളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചതായി കാണുന്നില്ല.(ഐ.ഡി.ബി.ഐ അക്കൌണ്ട് നം.9935)പലിശ ഉൾപ്പടെ അക്കൌണ്ടിൽ 31.03.2024-ൽ ബാലൻസുള്ളത് 13,22,764/-രൂപയാണ്. ഇതു കൂടാതെ 26.04.2014 ൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ച തുകയുടെ പലിശ ഉപയോഗപ്പെടുത്തി സമാന്തരമായി പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൌണ്ട്(A/c No.4314000100067622) ആരംഭിച്ചിട്ടുണ്ട്. ഇതിലും 31.03.2024-ൽ 70,662/- രൂപ ബാലൻസുണ്ട്. രണ്ട് അക്കൌണ്ടുകൾ ഒരേ സമയം ഇതിനായി ഓപ്പറേറ്റ് ചെയ്യുവാനുള്ള കാരണം, 2023-24 വർഷം മലിനീകരണം തടയുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.48 തീയതി 04.02.2025) മറുപടി ലഭ്യമാക്കിയില്ല. കൊട്ടത്തോട് പരിപാലനം എന്നതിനായി ഒരേ സമയം രണ്ട് അക്കൗണ്ടുകൾ പരിപാലിക്കേണ്ടതിന്റെ ആവശ്യകതയില്ല. മേൽ വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-51 ജീവനക്കാരുടെ ശമ്പളത്തിൽ കുറവ് ചെയ്യുന്ന തുകകൾ യഥാസമയം ഒടുക്ക് വരുത്തുന്നില്ല

മുനിസിപ്പാലിറ്റിയിൽ 2023-24 വർഷം ഉണ്ടായിരുന്ന 43 റഗുലർ ജീവനക്കാരുടെയും 28 കണ്ടിജന്റ് ജീവനക്കാരുടെയും ശമ്പളത്തിൽ നിന്നും എല്ലാ മാസവും കുറവ് ചെയ്യുന്ന എൻ.പി.എസ്., ഇൻഷുറൻസ് തുകകൾ അതാത് മാസം ബന്ധപ്പെട്ട അക്കൌണ്ടുകളിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല

ശമ്പളം	NPSപ്രീമിയം	MEDICEPപ്രീമിയം	SLIപ്രീമിയം	GISപ്രീമിയം	PFപ്രീമിയം	LICപ്രീമിയം

നല്കിയ മാസം	അടച്ചതിന്റ വിവരം	അടച്ചതിന്റ വിവരം	അടച്ചതിന്റ വിവരം	അടച്ചതിന്റ വിവരം	അടച്ചതിന്റ വിവരം	അടച്ചതിന്റ വിവരം
04/2023	764578/- UTR RBI3422341085433/ 7.12.2023	33000/- KL005920 500202324M/ Dt 22.5.2023	31775/- ചെക്ക് നം. Xy 0624822 Dt 15.05.2023	42700/- ചെക്ക് നം. Xy 0624821dt 15.05.2023	302033/- Xy 0624820dt 15.05.2023	10282/- ചെക്ക് നം. 180365dt 15.05.2023
5/2023		67500/- KL016079366202324M/dt. 18.8.2023	71350/- ചെക്ക് നം. Xy 0624834 Dt 17.08.2023	84600/- ചെക്ക് നം. Xy 0624835 Dt 17.08.2023	312223/- ചെക്ക് നം Xy 0624827 Dt 13.06.2023	19265/- ചെക്ക് നം. 184377 Dt 22.07.2023
06/2023					313871/- ചെക്ക് നം. Xy 0624831 Dt 22.7.2023	
07/2023	751600/- UTR RBI3422341085432/17.8.23	68500/- KL018328575202324M/dt. 13.9.2023	31725/- ചെക്ക് നം. Xy 0624836 Dt 26.08.2023	40200/- ചെക്ക് നം. Xy 0624836 Dt 26.08.2023	257984- ചെക്ക് നം. Xy 0624836 Dt 26.08.2023	7543/- ചെക്ക് നം. 188358dt 23.08.2023
08/2023			36025/- ചെക്ക് നം. Xy 0624844 Dt 08.11.2023	44200/- ചെക്ക് നം. Xy 0624844 Dt 08.11.2023	266608/- ചെക്ക് നം. Xy 0624844 Dt 08.11.2023	10087/- ചെക്ക് നം. 188377 Dt 23.09.2023
09/2023	1115754/- UTR RBI3422341085432/ 7.12.2023	33500/- KL012888037202425M/dt. 17.7.2024	220350/- ചെക്ക് നം 198959 Dt 25.4.2024	267300/- ചെക്ക് നം. Xy 0624857 Dt 18.07.2024	4511575/- ചെക്ക് നം. 188533 Dt 11.04.2024	4153/-\ ചെക്ക് നം. 188432 Dt 25.11.2023
10/2023		31000/- KL012893385 202425M/dt. 17.7.2024				8311/- ചെക്ക് നം. 188432 Dt 25.11.2023
11/2023		30500/- KL01289550				23203/- ചെക്ക് നം.

		202425M/dt. 17.7.2024		
12/2023		30500/- KL012896975 202425M/dt. 17.7.2024		188496dt 04.03.2024
01/2024		31000/- KL012898277202425M/dt. 17.7.2024		
02/2024	561622/-xy 624867/dt 18.7.2024	1)14500/- KL012899568 202425M/dt. 17.7.2024 2)16000/- KL014265532 202425M/dt. 27.7.2024		14526/-DD 002383 Dt 26.07.2024
03/2024		30500/- KL014265972 202425M/dt. 27.7.2024		

സെപ്തംബർ 2023 മുതൽ മാർച്ച് 2024 വരെയുള്ള, ഗ്രൂപ്പ് ഇൻഷുറൻസ്, മെഡിസെപ്പ് പ്രീമിയം എന്നിവ ജൂലൈ 2024 ലും സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് ഒടുക്കിയിട്ടുള്ളത് 04/2024 നമാണ്. ഇൻഷുറൻസ് തുകകൾ മുൻകൂറായി ഒടുക്കുവരുത്തേണ്ടവയാണ്. ഇവ യഥാസമയം ഒടുക്കാതിരിക്കുന്നതു മൂലം ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, എൻപിഎസ് വിഹിതം എന്നിവയും ഒടുക്കുവരുത്തുന്നതിൽ വളരെയധികം കാലതാമസം ഉണ്ട്. ഇതുമൂലം ഈ തുകയ്ക്ക് ലഭിക്കേണ്ടതായ പലിശ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-52 ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ നിർമ്മാണ യൂണിറ്റ് സ്തംഭനാവസ്ഥയിൽ

സർക്കുലർ നം.ഡി.സി.1/282/2020 ത.സ്വ.ഭ.വ തീയതി 29.07.2020 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എറ്റെടുക്കുന്ന റോഡു നിർമ്മാണ പ്രവൃത്തികളിൽ നിലവിലെ സർക്കാർ ഉത്തരവുകളും സർക്കുലറുകളും അനുസരിച്ച് ഷ്രെഡഡ് പ്ലാസ്റ്റിക്ക് അനുവദനീയമായ രീതിയിലും അളവിലും ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. നഗരസഭയിൽ ഇപ്രകാരം പ്രവർത്തിച്ചിരുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2023-24 വർഷം ലഭിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വേസ്റ്റ് ക്വാണ്ടിഫൈയിംഗ് രജിസ്റ്റർ(സ്റ്റോക്ക് രജിസ്റ്റർ),ഷ്രെഡഡ് പ്ലാസ്റ്റിക്ക് സെയിൽ റിപ്പോർട്ട് രജിസ്റ്റർ, നിശ്ചയിച്ച നൽകിയ റേറ്റും കമ്മറ്റി തീരുമാനവും, സീറോ വേസ്റ്റ് പ്രോജക്ടിന്റെ പേരിലുള്ള ഹരിത കർമ്മസേന ഗ്രൂപ്പിന്റെ ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൌണ്ട് (അക്കൌണ്ട് നം. 09390100211) വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 25.01.2025) താഴെചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

കണ്ടിയൂർ കാളചന്തയിൽ പ്രവർത്തിക്കുന്ന ആർ.ആർ.എഫിൽ സ്ഥാപിച്ചിരിക്കുന്ന ഷ്രെഡിംഗ് മെഷീൻ 2022 ഏപ്രിൽ മുതൽ പ്രവർത്തിക്കുന്നില്ല. 01.01.2022 മുതൽ 31.12.2022 വരെയുള്ള ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ഏപ്രിൽ 2022 വരെയുള്ള സെയിൽസ് റിപ്പോർട്ട് രജിസ്റ്ററും ലഭ്യമാക്കി. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 44,582/-രൂപ

നീക്കിയിരിപ്പുണ്ട്. സെയിൽസ് റിപ്പോർട്ട് രജിസ്റ്റർ അപൂർണ്ണമാണ്. ഷ്രെഡിംഗ് മെഷീൻ പ്രവർത്തനം നിലച്ചിട്ട് 3 വർഷമായിട്ടും മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.മെഷീന്റെ എ.എം.സി കാലയളവ് സംബന്ധിച്ച വിവരങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ക്ലീൻ സിറ്റി മാനേജർക്ക് നൽകുവാൻ കഴിഞ്ഞില്ല. നഗരസഭയ്ക്ക് തനതുവരുമാനം ലഭിക്കുന്നതിനും ഉപകാരപ്രദമായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മാറ്റിയെടുക്കുവാനും കഴിയുമെന്നതിനാൽ ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കേണ്ടതുണ്ട്. ആർ.ആർ.എഫിൽ സ്ഥാപിച്ചിരിക്കുന്ന ഷ്രെഡിംഗ് മെഷീൻ ആവശ്യമായ മെയിന്റനൻസ് നടത്തി അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

1-53 ഹരിത കർമ്മസേനയുടെ പ്രവർത്തനം- അവലോകനം

ഇരുപത്തിയെട്ട് വാർഡുകളുള്ള മാവേലിക്കര നഗരസഭയിലെ ജനസംഖ്യ 27884 ആണ്. 7925 വീടുകളും 1933 സ്ഥാപനങ്ങളുമുള്ള ഈ നഗരസഭയിൽ ഇവിടങ്ങളിലെല്ലാം ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും അടഞ്ഞ് കിടന്ന വീടുകളിൽ അവധി ദിവസങ്ങളിലുൾപ്പടെ എത്തി യൂസർഫീ ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. നഗരസഭയിൽ നിന്ന് നൽകുന്ന എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേനയുടെ യൂസർഫീ അടച്ചതിന്റെ രസീത് ഹാജരാക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നഗരസഭയിലെ വിവിധ കർമ്മതലങ്ങളിൽ അജൈവമാലിന്യങ്ങൾ ഹരിത കർമ്മസേനയെ ഏൽപ്പിക്കേണ്ടതിനെ കുറിച്ചും യൂസർഫീ ഒടുക്കേണ്ടതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. സ്ഥാപന ഉടമകളെയും, വ്യാപാരി, വ്യവസായികളെയും ഹരിതകർമ്മസേനാപ്രവർത്തനത്തിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തിയിട്ടുമുണ്ട്. നഗരസഭയിലുടനീളം ഇത് സംബന്ധിച്ച നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. ഹരിതമിത്രം ആപ്പ് വഴിയും വാതിൽപ്പടി ശേഖരണം നടത്തപ്പെടുന്നു. നൂറ് ശതമാനം വീടുകളേയും സ്ഥാപനങ്ങളേയും പദ്ധതിക്കുള്ളിൽ എത്തിക്കാൻ നഗരസഭയ്ക്ക കഴിഞ്ഞിട്ടുണ്ട്. എല്ലാ വാർഡുകളിലും കൌൺസിലർമാർ അഡ്മിനായി പൊതുജനങ്ങളേയും ഹരിതസേനാംഗങ്ങളേയും ഉൾപ്പെടുത്തി "വാട്ട്സ് ആപ്പ്" ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം സുഗമമാക്കിയിട്ടുണ്ട്.

മാലിന്യശേഖരണത്തിനുള്ള കലണ്ടർ അച്ചടിച്ച് എല്ലാ വീടുകളിലും നൽകിയിട്ടുണ്ട്. കലണ്ടർ അനുസരിച്ചുള്ള മാലിന്യ ശേഖരണം സാദ്ധ്യമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ മാസവും ശേഖരിക്കുന്നതിന് പുറമേ പഴകിയ വസ്ത്രങ്ങൾ, തുകൽ, ബാഗുകൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. എന്നാൽ കുപ്പിച്ചില്ലുകൾ, ഇ-വേസ്റ്റ് മുതലായവ ഇതുവരെ ശേഖരിക്കാനായിട്ടില്ല. ഹരിത കർമ്മസേനക്ക് സ്വന്തമായി ഇലക്ട്രിക്ക് ഓട്ടോറിക്ഷ വാങ്ങിയിരുന്നെങ്കിലും തുടർച്ചയായി അപകടത്തിൽപെട്ടതിനെ തുടർന്ന് ഒരു വർഷമായി ഇത് ഉപയോഗിക്കുന്നില്ല. വാഹനം നഗരസഭാ പരിസരത്ത് സൂക്ഷിച്ചിരിക്കുകയാണ്.

വീടുകളിൽ നിന്നും ജൈവ - അജൈവ മാലിന്യം തരം തിരിച്ച് അജൈവമാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം ആദ്യം മിനി എം.സി.എഫിലും തുടർന്ന് എം.സി.എഫിലും എത്തിച്ച് തരം തിരിച്ച് സംഭരിക്കുകയും സി.കെ.സിക്ക് (ക്ലീൻ കേരള കമ്പനി) കൈമാറുകയും ചെയ്ത് വരുന്നു.

ബോധവൽക്കരണ പ്രവർത്തനങ്ങൾ

സർക്കാർ ഉത്തരവുകൾക്കനുസൃതമായി നഗരസഭ നടത്തുന്ന മാലിന്യശേഖരണ സംസ്കരണ പ്രക്രിയകൾ ജനങ്ങളിലെത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും, കുടുംബശ്രീ മുഖേനയും വിവിധ ഘട്ടങ്ങളിലായി നൂറോളം ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യു.ആർ കോഡ് സർവ്വേ പൂർത്തിയാക്കി. ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം നൂറ് ശതമാനമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ബയോബിന്നുകൾ വിതരണം ചെയ്തുകൊണ്ട് ഉറവിടത്തിൽ തന്നെ ജൈവമാലിന്യസംസ്കരണം സാധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 2023-24 ൽ S0132/24 എന്ന സ്പിൽ ഓവർ പ്രോജക്ട് വഴി 23.78 ലക്ഷം രൂപ മുടക്കി ബയോബിൻ വിതരണം നടത്തിയിട്ടുണ്ട്. തൻവർഷം 21.2 ലക്ഷം രൂപ അടങ്കലിൽ വിഭാവനം ചെയ്ത സമാനമായ പ്രോജക്ട് 2024-25 ൽ സ്പിൽ ഓവറായി നടപ്പാക്കിവരുന്നു.

ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം

40 ഹരിതകർമ്മസേനാംഗങ്ങളുടെ സേവനമാണ് നഗരസഭയിൽ പ്രയോജനപ്പെടുത്തി വരുന്നത്. 10 അംഗങ്ങൾ വീതമുള്ള നാല് ക്ലസ്റ്ററുകൾ രൂപീകരിച്ച് മേഖലാടിസ്ഥാനത്തിലാണ് പ്രവർത്തനം. ഇവർക്ക് ശരാശരി 12,000/- രൂപ പ്രതിമാസ വേതനം ലഭിച്ചുവരുന്നു. വേതനം നൽകാൻ നിലവിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

മാലിന്യം നീക്കം ചെയ്യലും മാലിന്യ സംസ്കരണവും

പതിനൊന്നാം വാർഡ് ഒഴികെ എല്ലാ വാർഡിലും ഒന്ന് വീതം മിനി എം.സി.എഫ്-കൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 27 മിനി എം.സി.എഫുകളാണ് ഉള്ളത്. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ക്ലസ്റ്റർ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം മിനി എം.സി.എഫിൽ എത്തിച്ച് സംഭരിക്കുന്നു. മാലിന്യ നീക്കത്തിന് ടോളികൾ ലഭ്യമാക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഹരിത കർമ്മസേനാംഗങ്ങൾ ചുമന്ന് എത്തിക്കേണ്ട സ്ഥിതിയാണ്. ഹരിത കർമ്മസേനക്ക് സ്വന്തമായി ഇലക്ട്രിക്ക് ഓട്ടോറിക്ഷ വാങ്ങിയിരുന്നെങ്കിലും തുടർച്ചയായി അപകടത്തിൽപെട്ടതിനെ തുടർന്ന് ഒരു വർഷമായി ഇത് ഉപയോഗിക്കുന്നില്ല. വാടകയ്ക്കെടുത്ത വാഹനത്തിലാണ് മാലിന്യം എം.സി.എഫ് - ലേക്ക് മാറ്റുന്നത്. അവിടെ വച്ച് മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് (CKC) നൽകുന്നു. നഗരസഭയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ്, ബൈലിംഗ് എന്നിവ നടത്താനായി ആർ.ആർ.എഫ് പ്രവർത്തിച്ചിരുന്നു. എന്നാൽ യന്ത്രങ്ങൾ പ്രവൃത്തിക്കാതെയായതോടെ നിലവിൽ ഷ്രെഡിംഗ്, ബൈലിംഗ്പ്രവർത്തനങ്ങൾ നടക്കുന്നില്ല. ക്ലീൻ കേരള സമയബന്ധിതമായി മാലിന്യ ശേഖരണം നടത്തുന്നില്ല എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (3/23-24; 23.1.24) ക്ലീൻ സിറ്റി മാനേജർ മറുപടി ലഭ്യമാക്കിയത്. യഥാസമയം മാലിന്യം കൈയ്യൊഴിയാനാകാത്തതിനാൽ എം.സി.എഫിലും നിലവിൽ പ്രവർത്തിക്കാത്ത ആർ.ആർ.എഫിലുമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടിക്കിടക്കുന്നു. ഇത് മാലിന്യം തരംതിരിക്കുന്നതിനുൾപ്പടെ സ്ഥലപരിമിതിക്ക് കാരണമാകുകയും ചെയ്യുന്നു.

തൻവർഷം 20.981 ടൺ തരംതിരിച്ച മാലിന്യവും 40.5 ടൺ ലഗസി മാലിന്യവും സി.കെ.സിയ്ക്ക് കൈമാറുകയുണ്ടായി.

നിയമലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ

നിരോധിച്ച പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം, പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയൽ, കത്തിക്കൽ മുതലായ ലംഘനങ്ങൾ തടയുന്നതിന് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എന്നിരുന്നാലും പ്ലാസ്റ്റിക് നിരോധന നടപടികൾ പൂർണ്ണാർത്ഥത്തിൽ നടപ്പാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. വഴിയോരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതടക്കമുള്ള നിയമലംഘനങ്ങൾ തടയാൻ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ആവശ്യമാണ്.

പരിശീലനം

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും ക്ലീൻ കേരള കമ്പനി മുഖാന്തരം നൽകിയിട്ടുണ്ട്. കൂടാതെ ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ വഴിയും നിരവധി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. ഹരിതമിത്രം ആപ്പിന്റെ ഉപയോഗം 100 ശതമാനത്തിലെത്തിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞു.

റിവ്യൂ മീറ്റിംഗ്

എല്ലാ മാസവും ഹരിതകർമ്മസേനയുടെ നഗരസഭാതല റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്. എല്ലാ റിവ്യൂ മീറ്റിംഗുകളിലും പ്രവർത്തനം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചകളിലൂടെ തീരുമാനിക്കാറുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

മാലിന്യ ശേഖരണം, സംഭരണം, തരംതിരിക്കൽ, മുതലായവക്കായി 2000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫും അത്രതന്നെ വിസ്തീർണ്ണമുള്ള ആർ.ആർ.എഫും ഉണ്ടെങ്കിലും ക്ലീൻ കേരള കമ്പനി യഥാകാലം മാലിന്യം ഏറ്റെടുക്കാത്തതിനാൽ തരം തിരിച്ച മാലിന്യം കൂന്നുകൂടി സ്ഥലപരിമിതി സൃഷ്ടിച്ചിരിക്കുന്നു. ബദൽ മാർഗ്ഗങ്ങൾ തേടുന്നതിന് നഗരസഭ കൌൺസിൽ തീരുമാനമെടുക്കുന്നതിൽ അനൽപ്പമായ കാലതാമസവും വരുന്നുണ്ട്. ഷ്രെഡിംഗ്, ബൈലിംഗ് മെഷീനുകൾ പ്രവർത്തിക്കാത്തതിനാൽ മാലിന്യ സംഭരണത്തിന് കൂടുതൽ സ്ഥലവും ആവശ്യമായി വരുന്നു. റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് നൽകുന്നത് വഴി ലഭ്യമായിരുന്ന വരുമാനം നിലയ്ക്കുന്നതിനും ഷ്രെഡിംഗ് യൂണിറ്റിന്റെ തകരാറ് കാരണമായി. തുടർച്ചയായി അപകടത്തിൽപെട്ടതിനാൽ സ്വന്തം വാഹനം ഉപയോഗിക്കാതെ വാടകയ്ക്ക് എടുത്ത വാഹനമാണ് മാലിന്യനീക്കത്തിന് ഉപയോഗപ്പെടുത്തുന്നത്. ഇത് ചെലവ് വർദ്ധിക്കാനിടയാക്കുന്നു. വാർഡ് തലത്തിലെ മിനി എം.സി.എഫുകളിലേക്കുള്ള മാലിന്യ നീക്കത്തിന് ടോളികൾ ഇല്ലാത്തത് ഹരിതകർമ്മസേനാംഗങ്ങൾ കൂടുതൽ കായികാധ്വാനത്തിലേർപ്പെടേണ്ട അവസ്ഥ ഉണ്ടാക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) മാലിന്യശേഖരണം, സംഭരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നിവ കാര്യക്ഷമമാക്കാൻ ഷ്രഡിംഗ്, ബൈലിംഗ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ബി) സി.കെ.സിയുമായി ബന്ധപ്പെട്ട് മാലിന്യ നീക്കം സുഗമമാക്കാൻ നടപടി സ്വീകരിക്കേണ്ടതും സാധിക്കാത്ത

പക്ഷം ബദൽ മാർഗ്ഗങ്ങൾ തേടേണ്ടതുമാണ്. ഇക്കാര്യത്തിൽ നഗരസഭ കൌൺസിൽ യുക്തമായ തീരുമാനം സത്വരം കൈക്കൊള്ളേണ്ടതാണ്.

സി) ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ (ബയോ ഗ്യാസ് പ്ലാന്റുകൾ, റിംഗ് കമ്പോസ്റ്റുകൾ മുതലായവ) ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത നഗരസഭ എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട, മാലിന്യ, പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഡി) നഗരസഭക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്. കശാപ്പുശാലകൾ, മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ എന്നിവ കൃത്യമായി ലൈസൻസ് എടുക്കുന്നുണ്ടെന്നും അവ ഉറവിടത്തിൽ തന്നെ ജൈവമാലിന്യം, മലിനജലം എന്നിവ സംസ്കരിക്കുന്നു എന്നും ഉറപ്പാക്കേണ്ടതാണ്.

ഇ) ട്രോളികൾ ലഭ്യമാക്കിക്കൊണ്ട് വാർഡ് തലത്തിലെ മാലിന്യ നീക്കം സുഗമമാക്കേണ്ടതാണ്. കുപ്പിച്ചില്ലുകൾ, ഇ-വേസ്റ്റ് എന്നിവയും സമയബന്ധിതമായി ശേഖരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എഫ്) പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കേണ്ടതും സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുമാണ്. സി.സി.ടി.വി ക്യാമറകൾ ഉൾപ്പടെ വ്യാപകമായി സ്ഥാപിച്ച്കൊണ്ട് മാലിന്യം നിക്ഷേപിക്കൽ പരിശോധിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജി) അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതും പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പൂർണ്ണമായും നഗരസഭ പരിധിക്കുള്ളിൽ നിരോധിച്ച് ബൈലോ പാസ്സാക്കേണ്ടതുമാണ്.

പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യ സംസ്കരണ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം നിസ്തുലമാണ്. ഹരിത സഹായസ്ഥാപനത്തിന്റെ സേവനമില്ലാതെ തന്നെ എല്ലാ വാസഹൃഹങ്ങളേയും കച്ചവടസ്ഥാപനങ്ങളേയും ഹരിത കർമ്മസേനയുടെ പ്രവർത്തന വൃത്തത്തിനുള്ളിൽ എത്തിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞു എന്നതും ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം പൂർണ്ണമാക്കാനായി എന്നതും പ്രശംസനീയമാണ്. കച്ചവടസ്ഥാപനങ്ങളും വാസഗൃഹങ്ങളും താരതമ്യേന കുറഞ്ഞ ഈ നഗരസഭയിൽ കുറവല്ലാത്ത വേതനം ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉറപ്പാക്കാനുമാകുന്നു. മാലിന്യനീക്കത്തിനായി സ്വന്തമായി വാഹനം ഏർപ്പെടുത്തിയും എം.സി.എഫിന്റെ സ്ഥലസൌകര്യം വർദ്ധിപ്പിച്ചും പ്ലാസ്റ്റിക് ഷ്രെഡിംഗ്, ബൈലിംഗ് സംവിധാനം പ്രവർത്തന സജ്ജമാക്കിയും ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിക്കേണ്ടതാണ്.

ഭാഗം -2


വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വിനോദനികുതി ഈടാക്കിയതിൽ കുറവ് -56,938/- രൂപ നഷ്ടം

കേരള ഫിനാൻസ് ആക്ട് 2019 പ്രകാരം തീയേറ്റർ ഉടമകൾ ജി.എസ്.റ്റി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16.11.2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്. സ.ഉ(കൈ)112/2019/ത.സ്വ.ഭ.വ./ 31-08-2019 പ്രകാരം നൂറ് രൂപയിൽ കുറവ് അടിസ്ഥാന വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 പ്രകാരം വിനോദ നികുതി പിരിച്ചെടുക്കേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിക്ഷിപ്തമാണ്. മാവേലിക്കര നഗരസഭയിൽ പ്രവർത്തിച്ചു വരുന്ന സാന്ദ്ര എന്ന തീയേറ്ററിന്റെ DCR പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ കൊടുക്കുന്നു.

സാന്ദ്ര തീയറ്റേറിൽ നിന്നും വിതരണം ചെയ്യുന്ന പ്ളാറ്റിനം ടിക്കറ്റിന്റെ നിരക്ക് 130 രൂപയാണ്. (ടിക്കറ്റ് നം 1401, തീയതി ലഭ്യമല്ല) ഇതിന്റെ ടിക്കറ്റിന്റെ നിരക്ക് വിഭജനം താഴെപ്പറയുന്ന രീതിയിലാണ്.



നെറ്റ് -100.16

വിനോദനികുതി-5

സെസ്സ് -3

ടി.എം.സി -2

ജി.എസ്.ടി18% -19.84

ആകെ -130

എന്നാൽ 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ഇതനുസരിച്ച് 100.16 ന്റെ 8.5% എന്നത് 8.50 രൂപ ആണ് ഇതിന് പകരം 5 രൂപയാണ് വിനോദനികുതിയായി ഈടാക്കിയിരിയ്ക്കുന്നത്.ഒരു ടിക്കറ്റിൻ മേൽ 3.50 രൂപയുടെ നഷ്ടമാണ് നഗരസഭയ്ക്കുണ്ടായിരിയ്ക്കുന്നത്. 2023-24 സാമ്പത്തിക വർഷം മാർച്ച് 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ ഡി.സി.ആറാണ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതെങ്കിലും ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ ഡി.സി.ആർ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ,തീയേറ്റർ ഉടമ നഗരസഭയിൽ വിനോദനികുതി ഒടുക്കിയിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം 8.5 ശതമാനം വിനോദ നികുതി ഒടുക്കണമെന്നിരിക്കെ 8.5 ശതമാനത്തിലും കുറഞ്ഞ തുകയാണ് ഒടുക്കിയത്. തീയേറ്റർ ഉടമയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം 56,938/- രൂപ കൂടി നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ.

ആരംഭ തീയതി	അവസാന തീയതി	വിറ്റ ടിക്കറ്റ് നം.		130 രൂപ നിരക്കിൽ വിറ്റ ടിക്കറ്റുകളുടെ എണ്ണം	8.5% നിരക്കിൽ ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി	ടിക്കറ്റ് പ്രകാരം 5 രൂപ നിരക്കിൽ ഈടാക്കിയിരിയ്ക്കുന്ന വിനോദ നികുതി	വ്യത്യാസം
		തുടക്കം നം.	ഒടുക്കം നം.				
02.04.23	13.05.23	8931	9999	1069	9086.5	5345	3741.5
13.05.23	30.09.23	0001	9910	9910	84235	49550	34685
01.10.23	01.10.23	9911	9999	89	756.5	445	311.5
01.10.23	29.02.24	0001	5200	5200	44200	26000	18200
							56938

ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. എന്നാൽ തീയേറ്ററുകളിൽ നിന്നും DCR ഹാജരാക്കുന്നുണ്ടെങ്കിലും GST സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല ജി.എസ്.ടി സ്റ്റേറ്റ്മെന്റും,കളക്ഷൻ രജിസ്റ്ററും,രസീതുകളും പരിശോധനയ്ക്ക് ലഭ്യമാക്കാനും മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം.33/30.01.25 ന് മറുപടി ലഭ്യമാക്കിയില്ല. വിനോദനികുതിയിൽ കുറവ് വന്ന **56,938/-രൂപ** മേൽ തീയേറ്റർ ഉടമയിൽ നിന്നും ഈടാക്കാനാകാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2-2 ആംബുലൻസ് വാടക-രസീതുകൾ ഹാജരാക്കിയില്ല-1,09,590/-രൂപ നഷ്ടം

മാവേലിക്കര നഗരസഭയിലെ KL-04-AT 4259 നം ആംബുലൻസിന്റെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ആംബുലൻസിന്റെ ഉദ്ഘാടനം 23.05.23 ൽ കഴിഞ്ഞതാണെങ്കിലും ഹാജരാക്കിയ ലോഗ് ബുക്ക് 20.10.23 മുതലുള്ള യാത്രകളുടേത് മാത്രമാണ്. ലോഗ്ബുക്ക് പ്രകാരം 20.10.23 ലെ പുറപ്പെട്ട ദൂരം എന്നത് 2327 ആണ്. ഇതിന് മുൻപ് ഓടിയ 2326 കി.മീ സംബന്ധിച്ചുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആംബുലൻസിന്റെ വരവുമായി ബന്ധപ്പെട്ട രസീതുകൾ 06.1.24 (രസീത് നം.5, ബുക്ക് നം.2) മുതൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിയ്ക്കുന്നത്. ഇതിന് മുൻപുള്ള രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാഹനം ഉദ്ഘാടനം നടത്തിയ 23.05.23 മുതൽ 05.01.24 വരെയുള്ള രസീത്ബുക്കുകളും, ലോഗ്ബുക്കും ലഭ്യമല്ലെങ്കിലും ഹാജരാക്കിയ ലോഗ്ബുക്കിന് മുൻപ് 2326 കി.മീറ്ററും ലോഗ്ബുക്ക് എൻട്രി തുടങ്ങിയ 20.10.23 ലെ തുടക്ക കി.മീ ആയ 2327 മുതൽ 05.01.24 ലെ അവസാന കി.മീ ആയ 7307 വരെ 4980 കി.മീറ്ററും വാഹനം ഓടിയിട്ടുണ്ട്. നഗരസഭ അംഗീകരിച്ച ബൈലോ പ്രകാരം 40 കി.മീ വരെ 600 രൂപയാണ് മിനിമം ചാർജ്ജ് ഇപ്രകാരം കണക്കാക്കിയാൽ കി.മീറ്ററിന് 15 രൂപ വെച്ച് ഈടാക്കേണ്ടതാണ് മിനിമം തുക ഈടാക്കിയാൽ പോലും 2326 കി.മീറ്ററിന് 34,890 രൂപയും 4980 കി.മീറ്ററിന് 74700 ഉം ഉൾപ്പടെ ആകെ 1,09,590/- ഈടാക്കേണ്ടതാണ്. 23.05.23 മുതൽ 05.01.24 വരെയുള്ള ആംബുലൻസ് വാടക നഗരസഭയിൽ അടച്ചിട്ടുണ്ടോയെന്നുള്ളത് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/29.01.25 ന് മറുപടി ലഭ്യമാക്കിയില്ല രസീതു ബുക്കുകളും, ലോഗുബുക്കുകളും പണം ഒടുക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ആംബുലൻസ് വാടകയുടെ മിനിമം ചാർജ്ജായി കണക്കാക്കിയ **1,09,590/- രൂപ** വരവ് നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2) ആംബുലൻസിന്റെ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) വരവു രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്ററും, തുക മുനിസിപ്പാലിറ്റിയിലടച്ച രസീതുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രസീതുകളും കളക്ഷൻ രജിസ്റ്ററും ഹാജരാക്കാത്തതിനാൽ ഇതിന്റെ ആധികാരികത പരിശോധിച്ചുറപ്പിയ്ക്കാൻ സാധിച്ചിട്ടില്ല. 23.05.23 മുതൽ 30.03.24 വരെയുള്ള വരവു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/29.01.25 ന് മറുപടി ലഭ്യമാക്കിയില്ല. ആംബുലൻസിന്റെ വരവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുകയും സെക്രട്ടറി അടക്കമുള്ള അധികാരികൾ ആയതിൽ കൃത്യമായി മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാണ്.

2-3 ടെലികമ്മ്യൂണിക്കേഷൻ പോൾ റെന്റ് ലഭ്യമായില്ല

കേരള സർക്കാരിന്റെ 23.01.2020 ലെ ജി.ഒ. (ആർ.ടി.) 89/2020/pwd നമ്പർ ഉത്തരവു പ്രകാരം TSP/ *ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോളുകൾക്ക് പോൾ ഒന്നിന് വാർഷിക വാടക 360/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്. ഈ വാർഷിക വാടകക്ക് വർഷം തോറും 5% നിരക്കിൽ വാടക വർദ്ധനവും നിർദ്ദശിച്ചിട്ടുണ്ട്. നഗരസഭ പരിധിയിലെ നഗരസഭയുടെ അധീനതയിലുള്ള റോഡുകളിൽ GI പോളുകൾ സ്ഥാപിച്ച് OFC വലിക്കുന്നതിനായി റിലയൻസ് ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡിന്റെ അപേക്ഷകൾ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 845 പോളുകൾക്ക് മരാമത്ത് വിഭാഗം മുനിസിപ്പൽ എൻജിനീയർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തിൽ 335381/- രൂപയും 2023-24 വർഷത്തെ വാടകയായി 352150/- രൂപയും കണക്കാക്കി ഇതിന്റെ 18% GST 123756/- രൂപ ഉൾപ്പെടെ ആകെ 811287/-രൂപ അടയ്ക്കുവാനും വാടക സംബന്ധിച്ച കരാർ ഹാജരാക്കുവാനും 07.11.2023 ന് ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന് മുനിസിപ്പൽ എഞ്ചിനീയർ കത്ത് നല്കിയിട്ടുണ്ട്. വാടക ഇനത്തിൽ ഈ തുക ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (40/01.02.2025) നല്കിയതിന് മറുപടി ലഭ്യമായില്ല എന്നുമാത്രമല്ല ഇത് വാർഷികകണക്കിൽ ഡിമാന്റ് ചെയ്തിട്ടുമില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2-4 ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുക തനതുഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല

മുനിസിപ്പാലിറ്റിയുടെ വരവ് പരിശോധിച്ചതിൽ ഡേബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയിൽ ലൈബ്രറി സെസ് ഒഴികെയുള്ള തുക IDBI A/c No-1432104000061056/INR Own Fund അക്കൌണ്ടിലേക്കും, ലൈബ്രറി സെസ് ഇനത്തിലെ തുക, IDBI A/c No-1432104000076030/INR(ലൈബ്രറി സെസ് അക്കൌണ്ട്)ലേക്കുമാണ് ഒടുക്ക് വരുത്തുന്നത്. എന്നാൽ 13.6.2023 ,14.6.2023, 15.6.2023 എന്നീ തീയതികളിലെ കളക്ഷൻ തുകയിൽ ലൈബ്രറി

സെസ് ഒഴികെയുള്ള തുക മേൽ സൂചിപ്പിച്ചിട്ടുള്ള തനതുഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റായിട്ടില്ല.

ക്രമ നം.	തീയതി	ഡേ ബുക്ക് പ്രകാരമുള്ള ആകെ തുക	ലൈബ്രറി സെസ് തുക	തനതുഫണ്ട് അക്കൌണ്ടിലേക്ക് ഒടുക്കേണ്ട തുക
1	13.6.2023	1,27,727	5,114	1,22,613
2	14.6.2023	95,635	3,165	92,470
3	15.6.2023	49,919	1,911	48,008
ആകെ				2,63,091

ഈ തുക മറ്റേതെങ്കിലും അക്കൌണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി നം. (52/04.02.2025) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. തുക ഒടുക്കു വരുത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 2,63,091/-രൂപ ടി കാലയളവിലെ അക്കൗണ്ടന്റിന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ് – അധികം തുക അനുവദിച്ച

നിർവ്വഹണഉദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ	
പ്രോജക്ടിന്റെ പേര്	പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	
പ്രോജക്ട് നം.	S0050/24	
ഫണ്ട്	വികസന ഫണ്ട് (എസ് സി പി)	
അടങ്കൽ	24,54,000/-	
ചെലവ്	20,95,000/-	
ബിൽ നം,തീയതി	19,55,000/-	191/06.02.24
	1,40,000/-	154/03.01.24

ജി.ഒ.(എം.എസ്.) നം.115/2022/തസ്വഭവ തീയതി 28.05.22 ഖ.7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് അനുവദനീയമാണ്. ആയത് പ്രകാരം ടി പദ്ധതിയിലുൾപ്പെടുത്തി ഐഎംഎസ്, കൊച്ചിൻ എന്ന സ്ഥാപനത്തിൽ Post Graduate Diploma In Hospital Administration എന്ന കോഴ്സിൽ പഠിക്കുന്ന കുട്ടിക്ക് 30,000/-രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖപ്രകാരം ബിരുദാനന്തരബിരുദം, ബിരുദാനന്തരബിരുദത്തിന് ശേഷമുള്ള ഗവേഷണം എന്നീ കോഴ്സുകളിലെ പഠിതാക്കൾക്കാണ് 30,000/- രൂപ സ്കോളർഷിപ്പിന് അർഹത. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഡിപ്ലോമ കോഴ്സിന് ബാധകമായ 20,000/- രൂപ സ്കോളർഷിപ്പിനാണ് അർഹത എന്നിരിക്കെ ബിരുദാനന്ത ബിരുദ കോഴ്സിന് അർഹമായ 30,000/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/03.02.2025) ലഭ്യമാക്കിയ മറുപടിയിൽ വിദ്യാർത്ഥി ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ "Post Graduate Diploma In Hospital Administration" എന്ന് രേഖപ്പെടുത്തിയതിനാലാണ് 30,000/-രൂപ അനുവദിച്ചതെന്നാണ് അറിയിച്ചത്. ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച അപാകത വിശദമാക്കി വ്യക്തമായ വിവരം ലഭ്യമാക്കാത്തതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

അധികം ചെലവഴിച്ച 10,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്. ഇ.ബി.	വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ -കെ.എസ്. ഇ.ബി.ക്ക് തുക നൽകൽ	32478537606/27.03.24	58,519/-	0	1,97,139/-
		245/15.03.24	1,38,620/-		

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	തൻവർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
പി.എം.എ.വൈ -ലൈഫ്	-	ഇല്ല	64,93,332	6,66,667	-	58,26,665

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	32,00,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	32,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	32,00,000 (ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ - Certificate No. 56/26.12.2016)

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-16	2015-16	4-12-1	കാർഷിക പദ്ധതി	പരാമർശം നിലനിൽക്കുന്നു.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

(ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ)	15,68,10,370
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രൂപ)	14,38,26,480
വരവിനങ്ങളിലുള്ള നഷ്ടം(രൂപ)	12,40,906
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ)	10,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ)	61,14,742

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1 (1-12)	56,938		ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
2-2 (1-11)	1,09,590		ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
2-3(1-15)	8,11,287		ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
2-4(1-10)	2,63,091		ശ്രീ.ജയരാജ് വി, അക്കൗണ്ടന്റ്
3- 1 (1-29)		10,000	ശ്രീ.ബിനോയ് ആർ, ഹെൽത്ത് സൂപ്പർവൈസർ
ആകെ	12,40,906	10,000	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-33	17,45,715	ശ്രീമതി മേഘ മേരി കോശി,

		സെക്രട്ടറി
1-35	23,78,880	ശ്രീ.ബിനോയ് ആർ, ഹെൽത്ത് സൂപ്പർവൈസർ
1-38	4,48,172	ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
1-40	5,00,000	ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
1-41	5,03,623	ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
1-43	1,02,468	ശ്രീ.സുരേഷ് ജി.എസ്, ഹെൽത്ത് സൂപ്പർവൈസർ
	51234	ശ്രീ.ബിനോയ് ആർ, ഹെൽത്ത് സൂപ്പർവൈസർ
1-46	284650	ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
1-48	100000	ശ്രീമതി ഷൈന സദാശിവൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
	61,14,742	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി	പ്രോഗ്രാം ഓഫീസർ (അർബൻ),തിരുവനന്തപുരം	TC 2/3394-3, വലിയ വീട്ടിൽ, KRA-68, കേദാരം നഗർ, ചാലക്കുഴി പി.ഒ., തിരുവനന്തപുരം-695004
ശ്രീ.സുരേഷ്.ജി.എസ്, ഹെൽത്ത് സൂപ്പർവൈസർ	ക്ലീൻസിറ്റി മാനേജർ കൊട്ടാരക്കര നഗരസഭ	സുരേഷ് ഭവനം, ഇളംകുളം, കല്ലുവാതുക്കൽ പി.ഒ., കൊല്ലം
ശ്രീ.ബിനോയ് ആർ, ഹെൽത്ത് സൂപ്പർവൈസർ	ക്ലീൻസിറ്റി മാനേജർ മാവേലിക്കര നഗരസഭ	കുളത്തിന്റെ തെക്കതിൽ, നടുവത്ത് ചേരി, ചവറസൌത്ത്,

		കൊല്ലം
ശ്രീമതി ഷൈന സദാശിവൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മാവേലിക്കര നഗരസഭ	കളീക്കൽ, മുട്ടം പി.ഒ., ഹരിപ്പാട്
ശ്രീ.ജയരാജ് വി, അക്കൗണ്ടന്റ്	സീനിയർ ക്ലർക്ക്, മാന്നാർ ഗ്രാമ പഞ്ചായത്ത്	ദർശന, ഈഴക്കടവ്, ചെറുകോൽ പി.ഒ., മാവേലിക്കര

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.എ.4-936/00/17.03.2001
1998-99	എൽ.എഫ്.എ.4-937/00/17.03.2001
1999-2000	എൽ.എഫ്.എ.4-218/02/18.08.2002
96-97 (ഫൈനൽ)	എൽ.എഫ്.എ.4-1031/03/15.12.2003
97-98(ഫൈനൽ)	എൽ.എഫ്.എ.4-1163/02/14.01.2003
98-99(ഫൈനൽ)	എൽ.എഫ്.എ.4-532/05/07.10.2005
2000-01	എൽ.എഫ്.എ.4-673/05/09.11.2005
2001-02 ചെലവ്	എൽ.എഫ്.എ.4-938/05/05.05.2006
99-2000(ഫൈനൽ)	എൽ.എഫ്.എ.4-939/05/05.05.2006
2000-01(ഫൈനൽ)	എൽ.എഫ്.എ.4-821/07/12.08.2007
2001-02(ഫൈനൽ)	എൽ.എഫ്.എ.4-822/07/31.10.2007
2002-03 (വരവ് -ചെലവ്)	എൽ.എഫ്.എ.4-823/07/31.10.2007/ 06.07.2008
2003-04	എൽ.എഫ്.എ.4-813/08/28.01.2009/ 22.04.2009
2004-05	എൽ.എഫ്.എ.4-814/08/21.08.2009/ 22.04.2009
2005-06	എൽ.എഫ്.എ.4-834/08/21.08.2009/ 22.04.2009
2006-07	എൽ.എഫ്.എ.4-837/08/21.08.2009/ 11.08.2009
2007-08	എൽ.എഫ്.എ.4-838/08/10.06.2009/ 01.10.2009
2008-09	എൽ.എഫ്.എ.എം.1-500/12/ 06.12.2012
2009-10 (ചെലവ്)	എൽ.എഫ്.എ.എം.1-561/12/06.12.2012/ 14.12.2012
2009-10 (വരവ്), 2010-11, 2011-12 & 2012-13	എൽ.എഫ്.എ.എം.1-1991/2014/ 27.02.2015/ 01.05.2015
2013-14	എൽ.എഫ്.എ.എം-1-1094/15/ 4.8.2015/ 31.08.2015
2014-15	കെ.എസ്.എ-എ.എൽ.പി./എം.1/ 559/2016/ 6.06.2016
2015-16	കെ.എസ്.എ-എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/15.03.17
2016-17	കെ.എസ്.എ-എ.എൽ.പി./ജി.എ5/ 1128/17 തീയതി 20.9.2017

2017-18	കെ.എസ്.എ-എ.എൽ.പി./ജി.എ5/138/19 തീയതി 08.04.2019	
2018-19	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 03.06.20	405/2020/
2019-20	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 21.04.22	142/2022/
2020-21	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 15.07.22	143/2022/
2021-22	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 17.04.23	343/2023/
2022-23	കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 18/03/2024	74/2024/

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 16-08-2024 and submitted on 16-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Mavelikkara Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mavelikkara Municipality as on 31-03-2024

Date: 27/03/2025

Senior Deputy Director
District Office Alappuzha
Kerala State Audit Department

Audit Report appended to the Audit Certificate of Mavelikkara Municipality for the Year 2023-2024 .

1.Major Observations

1)The financial statements for the year ended on 31.03.2024 are subject to uncertainity to some extent, particularly regarding the position of assets and liabilities, due to the integration challenges encountered during the transition from Sankya to K-Smart application. Additionally, there have been issues related to porting data from K-Smart to Sankhya for the preparation of the annual financial statements on 31.03.2024.This non adaptability issues related to porting of data from K-Smart to sankya and viceversa are detailed in the audit report as separate paragraphs.

2) Street tap water charge arrear of Rs 5.67 crore is not included as liability in Balance Sheet on 31.3.24. Since the total liability in AFS is not representing the actual liability of the institution.

3) Rent of telecommunication poles of Rs. 8.11 lakh is not included in Income & Expenditure Statement, so the arrear is not reflected in Receivables of Balance Sheet on 31.3.24.

2.Other Observations

1) Depreciation of Vehicle, Plant and Mechinery are not accounted in 2023-24, So the total Asset value is inceased than actual value.

2) No documents is produced to explain the value of Rs 1.099 crore accounted as Prior period income (other income) in Income and Expenditure Statement (Shedule I 18)

3) Advance register and Depposit register are not updated. So the concerned entries in Balance Sheet (Shedule B 18 and B7) cannot be verified.

4) Asset Register is not Updated, So the value of Fixed assets can not be ascertained.

5) The statements like Ratios are not attached with AFS.

6) Amount of Rs 7.369 crore is accounted as Other receivables in Balance Sheat (Shedule B 15), but no register or documents is produced to verify the accuracy of the amount.

7) Income and Expenditure related to Social security pensions and schemes (Transferred) other than Widow pension is not included in AFS (I&E statement)

8) Demand Collection Balance Statements of different tax and nontax revenue items are not posted in register, So the accuracy of cocerned items cannot be verified.

9) The Source of Other Payables of Rs 2.293 crore is not revealed. Accuracy of the item cannot be verified due to lack of register or supporting documents.

10) Income. Expenditure, Closing balance of CFC grant in AFS are not matching with ACR

Senior Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്